MEMBER NEWS PAPERS ASSOCIATION OF INDIA
സ്ഥാപിതം 1978

പുസ്തകം 47
ലക്കം 02
പേജ് 8
വില 5 രൂപ

# കൊച്ചിൻ നാദം

Kochi & Trivandrum Edition
RNI No. 29639/78
cochinnadam@gmail.com, cochinnadam@yahoo.com
COCHIN NADAM Malayalam News Paper, Published from Ernakulam, Kochi-17
20th February, 2025




HIGHLIGHTING ON CULTURAL, POLITICS, HEALTH, COMMERCE, TOURISM & INDUSTRIES



## മാർപാപ്പയുടെ ആരോഗ്യ നിലയിൽ നേരിയ പുരോഗതി

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് വത്തിക്കാൻ.

88കാരനായ മാർപാപ്പ കഴിഞ്ഞ ഒരാഴ്ചയായി ശ്വാസകോശ അണുബാധയെ തുടർന്ന് ചികിത്സയിലാണ്. റോമിലെ ജെമെല്ലി ആശുപത്രിയില് കഴിയുകയാണ് മാർപാപ്പ. പോളി മൈക്രോബിയൽ അണുബാധയുണ്ടെന്നായിരുന്നു നേരത്തെ കണ്ടെത്തിയിരുന്നത്.

ആരോഗ്യാവസ്ഥ തൃപ്തികരമല്ലെങ്കിലും അദ്ദേഹം സന്തോഷവാനാണെന്നും വത്തിക്കാൻ അറിയിച്ചു. വി. കുർബാന സ്വീകരിച്ച മാർപാപ്പ പ്രാർഥനയിലും വായനയിലുമായാണ് സമയം ചെലവഴിക്കുന്നത്.

എല്ലാവരുടെയും പിന്തുണയ്ക്ക് മാർപാപ്പ നന്ദി അറിയിച്ചതായും തുടർന്നും അദ്ദേഹത്തിന് വേണ്ടിയുള്ള പ്രാർഥന തുടരണമെന്നും വത്തിക്കാൻ അറിയിച്ചു.

## എൻ.എസ്.കെ.ഉമേഷ് മികച്ച കളക്ടർ, സബ് കളക്ടർ കെ. മീര

കൊച്ചി: സംസ്ഥാന റവന്യു പുരസ്കാര പ്രഖ്യാപനത്തിൽ നേട്ടംകൊയ്ത് എറണാകുളം ജില്ല.

മികച്ച കളക്ടറായി എൻ.എസ്.കെ ഉമേഷിനെയും മികച്ച സബ് കളക്ടറായി ഫോർട്ടുകൊച്ചി സബ്കളക്ടർ കെ.മീരയെയും തിരഞ്ഞെടുത്തു. സംസ്ഥാനത്തെ മികച്ച റവന്യു റിക്കവറി ഡെപ്യൂട്ടി കളക്ടറായി വി.ഇ.അബ്ബാസും മികച്ച തഹസിൽദാരായി കൊച്ചി തഹസിൽദാർ എസ്.ശ്രീജിത്തും തിരഞ്ഞെടുക്കപ്പെട്ടു.

സംസ്ഥാനത്തെ മികച്ച ആർഡിഒ ഓഫീസായി ഫോർട്ടുകൊച്ചിയെ തിരഞ്ഞെടുത്തപ്പോൾ മികച്ച പ്രവർത്തനം കാഴ്ചവച്ച ഓഫീസായി തൃക്കാക്കര അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് നേട്ടം കൊയ്തു. മൂവാറ്റുപുഴ താലൂക്കിലെ വാളകം വില്ലേജാണ് ജില്ലയിലെ മികച്ച വില്ലേജ് ഓഫീസ്. മാറാടി വില്ലേജ് ഓഫീസർ സൈജു ജോർജാണ് ജില്ലയിലെ മികച്ച വില്ലേജ് ഓഫീസർ. തൃക്കാക്കര അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ എ.അർജുനെ മികച്ച സർവേയറായും തൃപ്പൂണിത്തുറ റീസർവേ സൂപ്രണ്ട് നീതുമോഹനെ മികച്ച കോൺട്രാക്ട് സർവേയറായും തിരഞ്ഞെടുത്തു.


എൻ.എസ്.കെ ഉമേഷ്


കെ.മീര

## തീറ്റയെടുത്തത് ശുഭസൂചന; പ്രതീക്ഷയോടെ നാട്



കോടനാട്: അതിരപ്പിള്ളിയിൽനിന്ന് കോടനാട്ടെ അഭയാരണ്യത്തിൽ എത്തിച്ച മസ്തിഷ്കത്തിൽ പരിക്കേറ്റ കാട്ടാന മടങ്ങിവരാനുള്ള സാധ്യത വിരളം. ആരോഗ്യസ്ഥിതി ആദ്യനിലയിൽ തന്നെ തുടരുമ്പോൾ ആശങ്കകൾ ഉണ്ടെങ്കിലും ആന തീറ്റയെടുത്ത് തുടങ്ങിയിട്ടുണ്ട്. അത് ശുഭസൂചനയായാണ് കണക്കാക്കപ്പെടുന്നത്.

ഒരടിയോളം ആഴത്തിലുള്ളതാണ് ആനയുടെ തലയിൽ കണ്ടെത്തിയ മുറിവ്. ആന ആരോഗ്യവാനായാൽ മാത്രമേ ദൗത്യം വിജയകരമാകൂ.

ഡോ. അരുൺ സക്കറിയ ഇന്ന് വീണ്ടും ആനയുടെ ആരോഗ്യനില വിലയിരുത്തും. ഒന്നരമാസത്തോളം തുടർച്ചയായി ചികിത്സ നൽകേണ്ടിവരും. പ്രത്യേക മെഡിക്കൽ സംഘം ആനയ്ക്ക് നൽകേണ്ട ചികിത്സയെക്കുറിച്ച് മാർഗരേഖയുണ്ടാക്കും. ആദ്യം ആനയ്ക്ക് നൽകിയ ചികിത്സ ഫലം കണ്ടിരുന്നു. സ്ഥലത്തുവച്ച് തന്നെ ചികിത്സ നൽകാനായി.

ഇലകളും പുല്ലും കഴിച്ച ആന തീറ്റയെടുക്കാൻ തുടങ്ങിയിട്ടുണ്ട്. പ്രത്യേകം തയ്യാറാക്കിയ കൂട്ടിൽ കൊമ്പൻ ശാന്തനായി തുടരുകയാണെന്നും വനംവകുപ്പ് അറിയിച്ചു.

കാട്ടാനകളുമായുള്ള ഏറ്റുമുട്ടലിലാണ് കൊമ്പന് പരിക്കേറ്റതെന്നാണ് നിഗമനം.



## രേഖ ഗുപ്ത ഡൽഹി മുഖ്യമന്ത്രി

ന്യൂഡൽഹി: മഹിളാമോർച്ച ദേശീയ വൈസ് പ്രസിഡന്റ് രേഖ ഗുപ്ത ഡൽഹി മുഖ്യമന്ത്രി. ഡൽഹിയുടെ ഒൻപതാമത്തെ മുഖ്യമന്ത്രിയും നാലാമത്തെ വനിതാ മുഖ്യമന്ത്രിയുമാണ് രേഖ ഗുപ്ത. ഫലം പുറത്തുവന്ന് 11 ദിവസത്തിനുശേഷമാണ് ബിജെപി മുഖ്യമന്ത്രിയെ പ്രഖ്യാപിച്ചത്. രാവിലെ 11നാണ് സത്യപ്രതിജ്ഞാചടങ്ങ്.

ഷാലിമാർ ബാഗ് മണ്ഡലത്തിൽനിന്നാണ് രേഖ ഗുപ്ത തെരഞ്ഞെടുക്കപ്പെട്ടത്.

പർവേശ് വർമയാണ് ഉപമുഖ്യമന്ത്രി. വിജേന്ദ്ര ഗുപ്ത സ്പീക്കറാകും.

## സ്വർണ്ണം കുതിക്കുന്നു; വിവാഹവിപണിയിൽ ആശങ്ക

തിരുവനന്തപുരം; സംസ്ഥാനത്ത് സ്വർണവിലയിൽ വീണ്ടും കുതിപ്പ്. റെക്കോർഡ് നിരക്കിനടുത്താണ് സ്വർണ വ്യാപാരം നടക്കുന്നത്. ഇന്ന് മാത്രം പവന് 520 രൂപയാണ് കൂടിയത്. പവന് 64280 രൂപയാണ് വിപണി നിരക്ക്.

വില വർധന സ്വർണാഭരണ ഉപഭോക്താക്കൾക്കിടയിൽ ആശങ്ക ഉണ്ടാക്കുന്നുണ്ട്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നികുതി നയങ്ങൾ ആഗോള വ്യാപാര യുദ്ധത്തിലേക്ക് വഴിവയ്ക്കുമെന്ന് ആശങ്ക ഉണ്ടായതോടെ സ്വർണ നിക്ഷേപം ഉയരുകയും വിപണിയിൽ സ്വർണവില കൂടുകയും ചെയ്തിരുന്നു.

## പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളം വർധിപ്പിച്ചു

തിരുവനന്തപുരം: പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും വർധിപ്പിച്ചു. മന്ത്രിസഭാ യോഗത്തിലാണ് ഇതുസംബന്ധിച്ച തീരുമാനമുണ്ടായത്.

പിഎസ്സി ചെയർമാന് ജില്ലാ ജഡ്ജിമാരുടെ സൂപ്പർ ടൈം സ്കെയിലിലെ പരമാവധി തുകയ്ക്ക് തുല്യവും അംഗങ്ങൾക്കുള്ള ശമ്പളം ജില്ലാ ജഡ്ജിമാരുടെ സെലക്ഷൻ ഗ്രേഡ് സ്കെയിലിലെ പരമാവധി തുകയ്ക്ക് തുല്യവുമാക്കിയുള്ള വർധനവിനാണ് മന്ത്രിസഭാ യോഗം അനുമതി നൽകിയത്.

മറ്റു സംസ്ഥാനങ്ങളിലെ പിഎസ്സി ചെയർമാന്റെയും അംഗങ്ങളുടെയും വേതനവ്യവസ്ഥകൾ പരിഗണിച്ചാണ് വർധന വരുത്തിയത്. മുൻപ് രണ്ടുതവണ ശമ്പള വർധന വേണമെന്ന പിഎസ്സി ബോർഡിന്റെ ശുപാർശ സർക്കാർ മാറ്റിവച്ചിരുന്നു.

# പിന്നോട്ടില്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമ്മാണശാല സ്ഥാപിക്കാനുള്ള തീരുമാനത്തിന് എൽഡിഎഫ് യോഗം അംഗീകാരം.

പദ്ധതിയുമായി മുന്നോട്ടുപോകുമെന്ന് മുഖ്യമന്ത്രി നിലപാടെടുത്തു. പദ്ധതിയിൽ ആശങ്ക വേണ്ടെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദനും വ്യക്തമാക്കി.

സിപിഐയും ആർജെഡിയും എതിർപ്പറിയിച്ചു. ശക്തമായ എതിർപ്പാണ് യോഗത്തിൽ സിപിഐയും ആർജെഡിയും ഉയർത്തിയത്. എന്നാൽ സർക്കാർ തീരുമാനിച്ച് കഴിഞ്ഞെന്ന് മുഖ്യമന്ത്രി പറഞ്ഞു. കുടിവെള്ളം അടക്കം ഉന്നയിക്കുന്ന പ്രശ്നങ്ങളിലൊന്നും ആശങ്ക വേണ്ട. മറ്റെന്തെങ്കിലും ആശങ്കകൾ ഉണ്ടെങ്കിൽ പരിഹരിക്കാമെന്നും മുഖ്യമന്ത്രി പറഞ്ഞു.



എലപ്പുള്ളി എന്ന സ്ഥലമാണ് പ്രശ്നമെന്ന് യോഗത്തിൽ സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം നിലപാടെടുത്തു. എലപ്പുള്ളിയിൽനിന്ന് മാറി മറ്റൊരു സ്ഥലം പരിഗണിച്ചൂടേയെന്നും അദ്ദേഹം ചോദിച്ചു. എന്നാൽ കുടിവെള്ളത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്ന് യോഗത്തിൽ എം.വി.ഗോവിന്ദനും നിലപാടെടുത്തു.

## ഡാറ്റ തരൂ, മാറ്റി എഴുതാം: ശശി തരൂർ



ന്യൂഡൽഹി; താൻ കേരളത്തിനുവേണ്ടി മാത്രമാണ് എഴുതുന്നതും സംസാരിക്കുന്നതുമെന്ന് ശശി തരൂർ എം പി. വേറെ ആർക്കും വേണ്ടിയല്ല എഴുതുന്നത്.

രാഹുൽഗാന്ധിയുമായുള്ള കൂടിക്കാഴ്ചയിൽ മറ്റാരും ഉണ്ടായിരുന്നില്ല. ഏറെ നാളത്തെ ആവശ്യപ്രകാരമാണ് കൂടിക്കാഴ്ച. യാതൊരു പ്രശ്നവും ഇപ്പോഴില്ലെന്നും ശശി തരൂർ പറഞ്ഞു.

എടുത്ത ഡാറ്റയുടെ ഉറവിടം ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. രേഖകളുടെ അടിസ്ഥാനത്തിലാണ് ലേഖനം എഴുതിയിട്ടുള്ളത്. വേറെ സോഴ്സസിൽനിന്നും വേറെ ഡാറ്റ ഉണ്ടെങ്കിൽ അത് കാണാനും തയ്യാറാണ്.

ഗ്ലോബൽ ഇക്കോസിസ്റ്റം എന്നത് അന്താരാഷ്ട്ര രേഖയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് റാങ്കിങ് കേന്ദ്രസർക്കാരിന്റേതാണ്-തരൂർ പറഞ്ഞു.







സ്പെഷ്യൽ വാർത്തകൾ വിശേഷങ്ങൾ

### ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി

## യു–സ്ഫിയർ ആരംഭിക്കുന്നു

ലക്ഷ്യമിടുന്നത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 2,000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളും 1,000 പുതിയ തൊഴിലവസരങ്ങളും.

യു–സ്ഫിയർ വഴി സാമൂഹിക ഉന്നമനത്തിനായുള്ള സഹകരണ ദൗത്യം മുന്നോട്ട് കൊണ്ടു പോകുന്നതിനായി കർണാടകയിലേക്കും തമിഴ്നാട്ടിലേക്കും പ്രവർത്തനം വ്യാപിപ്പിക്കും.

## സ്മാർട്ട് നിർമ്മാണത്തിന്റെ പുതുയുഗപ്പിറവി

# 100–ാം വാർഷിക നിറവിൽ യുഎൽസിസിഎസ്

കൊച്ചി: ഏഷ്യയിലെ ഏറ്റവും വലിയ ലേബർ കോ-ഓപ്പറേറ്റീവും ലോകത്തിലെ രണ്ടാമത്തെ വലിയ ലേബർ കോൺട്രാക്റ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യുഎൽസിസിഎസ്).

പരമ്പരാഗത നിർമ്മാണത്തേക്കാൾ വേഗതയേറിയതും ഘടകഭാഗങ്ങൾ മുൻകൂട്ടി നിർമ്മിച്ച് കൃത്യതയോടെ യോജിപ്പിക്കുന്ന രീതിയിലുള്ള നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമായ അത്യാധുനിക, ഹൈടെക്, പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണ സംരംഭമായ യു-സ്ഫിയറിന് തുടക്കംകുറിച്ചു.

യുഎൽസിസിഎസ് 100-ാം വാർഷികം ആഘോഷിക്കുന്ന അവസരത്തിലാണ് പുതിയ സംരംഭം ആരംഭിക്കുന്നത്. നൂതന മോഡുലാർ, സുസ്ഥിര നിർമ്മാണ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി, അടുത്ത തലമുറ അടിസ്ഥാന സൗകര്യ വികസനത്തിൽ ഊരാളുങ്കൽ സൊസൈറ്റിയെ മുൻനിരയിലെത്തിക്കുവാൻ പര്യാപ്തമായതാണ് പുതിയ സംരംഭം.

കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിലൂടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 1,000 ജീവനക്കാരെ നിയമിക്കാൻ യു-സ്ഫിയർ പദ്ധതിയിടുന്നു.

പൊതു അടിസ്ഥാന സൗകര്യങ്ങൾ, വാണിജ്യം, വ്യവസായം എന്നീ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങളിലൂടെ 2,000 കോടി രൂപയാണ് ലക്ഷ്യമിടുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും സാമ്പത്തിക പ്രവർത്തനങ്ങളിലൂടെയും സമൂഹത്തിന്റെ ഉന്നമനത്തിന് പ്രതിജ്ഞാബദ്ധമായ യുഎൽസിസിഎസിന്റെ വിജയകരമായ കേരള മോഡൽ യു-സ്ഫിയറിലൂടെ ആവർത്തിക്കാനാണ് ശ്രമിക്കുന്നത്. സ്മാർട്ട് ഇൻഫ്രാസ്ട്രക്ചറിലെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നിർമ്മാണ വേഗത മെച്ചപ്പെടുത്തുന്നതിനും വിഭവ വിനിയോഗം ഫലപ്രദമാക്കുന്നതിനും എഐ അധിഷ്ഠിത അനലിറ്റിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ്-അധിഷ്ഠിത മോണിറ്ററിംഗ്, ഡിജിറ്റൽ പ്രോജക്റ്റ് മാനേജ്മെന്റ് എന്നിവ യു-സ്ഫിയർ സംയോജിപ്പിക്കും.




ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പുതിയ ഹൈടെക്, പരിസ്ഥിതി സൗഹൃദ കെട്ടിട നിർമ്മാണ സംരംഭമായ യു-സ്ഫിയറിന്റെ ബ്രാൻഡ് ഐഡന്റിറ്റി യുഎൽസിസിഎസ് ചെയർമാൻ രമേശൻ പാലേരി അനാവരണം ചെയ്യുന്നു. യുഎൽസിസിഎസ് അസിസ്റ്റന്റ് ജനറൽ മാനേജർ ഫാരിസ് എ.റസാഖ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അരുൺ ബാബു, മാനേജിങ് ഡയറക്ടർ ഷാജു എസ്. എന്നിവർ സമീപം

റോഡുകളും പാലങ്ങളും ബിൽഡിംഗുകളും മുതൽ ഐടി പാർക്കുകൾ വരെയുള്ള 8,000-ത്തിലധികം പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ട് ഒരു നൂറ്റാണ്ടിലേറെയായി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ മുൻനിരയിലുണ്ടെന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും ജീവിതം മെച്ചപ്പെടുത്തുന്നതിലൂടെയും സാമ്പത്തിക സ്വാധീനം സൃഷ്ടിക്കുന്ന ഞങ്ങളുടെ ദൗത്യം മാറ്റമില്ലാതെ തുടരുമെന്നും യുഎൽസിസിഎസ് ചെയർമാൻ രമേശൻ പാലേരി പറഞ്ഞു.

യു-സ്ഫിയറിലൂടെ സ്മാർട്ട്, സുസ്ഥിര, ഹൈടെക് നിർമ്മാണത്തിന്റെ പുതിയ യുഗത്തിലേക്ക് ഞങ്ങൾ ഊരാളുങ്കലിന്റെ പാരമ്പര്യത്തെ എത്തിക്കുകയാണ്. വേഗത, പുതുമ, പരിസ്ഥിതി-സാമൂഹിക-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിലൂടെ, ഈ വ്യവസായത്തിന്റെ ഭാവി പുനർനിർവചിക്കാൻ ഞങ്ങൾ ഒരുങ്ങുന്നു.

പരിസ്ഥിതി ആഘാതം കുറയ്ക്കുന്ന ഊർജ്ജക്ഷമതയുള്ള ഡിസൈനുകളും സുസ്ഥിര നിർമ്മാണ മാർഗങ്ങളും സ്വീകരിക്കുന്നതിലായിരിക്കും യു-സ്ഫിയർ ശ്രദ്ധിക്കുക. ഓരോ ഘട്ടത്തിലും വളർന്ന് വരുന്ന സാങ്കേതിക വിദ്യകളുമായി ചേർന്ന് പോകാൻ തൊഴിലാളികളുടെ വൈദഗ്ധ്യം മെച്ചപ്പെടുത്താനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. കൂടാതെ, ഞങ്ങളുടെ നിർമ്മാണ ശേഷികൾ തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനായി പ്രമുഖ സാങ്കേതിക സ്ഥാപനങ്ങളും വ്യവസായ വിദഗ്ധരും ഉൾപ്പെടെയുള്ള പങ്കാളികളുമായി സഹകരിക്കും. നിർമ്മാണ മേഖലയിലെ ഒരു സമ്പൂർണ്ണ സേവന ദാതാവായി യു-സ്ഫിയറിനെ മാറ്റിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങളെ കൂടുതൽ മികച്ചതും വേഗതയേറിയതും സുസ്ഥിരവും ഉയർന്ന അതിജീവനശേഷിയുള്ളതുമാക്കി മാറ്റുന്നതിനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി സൗഹൃദ സാമഗ്രികൾ, പുനരുപയോഗിക്കാവുന്ന ഊർജ്ജം, ജലസംരക്ഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ സുസ്ഥിരതയാണ് യു-സ്ഫിയറിനെ നയിക്കുന്നത്. ഊർജ്ജക്ഷമതയുള്ള രൂപകൽപനകൾ സ്വീകരിച്ചും പുനരുപയോഗിക്കാവുന്ന വസ്തുക്കളിലും സ്മാർട്ട് എനർജി സിസ്റ്റങ്ങളിലും നിക്ഷേപിച്ചും അടുത്ത ദശകത്തിൽ പ്രവർത്തനച്ചെലവ് കുറയ്ക്കുന്നതിനൊപ്പം കാർബൺ പുറന്തള്ളൽ 30 ശതമാനത്തിലധികം കുറയ്ക്കാനും ലക്ഷ്യമിടുന്നു.

ഉത്തരവാദിത്തമുള്ള നിർമ്മാണത്തോടുള്ള യുഎൽസിസിഎസിന്റെ പ്രതിബദ്ധത ശക്തിപ്പെടുത്തുന്നതിനായി സുസ്ഥിരതയും ഹരിത നിർമ്മാണ രീതികളും ഓരോ ഘട്ടത്തിലും ഉൾപ്പെടുത്തും. യുഎൽസിസിഎസ് മികവിന്റെ 100 വർഷങ്ങൾ ആഘോഷിക്കുമ്പോൾ, ഇന്ത്യയിലുടനീളമുള്ള നിർമ്മാണത്തെ പുനർനിർവചിക്കുന്നതിനുള്ള നൂതനാശയങ്ങൾ, സുസ്ഥിരത, വിപുലീകരണം എന്നിവ സമന്വയിപ്പിച്ചുകൊണ്ട് യു-സ്ഫിയർ ഭാവിയെക്കുറിച്ചുള്ള അതിന്റെ കാഴ്ചപ്പാടിന്റെ സൂചനയായി നിലകൊള്ളും.



നിർമ്മാണം പൂർത്തിയാക്കിയ മൂന്നു റോഡുകൾ നാടിന് സമർപ്പിക്കുന്നതിനായി ആംഗ്ലോ ഇൻഡ്യൻ സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങ് ടി.ജെ.വിനോദ് എംഎൽഎ ഭദ്രദീപംകൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. റോഡുകളുടെ ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ ഓൺലൈനിലൂടെ നിർവഹിച്ചു.

### ബിഎംബിസി നിലവാരത്തിൽ പൂർത്തിയാക്കിയ

## റോഡുകൾ നാടിന് സമർപ്പിച്ചു

കൊച്ചി: എറണാകുളം നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം ഒരു കോടി 36 ലക്ഷം രൂപ ചെലവഴിച്ച് ബിഎംബിസി നിലവാരത്തിൽ നിർമ്മാണം പൂർത്തിയാക്കിയ മൂന്നു റോഡുകൾ നാടിന് സമർപ്പിച്ചു.

ഇതിന്റെ ഉദ്ഘാടനം ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ ഓൺലൈനിലൂടെ നിർവഹിച്ചു.

എറണാകുളം നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മാണം പൂർത്തിയാക്കിയ കൊച്ചി കോർപ്പറേഷനിൽ ഉൾപ്പെട്ട കർഷക റോഡ്, ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 30 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മാണം അംബേദ്ക്കർ റോഡ്, 56.30 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മാണം പൂർത്തിയാക്കിയ ചർച്ച് റോഡും അനുബന്ധ റോഡുകളും ഉൾപ്പടെയുള്ളവയാണ് ഉദ്ഘാടനം ചെയ്തു.

ടി.ജെ.വിനോദ് എംഎൽഎയുടെ അധ്യക്ഷതയിൽ വടുതല ആംഗ്ലോ ഇൻഡ്യൻ സ്കൂളിൽ നടന്ന ചടങ്ങിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേഷ്, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനിൽ, ബ്ലോക്ക് മെമ്പർമാരായ രാജു അഴിക്കകത്ത്, സ്മിത സ്റ്റാൻലി, ഡിവിഷൻ കൗൺസിലർമാരായ മിന്നാ വിവേര, ഹെൻറി ഓസ്റ്റിൻ, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ സ്റ്റാൻസ്ലാവോസ്, വാർഡ് മെമ്പർമാരായ ടി.ആർ.ഭരതൻ, മരിയ ലിലി, ഹാർബർ എഞ്ചിനീറിങ്ങ് അസിസ്റ്റന്റ് എഞ്ചിനീയർ നീനു പി.എൻ തുടങ്ങിയവർ പ്രസംഗിച്ചു.

## 6.90 കോടിയുടെ സംരംഭക വായ്പകൾ ലഭ്യമാക്കി നോർക്ക കാനറാ ബാങ്ക് പ്രവാസി ബിസിനസ് ലോൺ ക്യാമ്പ്

തൃശ്ശൂർ പാലക്കാട് ജില്ലകളിലെ പ്രവാസിസംരംഭകർക്കായി നോർക്ക റൂട്ട്സും കാനറാ ബാങ്കും സംയുക്തമായി സംഘടിപ്പിച്ച ബിസിനസ് ലോൺ ക്യാമ്പിൽ 6.90 കോടി രൂപയുടെ സംരംഭക വായ്പകൾക്ക് ശുപാർശ.

തൃശ്ശൂർ കേരളാ ബാങ്ക് ഹാളിൽ സംഘടിപ്പിച്ച ക്യാമ്പിൽ 108 പ്രവാസിസംരംഭകരാണ് പങ്കെടുക്കാനെത്തിയത്. ഇവരിൽ 63 പേരുടെ പദ്ധതികൾക്ക് കാനറാ ബാങ്ക് വഴിയും 07 പേർക്ക് മറ്റു ബാങ്കുകൾ മുഖേനയുമാണ് നോർക്ക വഴി വായ്പയ്ക്ക് ശിപാർശ നൽകിയത്.

18 പേരുടെ അപേക്ഷ പുന:പരിശോധനയ്ക്കുശേഷം പരിഗണിക്കും. 7 സംരംഭകരുടെ പദ്ധതി പുന:പരിശോധനയ്ക്കു വിട്ടു.

നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻഡിപിആർഇഎം പദ്ധതി പ്രകാരമായിരുന്നു ക്യാമ്പ്.

രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലിചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസി കേരളീയർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും സഹായിക്കുന്നതാണ് പദ്ധതി.

## യുഡിഎഫ് കാലത്ത് 300, എൽഡിഎഫ് ഭരണത്തിൽ 6200; സ്റ്റാർട്ടപ്പ് കണക്കുമായി മുഖ്യമന്ത്രിയുടെ ഓഫീസ്

തിരുവനന്തപുരം: തരൂരിന്റെ ലേഖന വിവാദത്തിൽ യുഡിഎഫിൽ വിമർശനം തുടരുന്നതിനിടെ സ്റ്റാർട്ട് അപ്പ് കണക്കുകൾ നിരത്തി മുഖ്യമന്ത്രിയുടെ ഓഫീസ്.

യുഡിഎഫ് സർക്കാരിന്റെ കാലത്ത് 300 സ്റ്റാർട്ട് അപ്പുകൾ മാത്രമാണുണ്ടായിരുന്നത്. എൽഡിഎഫ് ഭരണത്തിൽ 8 വർഷംകൊണ്ട് 6200 ആയി വർധിച്ചു. 5800 കോടിയുടെ നിക്ഷേപമുണ്ടായി. 2026 ഓടെ 15,000 സ്റ്റാർട്ട് അപ്പുകളാണ് ലക്ഷ്യമെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് പറയുന്നു.

# ഇൻവെസ്റ്റ് കേരള സമ്മിറ്റിലേക്ക് യുഡിഎഫും

തിരുവനന്തപുരം: സംസ്ഥാന സർക്കാർ നടത്തുന്ന ഇൻവെസ്റ്റ് കേരള സമ്മിറ്റിൽ പങ്കെടുക്കാനുള്ള യുഡിഎഫ് തീരുമാനം 'തരൂർ ഇഫക്ടിൽ'. സ്റ്റാർട്ടപ്പുകളിൽ കേരളമുണ്ടാക്കിയ മുന്നേറ്റം ശശി തരൂർ എംപി ലേഖനത്തിലൂടെ ചർച്ചയാക്കിയത് പ്രതിപക്ഷത്തിന് തലവേദനയായിരുന്നു. കോൺഗ്രസ് പ്രവർത്തക സമിതി അംഗത്തിന്റെ നിലപാട് പിണറായി സർക്കാരും ഉയർത്തിക്കാട്ടി.

കോൺഗ്രസിൽനിന്ന് എതിർപ്പുയർന്നതിനു പിന്നാലെ വികസന കാര്യത്തിൽ രാഷ്ട്രീയം പാടില്ലെന്ന് തരൂർ നിലപാടെടുത്തു. ഇതിന് പൊതുസമ്മതി കിട്ടുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇൻവെസ്റ്റ് കേരളാ മീറ്റിൽ നിന്നു മാറിനിൽക്കുന്നത് തിരിച്ചടിയാകുമെന്നും യുഡിഎഫ് വിലയിരുത്തി. സമ്മിറ്റിൽ സജീവമായി പങ്കെടുത്ത് അതിന്റെ നേട്ടം പ്രതിപക്ഷത്തിന്റേതു കൂടെയാക്കാനാണ് നീക്കം.

2026ൽ അധികാരം പിടിച്ചാലും സമ്മിറ്റ് തീരുമാനങ്ങളോട് ധാർമികത പുലർത്തുമെന്ന സന്ദേശം കൂടിയാണ് യുഡിഎഫ് ഇതിലൂടെ നൽകുന്നത്. സർക്കാരിന്റെ സമ്മിറ്റിൽ പ്രതിപക്ഷ നേതാവ് വി.ഡി.സതീശനും പ്രതിപക്ഷ ഉപനേതാവ് പി.കെ.കുഞ്ഞാലിക്കുട്ടിയും പങ്കെടുക്കും.

നൂതന സാങ്കേതികവിദ്യകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയ വ്യവസായങ്ങളെ കേരളത്തിലേക്ക് കൊണ്ടുവരിക എന്നതാണ് കൊച്ചിയിൽ നടക്കുന്ന സമ്മിറ്റിന്റെ ലക്ഷ്യം. എന്നാൽ തരൂരുമായി ബന്ധപ്പെട്ടുള്ള വിവാദങ്ങൾക്കിടെ, സമ്മിറ്റിൽ പ്രതിപക്ഷം പങ്കെടുക്കുമോ എന്നത് പ്രധാന ചോദ്യമായി ഉയരുകയായിരുന്നു.

സതീശനും കുഞ്ഞാലിക്കുട്ടിക്കും സർക്കാരിന്റെ ഔദ്യോഗിക ക്ഷണവും ഉണ്ടായിരുന്നു. കേരളത്തിൽ വികസനം സാധ്യമാക്കിയത് യുഡിഎഫ് സർക്കാരുകളാണെന്ന് കുഞ്ഞാലിക്കുട്ടി വിശദീകരിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് യുഡിഎഫ് സമ്മിറ്റിന് അനുകൂല തീരുമാനം ഉണ്ടാകുന്നത്. സർക്കാരിന്റെ വികസന കാഴ്ചപ്പാടുകൾക്കൊപ്പം തന്നെ മുന്നോട്ടുപോകണമെന്ന നിലപാടാണ് യുഡിഎഫിൽ ഉണ്ടാകുന്നത്.



# ആറ്റുകാൽ പൊങ്കാല മാർച്ച് 13ന്

### തിരുവനന്തപുരം ജില്ലയിൽ അവധി

തിരുവനന്തപുരം: ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല ഉത്സവത്തോടനുബന്ധിച്ച് മാർച്ച് 13ന് തിരുവനന്തപുരം ജില്ലയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചു. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങള്ക്കും സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും അവധി ആയിരിക്കുമെന്ന് ജില്ലാ കളക്ടർ അനുകുമാരി അറിയിച്ചു.

പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് 30 വാർഡുകൾ ഉത്സവമേഖലയായി പ്രഖ്യാപിച്ചിരുന്നു. കോർപ്പറേഷൻ പരിധിയിലും വെങ്ങാനൂർ പഞ്ചായത്തിലെ വെള്ളാർ വാർഡിലും പൊങ്കാലയുടെ തലേദിവസം വെകുന്നേരം ആറു മുതൽ പൊങ്കാല ദിവസം വൈകുന്നേരം ആറുവരെ മദ്യനിരോധനം ഏർപ്പെടുത്തും.

13ന് രാവിലെ 10.15ന് പൊങ്കാല അടുപ്പിൽ തീപകരും. ഉച്ചയ്ക്ക് 1.15ന് പൊങ്കാല നിവേദിക്കും. സബ് കളക്ടർ ഒ.വി ആൽഫ്രഡ് ആണ് പൊങ്കാലയുടെ നോഡർ ഓഫീസർ.

## ലെവൽ ക്രോസ്സുകൾ ഇല്ലാത്ത കേരളം ലക്ഷ്യം: മന്ത്രി മുഹമ്മദ് റിയാസ്

കൊച്ചി: സംസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഒരു സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ റെയിൽവേ മേൽപ്പാലങ്ങൾ പൂർത്തീകരിക്കപ്പെടുന്നത്ആദ്യമായിട്ടാണെന്ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ്.

മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലെവൽ ക്രോസ് ഇല്ലാത്ത കേരളം എന്ന കാഴ്ചപ്പാടിന്റെ ഭാഗമായി അനവധി പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി പൂർത്തീകരിക്കുന്ന എട്ടാമത്തെ മേൽപ്പാലമാണ് മുളന്തുരുത്തിയിലേത്.

സർക്കാർ അനുമതിയോടെ 21.28 കോടിയുടെ പുതുക്കിയ ഭരണാനുമതി നൽകിയാണ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഭൂമി ഏറ്റെടുക്കൽ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 25.32 കോടി വകയിരുത്തി. യാത്രക്കാർക്ക് ലെവൽ ക്രോസിൽ അനാവശ്യമായി സമയം ചെലവഴിക്കേണ്ട സാഹചര്യം പരിഹരിക്കാനാണ് കൂടുതൽ മേൽപ്പാലങ്ങൾ കൊണ്ടുവരാൻ സർക്കാർ ശ്രമിക്കുന്നത്–മന്ത്രി പറഞ്ഞു.

അനവധി ഘട്ടങ്ങളിലൂടെ കടന്നുപോയ മുളന്തുരുത്തി റെയിൽവേ മേൽപ്പാല പദ്ധതി നാടിന്റെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് പൂർത്തീകരിക്കാൻ സാധിച്ചതെന്നു അധ്യക്ഷതവഹിച്ച അനൂപ് ജേക്കബ് എംഎൽഎ പറഞ്ഞു.

അഡ്വ കെ ഫ്രാൻസിസ് ജോർജ്ജ് എം പി ചടങ്ങിൽ മുഖ്യാതിഥിയായി. ജോസ് കെ.മാണി എംപി ഓൺലൈനായും ചടങ്ങിൽ പങ്കെടുത്തു.



ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്ഐടി) തുടങ്ങുന്ന പെട്രോൾ പമ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് നിർവഹിച്ചപ്പോൾ. എഫ്ഐടി ചെയർമാൻ ആർ. അനിൽകുമാർ, കളക്ടർ എൻ.എസ്.കെ.ഉമേഷ് തുടങ്ങിയവർ സമീപം.

## പെട്രോൾ വിതരണ മേഖലയിലും ചുവടുറപ്പിച്ച് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്ഐടി)

കളമശേരി: ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (എഫ്ഐടി) തുടങ്ങുന്ന പെട്രോൾ പമ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് ഉദ്ഘാടനം ചെയ്തു.

എഫ്ഐടി ചെയർമാൻ ആർ.അനിൽകുമാറിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ.ഉമേഷ് മുഖ്യപ്രഭാഷണം നടത്തി. ലോഗോയുടെ പ്രകാശനകർമം വനം, വന്യജീവി വകുപ്പ് സിഎഫ് എൻ. ഇന്ദു വിജയൻ നിർവഹിച്ചു.

എഫ്ഐടി മാനേജിംഗ് ഡയറക്ടർ കെ.അഫ്സൽ അലി, ബിപിസിഎൽ റീട്ടെയിൽ സ്റ്റേറ്റ് ഹെഡ് കെ.വി. രമേശ് കുമാർ, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കുറ ശ്രീനിവാസ്, ചൂർണിക്കര ഗ്രാപഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ്, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യുട്ടീവ് ചെയർമാൻ കെ.അജിത് കുമാർ, എ.പി. ഉദയകുമാർ, എ.എം.യൂസഫ്, പി.നവകുമാരൻ, ബിപിസിഎൽ ടെറിട്ടറി മാനേജർ സുജിത് ജയരാജൻ, എഫ്ഐടി ബോർഡ് അംഗം എസ്. ധർമ്മേന്ദ്രൻ, കൗൺസിലർ റൂബി ജിജി, അഡ്വ. വി.സലിം, അഡ്വ. വി.ഇ.അബ്ദുൾ ഗഫൂർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# ഡിജിറ്റൽ സർവേ മൂന്നാം ഘട്ടത്തിലേക്ക്, കേരളം മറ്റു സംസ്ഥാനങ്ങൾക്കു മാതൃക: മന്ത്രി കെ.രാജൻ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ 'എന്റെ ഭൂമി' ഡിജിറ്റൽ സർവെ മൂന്നാം ഘട്ടത്തിലേക്ക് കടക്കുമ്പോൾ ആറുലക്ഷത്തി ആറായിരം ഹെക്ടർ ഭൂമിയും 44.54 ലക്ഷം ലാൻഡ് പാർസലുകളും അളന്ന ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനമായി കേരളം മാറിയെന്നത് അഭിമാനകരമാണെന്ന് മന്ത്രി കെ.രാജൻ. നാഷണൽ ജിയോ സ്പേഷ്യൽ നോളജ് ബേസ്ഡ് ലാൻഡ് സർവെ ഓഫ് അർബൻ ഹാബിറ്റേഷൻ (നക്ഷ) പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന ലക്ഷ്യത്തോടെ 2021ൽ ആരംഭിച്ച ഡിജിറ്റൽ സർവേ പദ്ധതിയിലൂടെ 247 വില്ലേജുകളിൽ സർവേ പൂർത്തീകരിച്ചിട്ടുണ്ട്. 28 കണ്ടിന്യുസിലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷനുകൾ, റിയൽ ടൈം കൈനമാറ്റിക് സംവിധാനങ്ങൾ, 200 റോബോട്ടിക് ടോട്ടൽ സ്റ്റേഷനുകൾ തുടങ്ങിയ ആധുനിക ഉപകരണങ്ങളും 4700ൽ അധികം താത്കാലിക ജീവനക്കാരെയും നിയമിച്ചാണ് ഡിജിറ്റൽ സർവേ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

കേരളം ലോകത്തോടൊപ്പം നടക്കുകയാണ്. സംസ്ഥാനത്തെ രണ്ടാം ഭൂപരിഷ്കരണമായി ഡിജിറ്റൽ സർവേ മാറുകയാണ്. റവന്യു, സർവേ, രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന ഭൂസേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാനത്ത് നടപ്പാക്കുന്ന 'എന്റെ ഭൂമി' സംയോജിത പോർട്ടൽ രാജ്യത്തിന് മാതൃകയാണ്. ഈ സർക്കാരിന്റെ കാലത്ത് തന്നെ ഭൂരേഖകളുടെ അവസാനത്തെ സെറ്റിൽമെന്റ് നടപ്പാക്കുന്നതിനായി നിയമസഭ ഒരു സെറ്റിൽമെന്റ് ആക്ട് പ്രഖ്യാപിക്കാൻ പോവുകയാണെന്നും മന്ത്രി അറിയിച്ചു.

ആന്ധ്രാപ്രദേശ്, പുതുച്ചേരി, തമിഴ്നാട്, അസം തുടങ്ങിയ വിവിധ സംസ്ഥാനങ്ങൾ കേരളത്തിന്റെ സർവേ മോണിറ്ററിംഗ് സംവിധാനങ്ങൾ പഠിക്കാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തി തിരുവനന്തപുരത്ത് ഡിജിറ്റൽ സർവേയിൽ ഒരു ദേശീയ കോൺക്ലേവ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കെ. ആൻസലൻ എംഎൽഎ, ലാൻഡ് റവന്യൂ വകുപ്പ് കമ്മീഷണർ എ.കൗശിഗൻ, സർവെ ഓഫ് ഇന്ത്യ, കേരളം- ലക്ഷദ്വീപ് വിംഗ് സൂപ്രണ്ടിംഗ് സർവേയർ പങ്കജ് കുമാർ, സർവെയും ഭൂരേഖയും വകുപ്പ് അഡീഷണൽ ഡയറക്ടർ ഡി. മോഹൻദേവ് തുടങ്ങിയവർ പങ്കെടുത്തു.

### ലാബ് അസിസ്റ്റന്റ് നിയമനം

കൊച്ചി: ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ ലാബ് അസിസ്റ്റന്റ് 5 ഒഴിവുകൾ നിലവിലുണ്ട്. പട്ടികജാതി, ഈഴവ, ഓപ്പൺ, മുസ്ലിം വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവുകളാണ്. സയൻസ്/അഗ്രിക്കൾച്ചറൽ/ഫിഷറീസ് എന്നീ വിഷയങ്ങളിൽ ഹയർ സെക്കൻഡറി തത്തുല്യ യോഗ്യതയും ലബോറട്ടറി ജോലികളിൽ 2 വർഷത്തെ പ്രവൃത്തി പരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം. മാർച്ച് 12നുമുമ്പ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിക്ക് നാളെ തിരിതെളിയും

## വിദേശ പ്രതിനിധികളടക്കം 3000 പേർ പങ്കെടുക്കും

കൊച്ചി: കേരളം കാത്തിരിക്കുന്ന ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിക്ക് (ഐകെജിഎസ്) വെള്ളിയാഴ്ച തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന ഉച്ചകോടിയിൽ കേന്ദ്ര-സംസ്ഥാന മന്ത്രിമാരും വിദേശരാജ്യ പ്രതിനിധികളും സംബന്ധിക്കുമെന്ന് വ്യവസായമന്ത്രി പി.രാജീവ് പറഞ്ഞു.

ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിലാണ് ദ്വിദിന ഉച്ചകോടി.



ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി സംബന്ധിച്ച് ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ വ്യവസായമന്ത്രി പി.രാജീവ് സംസാരിക്കുന്നു. എ.പി.എം.മുഹമ്മദ് ഹനീഷ്,

വ്യവസായമന്ത്രി പി.രാജീവ് അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര മന്ത്രിമാരായ നിഥിൻ ഗഡ്കരി (ഓൺലൈൻ), വാണിജ്യമന്ത്രി പീയൂഷ് ഗോയൽ,ജയന്ത് ചൗധരി, യുഎഇ സാമ്പത്തിക മന്ത്രി അബ്ദുള്ള ബിൻ തുക് അൽമാരി, ബഹ്റൈൻ വാണിജ്യ-വ്യവസായമന്ത്രി അബ്ദുള്ള ബിൻ അദെൽ ഫഖ്രു, പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ, പ്രമുഖ വ്യവസായിയും നോർക്ക റൂട്ട്സ് വൈസ് ചെയർമാനുമായ എം.എ.യൂസഫ് അലി, സിഐഐ പ്രസിഡന്റ് സഞ്ജീവ് പൂരി, അദാനി പോർട്സ് എംഡി കരൺ അദാനി, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം.മുഹമ്മദ് ഹനീഷ് എന്നിവർ സംസാരിക്കും.

സംസ്ഥാന മന്ത്രിമാർ, നീതി ആയോഗ് മുൻ ചെയർമാനും ജി 20 ഷെർപയുമായ അമിതാഭ് കാന്ത്, വ്യവസായ പ്രമുഖരായ എംഡി അദീബ് അഹമ്മദ്, അനസൂയ റേ, അനിൽ ഗാൻജു, ഡോ. ആസാദ് മൂപ്പൻ, ഗോകുലം ഗോപാലൻ, ജീൻ മാനേ, ജോഷ് ഫോൾഗർ, മാർട്ടിൻ സൊൻറാഗ്, മാത്യു ഉമ്മൻ, മുകേഷ് മേഹ്ത്ത, എം. എം.മുരുഗപ്പൻ, രവി പിള്ള, ടി.എസ്.കല്യാണരാമൻ, ശശികുമാർ ശ്രീധരൻ, ശ്രീപ്രിയ ശ്രീനിവാസൻ, വിനീത് വർമ്മ, വിവിധ വകുപ്പ് സെക്രട്ടറിമാർ തുടങ്ങിയവരും സംബന്ധിക്കും.

'കേരളം-ചെറിയ ലോകവും വലിയ സാധ്യതകളും', 'സ്റ്റാർട്ടപ്പ്-ഇനോവേഷൻ എന്നിവയുടെ പ്രോത്സാഹനം', 'പ്രതിഭകളുടെ ഭാവി', 'മെഡിക്കൽ എക്സലൻസ്-ആയുർവേദ, സൗഖ്യചികിത്സ', 'ഭാവിയുടെ വളർച്ചയ്ക്ക് സമുദ്രോത്പന്നമേഖലയെ ഉപയോഗപ്പെടുത്തൽ', 'ഓട്ടോമോട്ടീവ് ടെക്നോളജി-ഇനോവേഷൻ ഭാവി', 'തുറമുഖ കേന്ദ്രീകൃത അതിദ്രുത വികസനം', 'ഒരു ട്രില്യൺ സമ്പദ് വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പാത', 'കപ്പൽനിർമ്മാണത്തിലെ കേരളത്തിന്റെ അവസരങ്ങൾ രാജ്യവികസനത്തിന്റെ കാഴ്ചപ്പാടിൽ', 'പരമ്പരാഗത മേഖലയുടെ ശാക്തീകരണം', 'സുസ്ഥിര ഊർജ്ജ അവസരം-കേരളത്തിന്റെ ഭാവിയുടെ ശാക്തീകരണം', 'റബർ ഉൾപ്പെടെയുള്ള മൂല്യവർധിത തോട്ടം മേഖല', 'എയ്റോസ്പേസ്-ഡിഫൻസ് ഇനോവഷൻ എന്നിവയുടെ സഹകരണം', 'ഐടി വ്യവസായവും കേരളത്തിന്റെ സാധ്യതകളും', 'സുസ്ഥിര-ഉത്തരവാദിത്ത ടൂറിസം വ്യവസായം', 'മൂല്യവർധന-ഭക്ഷ്യസംസ്ക്കരണത്തിലൂടെ കാർഷിക-ഭക്ഷ്യമേഖലകളുടെ വികസനം', 'ബാങ്കിംഗ്-ഫിൻടെക്-ഡിജിറ്റൽ ഇനോവേഷൻ', 'മെഡിക്കൽ ഡിവൈസ് ഹബ്-കേരളം ഉത്തമ മാതൃക', 'വ്യവസായകുതിപ്പിന് ഐടി അടിസ്ഥാനസൗകര്യം', 'ഇനോവേറ്റിംഗ് ഫ്യൂച്ചർ ട്രാൻസ്ഫോമിംഗ് ഇലക്ട്രോണിക്സ് സിസ്റ്റംസ് ആൻഡ് എൻജിനീയറിംഗ്', 'റിയൽ എസ്റ്റേറ്റ് മേഖല', 'ചില്ലറ വിൽപന മേഖലയിലെ അവസരങ്ങൾ', എന്നീ വിഷയങ്ങളിൽ ദ്വിദിന ഉച്ചകോടിയിൽ ചർച്ചകൾ നടക്കും.

ഫ്രാൻസ്, മലേഷ്യ എന്നിവിടങ്ങളിലെ പ്രതിനിധികളുമായി ബിടുബി കൂടിക്കാഴ്ചകളുമുണ്ടാകും.

പ്രമോദ് പയ്യന്നൂർ ഒരുക്കുന്ന കലാപരിപാടിയടക്കമുള്ള സാംസ്ക്കാരിക സന്ധ്യയും വിനോദപരിപാടികളുമുണ്ടാകും.

പാനൽ ചർച്ചകളിലെ മേഖലകളിൽ നിന്നുള്ള തെരഞ്ഞെടുത്ത കമ്പനികൾ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ, 105 പൊതുമേഖലയിലെ കരകൗശല സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവയുടെ പ്രദർശനവും ഉച്ചകോടിയിലുണ്ടാകും.

ഉന്നത സർക്കാർ ഉദ്യോഗസ്ഥർ, ആഗോളതലത്തിലുള്ള ബിസിനസ് നയകർത്താക്കൾ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും. 28 പ്രത്യേക സെഷനുകൾ, ആറ് രാജ്യങ്ങളുടെ സഹകരണം, 3000 പ്രതിനിധികൾ, തുടങ്ങിയവ ദ്വിദിന ഉച്ചകോടിയുടെ ആകർഷണങ്ങളാണ്.

## ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ദ്വിദിന ഉച്ചകോടിയിലെ പാനൽ ചർച്ചകൾ

### 'കേരളം ചെറിയ ലോകവും വലിയ സാധ്യതകളും'

എപിഎം മുഹമ്മദ് ഹനീഷ് അവതരണം നടത്തും. അമിതാഭ് കാന്ത് മോഡറേറ്ററാവുന്ന സെഷനിൽ അബിൻബെവ് വൈസ് പ്രസിഡന്റ് അനസൂയ റേ, അദാനി പോർട്ട് സിഇഒ അശ്വനി ഗുപ്ത, ജിയോ പ്ലാറ്റ്ഫോംസ് സിഇഒ മാത്യു ഉമ്മൻ, മുരുഗപ്പ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ചെയർമാൻ എം.എം.മുരുഗപ്പൻ, ഐടിസി ലിമിറ്റഡ് സിഎംഡി സഞ്ജീവ് പുരി, ഗൂഗിൾ ക്ലൗഡ് എപിഎസി സിഒഒ ശശികുമാർ ശ്രീധര എന്നിവർ പങ്കെടുക്കും.

### 'സ്റ്റാർട്ടപ്പ്-ഇനോവേഷൻ എന്നിവയുടെ പ്രോത്സാഹനം'

ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസിന്റെ സഹസ്ഥാപകൻ അനീഷ് അച്യുതൻ, കെഎസ് യുഎം സിഇഒ അനൂപ് അംബിക, മെഡ്ജീനോം സ്ഥാപകൻ സാം സന്തോഷ്, ജിഫി എഐ സിഇഒ ബാബു ശിവദാസൻ, ഓസ്ട്രേലിയൻ ട്രേഡ് ആന്റ് ഇൻവസ്റ്റ്മെന്റ് കമ്മീഷനിലെ സീനിയർ കമ്മീഷണർ ജോൺ സൗത്ത്വെൽ തുടങ്ങിയവർ പങ്കെടുക്കും.

### 'പ്രതിഭകളുടെ ഭാവി'

ഡിജിറ്റൽ സർവകലാശാല പ്രൊഫസർ സന്തോഷ് കുറുപ്പ്, അമേരിക്കൻ മിഷൻ ഹോസ്പിറ്റൽ സിഇഒ ഡോ. ജോർജ്ജ് ചെറിയാൻ, കൊഗ്നിസെന്റ് ഇന്ത്യ സിഎംഡി രാജേഷ് വാര്യർ, ലേബർ കമ്മീഷണറേറ്റ് സെക്രട്ടറി ഡോ. കെ.വാസുകി, ഐഐടി പാലക്കാട് ഡയറക്ടർ പ്രൊഫ. എ.ശേഷാദ്രി ശേഖർ എന്നിവർ പങ്കെടുക്കും.

### 'മെഡിക്കൽ എക്സലൻസ്-ആയുർവേദ, സൗഖ്യചികിത്സ'

അപ്പോളോ ആയുർവൈദ് ഹോസ്പിറ്റൽ സ്ഥാപകൻ രാജീവ് വാസുദേവൻ, ധാത്രി ആയുർവേദ എംഡി ഡോ. എസ്.സജികുമാർ, കോട്ടയ്ക്കൽ ആര്യവൈദ്യശാല സിഇഒ കെ.ഹരികുമാർ, സിജിഎച്ച് എർത്ത് ഡയറക്ടർ സിദ്ധാർത്ഥ് ഡോമിനിക്, യുഎൻ ഗ്ലോബൽ സ്ട്രാറ്റജി ടീം ഉപദേശക ഡോ. സബൈൻ കപാസി എന്നിവർ സംസാരിക്കും.

### 'ഭാവിയുടെ വളർച്ചയ്ക്ക് സമുദ്രോത്പന്നമേഖലയെ ഉപയോഗപ്പെടുത്തൽ'

അമാൽഗം ഗ്രൂപ്പ് ഓഫ് കമ്പനികളുടെ ചെയർമാൻ അബ്രഹാം ജോൺ തരകൻ, സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ സെക്രട്ടറി ജനറൽ ഡോ. കെ.എൻ. രാഘവൻ, ബേബി മറൈൻ ഗ്രൂപ്പ് മാനേജിംഗ് പാർട്ണർ അലക്സ് കെ.നൈനാൻ, സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് പവൻ കുമാർ, എംപിഇഡിഎ ചെയർമാൻ ദൊഡ്ഡ വെങ്കിടസ്വാമി തുടങ്ങിയവർ സംസാരിക്കും.

### 'ഓട്ടോമോട്ടീവ് ടെക്നോളജി-ഇനോവേഷൻ ഭാവി'

ടാറ്റ മോട്ടോർസ് ഇന്ത്യ ഡിസൈൻ സ്റ്റുഡിയോ മേധാവി അജയ് ജെയിൻ, എസിയ ടെക്നോളജീസ് സ്ഥാപകൻ ജിജിമോൻ ചന്ദ്രൻ, മഹീന്ദ്ര റിസർച്ച് വാലി വൈസ് പ്രസിഡന്റ് ഡോ. ശങ്കർ വേണുഗോപാൽ, അശോക് ലൈലാന്റ് വൈസ് പ്രസിഡന്റ് സച്ചിൻ ഗോയൽ, അക്സഞ്ചർ സോഫ്റ്റ് വെയർ ഡിഫൈൻഡ് വെഹിക്കൾസ് അഡ്വാൻസ്ഡ് ടെക്നോളജി സെന്റർ എംഡി രാഘവേന്ദ്ര കുൽക്കർണി എന്നിവർ പങ്കെടുക്കും.

### 'തുറമുഖ കേന്ദ്രീകൃത അതിദ്രുത വികസനം'

സിംബാബ്വേ വ്യവസായ-വാണിജ്യമന്ത്രി രാജ്കുമാർ മോഡി, ഇന്ത്യ ഗേറ്റ്വെ ടെർമിനൽ സിഇഒ പ്രവീൺ ജോസഫ്, ഓഷ്യൻ ഫ്രൈറ്റ് സൗത്ത് ഏഷ്യ മേധാവി സന്ദീപ് നായർ, അദാനി വിഴിഞ്ഞം പോർട്ട് സിഇഒ പ്രദീപ് ജയരാമൻ, അദാനി പോർട്ട് എസ്ഇസെഡ് സിഇഒ അശ്വനി ഗുപ്ത, വിഴിഞ്ഞം പോർട്ട് എംഡി ഡോ. ദിവ്യ എസ്. അയ്യർ തുടങ്ങിയവർ സംസാരിക്കും.

### 'ഒരു ട്രില്യൺ സമ്പദ് വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പാത'

കെഎസ്ഐഡിസി ചെയർമാൻ സി.ബാലഗോപാൽ, ഐബിഎസ് ഗ്രൂപ്പ് സ്ഥാപകൻ വി.കെ. മാത്യൂസ്, ഗ്രൂപ്പ് മീരാൻ ചെയർമാൻ നവാസ് മീരാൻ, ആർപി ഗ്രൂപ്പ് ചെയർമാൻ രവി പിള്ള, ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സ് സിഇഒ അദീബ് അഹമ്മദ്, ഇൻവസ്റ്റ് ഇന്ത്യ സീനിയർ വൈസ്പ്രസിഡന്റ് സിദ്ധാർത്ഥ് നാരായണൻ, ഇറ്റി ഗ്രൂപ്പ് എക്സിക്യൂട്ടീവ് എഡിറ്റർ ശ്രുതിജിത്ത് കെ.കെ. എന്നിവർ സംസാരിക്കും.

### 'കപ്പൽനിർമ്മാണത്തിലെ കേരളത്തിന്റെ അവസരങ്ങൾ രാജ്യവികസനത്തിന്റെ കാഴ്ചപ്പാടിൽ'

നോർവേയിലെ എൽട്രോക്ക് സിഇഒ കായി ബോഗൻ, ചൗഗുളെ ആന്റ് കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ അർജുൻ അശോക് ചൗഗുളെ, കൊച്ചിൻ ഷിപ്പ്യാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ഹരികൃഷ്ണൻ, നവാൾട്ട് സോളാർ ഇലക്ട്രോണിക് ബോട്ട്സ് സ്ഥാപകൻ സന്ദിത്ത് തണ്ടാശേരി, എൻപിഒഎൽ ഡയറക്ടർ ഡോ. ദുവ്വൂരി ശേഷഗിരി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഡിഐജി നിഷാന്ത് എസ്. എന്നിവർ സംസാരിക്കും.

### 'പരമ്പരാഗത മേഖലയുടെ ശാക്തീകരണം'

വികെസി ഗ്രൂപ്പ് എം ഡി വി.കെ.സി.റസാഖ്, ഇസാഫ് എംഡി പോൾ തോമസ്, എൻസി ജോൺ ആന്റ് സൺസ് എം ഡി ജോൺ ചാക്കോ, ഹാരിസൺസ് മലയാളം അഡ്വൈസർ വെങ്കിട്ടരാമൻ ആനന്ദ്, ഈശ്വരൻ ബ്രദേഴ്സ് എക്സ്പോർട്സ് ചെയർമാൻ ഗണേഷൻ ദൈവനായകം, സിന്തൈറ്റ് എക്സിക്യൂട്ടീവ് ചെയർമാൻ ഡോ. വിജു ജേക്കബ്, ടെക്സ്റ്റൈൽസ് മന്ത്രാലയത്തിലെ ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കമ്മീഷണർ ഡോ. എം ബീന എന്നിവർ സംസാരിക്കും.

### 'സുസ്ഥിര ഊർജ്ജ അവസരം-കേരളത്തിന്റെ ഭാവിയുടെ ശാക്തീകരണം'

ടാറ്റ പവർ റിന്യൂവബിൾ മൈക്രോഗ്രിഡ് സിഇഒ മനോജ് ഗുപ്ത, സംസ്ഥാന അഡി. ചീഫ് സെക്രട്ടറി കെ.ആർ.ജ്യോതിലാൽ, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ.ഹരികുമാർ, സിയെൽ ആന്റ് ടെറി ഇന്ത്യ എംഡി ദീപക് ഉഷാദേവി, ഓസ്ട്രേലിയൻ ഹൈക്കമ്മീഷൻ കൗൺസെലർ സഞ്ജീവ ഡി സിൽവ, ആർഇസി ലിമിറ്റഡ് ഡയറക്ടർ നാരായണൻ തിരുപ്പതി, ഫിനാൻഷ്യൽ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ കെ.ജി.നരേന്ദ്രനാഥ് എന്നിവർ സംസാരിക്കും.

### 'റബർ ഉൾപ്പെടെയുള്ള മൂല്യവർധിത തോട്ടം മേഖല'

കേരള റബർ ലിമിറ്റഡ് ചെയർപേഴ്സൺ ഷീല തോമസ്, റബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.വസന്തഗേശൻ, ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചേഴ്സ് അസോസിയേഷൻ ഡിജി രാജീവ് ബുധ്രാജ, സിംകോ ഫോം എക്സിക്യൂട്ടീവ് ഡയറക്ടർ വിനോദ് സൈമൺ, പ്ലാന്റേഷൻ കോർപറേഷൻ ഓഫ് കേരള എംഡി ഡോ. ജെയിംസ് ജേക്കബ്, ഹരിശങ്കർ സിംഘാനിയ എലാസ്റ്റോമെർ ആന്റ് ടയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ആർ.മുഖോപാധ്യായ, ഉപാസി പ്രസിഡന്റ് കെ.മാത്യു അബ്രഹാം, റബർ ബോർഡ് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. എൻ.രാഘവൻ എന്നിവർ സംസാരിക്കും.

ജർമ്മനി, നോർവേ, വിയറ്റ്നാം എന്നിവിടങ്ങളിൽനിന്നുള്ള പ്രതിനിധി സംഘവുമായും അന്നേ ദിവസം ബിടുബി കൂടിക്കാഴ്ചകൾ നടക്കും.

### 'എയ്റോസ്പേസ്-ഡിഫൻസ് ഇനോവഷൻ എന്നിവയുടെ സഹകരണം'

ഇന്ത്യൻ നേവി അസിസ്റ്റൻറ് ചീഫ് ഓഫ് മെറ്റീരിയൽസ് റിയർ അഡ്മിറൽ ശരത് ആശീർവാദ്, അനന്ത് ടെക്നോളജീസ് സ്ഥാപകൻ ഡോ. പവുലൂരി സുബ്ബ റാവു, ബെൽ ചെയർമാൻ മനോജ് ജെയിൻ, ബാരത് ഡൈനാമിക്സ് ലിമിറ്റഡ് ചെയർമാൻ മാധവ് റാവു, എൽ ആന്റ് ടി ഡിഫൻസ് ഹെഡ് ഓഫ് ഡിഫൈൻസ് ആന്റ് സെക്യൂരിറ്റി ജസ്ബീർ സിംഗ് സോളങ്കി, ജർമ്മനിയിലെ ഇലാക് എംഡി ബെർണ്ഡ് സുകേ, കെസ്പേസ് സിഇഒ ജി ലെവിൻ എന്നിവർ സംസാരിക്കും.

### 'ഐടി വ്യവസായവും കേരളത്തിന്റെ സാധ്യതകളും'

ഐബിഎസ് സ്ഥാപകൻ വി.കെ.മാത്യൂസ്, ഇവൈ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ ഇന്ത്യ ലീഡ് റിച്ചാർഡ് ആന്റണി, ബ്ലാക്ക്സ്റ്റോൺ സീനിയർ എംഡി മുകേഷ് മേത്ത, സൺടെക് സ്ഥാപകൻ നന്ദകുമാർ, ഡബ്ല്യുഎൻഎസ് ചീഫ് സ്ട്രാറ്റജി ഓഫീസർ ശ്രീനിവാസ് റാവു, സംസ്ഥാന ഐടി സെക്രട്ടറി ഡോ. രത്തൻ യു.കേൽക്കർ എന്നിവർ സംസാരിക്കും.

### 'സുസ്ഥിര-ഉത്തരവാദിത്ത ടൂറിസം വ്യവസായം'

സംസ്ഥാന ടൂറിസം അഡീ. സെക്രട്ടറി സുമൻ ബില്ല, മുൻ ചീഫ് സെക്രട്ടറി വി.വേണു, ഐഎച്ച്സിഎൽ ഏരിയ ഡയറക്ടർ ലളിത് വിശ്വകുമാർ, ഐആർസിടി ഡയറക്ടർ മനീഷ പാണ്ഡേ, ടൂറിസം സെക്രട്ടറി കെ.ബിജു തുടങ്ങിയവർ സംസാരിക്കും.

### 'ചില്ലറ വിൽപന മേഖലയിലെ അവസരങ്ങൾ'

റിടെയിൽ അസോസിയേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ബിജോ കുര്യൻ, കല്യാൺ സിൽക്സ് ചെയർമാൻ ടി.എസ്.പട്ടാഭിരാമൻ, ഷാഡോഫാക്സ് സഹസ്ഥാപകൻ അഭിഷേക് ബൻസാൽ, ആദിത്യ ബിർള ഫാഷൻ പ്രസിഡന്റ് ജേക്കബ് ജോൺ, മൈന്ത്ര സീനിയർ വൈസ് പ്രസിഡന്റ് വേണു നായർ, സംഗീത മൊബൈൽസ് എംഡി സുഭാഷ് ചന്ദ്ര എൽ, ഡെക്കാൺ ഹെറാൾഡ് ഒപീനിയൻ എഡിറ്റർ വിജു ചെറിയാൻ എന്നിവർ സംസാരിക്കും.

### 'മൂല്യവർധന-ഭക്ഷ്യ സംസ്ക്കരണത്തിലൂടെ കാർഷിക-ഭക്ഷ്യ മേഖലകളുടെ വികസനം'

ഓർക്കല ഇന്ത്യ സിഇഒ സഞ്ജയ് ശർമ്മ, ഇന്ത്യ റസിഡന്റ് മിഷൻ കൺട്രി ഡയറക്ടർ മിയോ ഓക്ക, മാനേ ഗ്രൂപ്പ് പ്രസിഡന്റ് ജീൻ മാനേ, സിന്തൈറ്റ് എംഡി അജു ജേക്കബ്, ഓസ്ട്രേലിയൻ ഹൈക്കമ്മീഷൻ കൗൺസെലർ കിരൺ കാരാമിൽ, ഐടിസി ഡിവിഷണൽ ഡയറക്ടർ ഗണേഷ് കുമാർ, സിഐഐ കേരള ചെയർമാൻ വിനോദ് മഞ്ഞില എന്നിവർ സംസാരിക്കും.

### 'ബാങ്കിംഗ്-ഫിൻടെക്-ഡിജിറ്റൽ ഇനോവേഷൻ'

എസ്ബിഐ ചെയർമാൻ ചല്ല ശ്രീനിവാസലു സെട്ടി, ഫെഡറൽ ബാങ്ക് എംഡി കെ.വി.എസ്.മണിയൻ, മുത്തൂറ്റ് ഡിജിറ്റൽ സിഇഒ ചന്ദൻ ഖൈത്താൻ, ഫോൺ പെ സ്ഥാപകൻ രാഹുൽ ചാരി, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് സീനിയർ വൈസ് പ്രസിഡന്റ് ഡോ. ഹരീഷ് അഹൂജ, എൻപിസിഐ എംഡി ദിലീപ് അസ്ബെ, ക്രെഡ് സ്ഥാപകൻ കുണാൽ ഷാ, എൻഎസ് സിഡിസി വൈസ് പ്രസിഡന്റ് അലോക് ജെയിൻ എന്നിവർ പങ്കെടുക്കും.

### 'മെഡിക്കൽ ഡിവൈസ് ഹബ്-കേരളം ഉത്തമ മാതൃക'

ഭാരത് ബയോടെക് ഇന്റർനാഷണൽ എക്സിക്യൂട്ടീവ് ചെയർമാൻ ഡോ. കൃഷ്ണ എല്ല, അഗാപ്പെ ഡയഗ്നോസ്റ്റിക്സ് എംഡി തോമസ് ജോൺ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. സഞ്ജയ് ബെഹാരി, അവേസ്താജെൻ ലിമിറ്റഡ് സ്ഥാപക ഡോ. വില്ലൂ മോറാവാല പട്ടേൽ, നെക്സ്റ്റ് ബിഗ് ഇനോവേഷൻ ലാബ്സ് സ്ഥാപകൻ ആലോക് മെഡിക്കേപുര അനിൽ, കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം സ്പെഷ്യൽ ഓഫീസർ സി പദ്മകുമാർ എന്നിവർ സംസാരിക്കും.

### 'വ്യവസായകുതിപ്പിന് ഐടി അടിസ്ഥാനസൗകര്യം'

ടിസിഎസ് വൈസ്പ്രസിഡന്റ് ദിനേശ് തമ്പി, ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, ഇംപാക്ടീവ് പ്രസിഡൻറ് ജോസഫ് കോര, അലിയൻസ് ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻഫോർമേഷൻ സെക്യൂരിറ്റി മേധാവി വിനയ് ദാവ്രെ, എഡബ്ല്യുഎസ് പാർട്ണർ സക്സസ് മേധാവി ഭാസ്കർ ജോഷി, ഇൻഫോസിസ് സീനിയർ വൈസ്പ്രസിഡൻറ് വിജയേന്ദ്രപുരോഹിത് തുടങ്ങിയവർ സംസാരിക്കും.

### 'ഇനോവേറ്റിംഗ് ഫ്യൂച്ചർ ട്രാൻസ്ഫോമിംഗ് ഇലക്ട്രോണിക്സ് സിസ്റ്റംസ് ആന്റ് എൻജിനീയറിംഗ്'

നെസ്റ്റ് ഗ്രൂപ്പ് ചെയർമാൻ എൻ.ജഹാംഗീർ, കെയിൻസ് ടെക്നോളജി എംഡി രമേഷ് കണ്ണൻ, കെൽട്രോൺ എംഡി വൈസ് അഡ്മിറൽ (റിട്ട.) ശ്രീകുമാർ നായർ, ഐവിപി സെമികണ്ടക്ടർ സ്ഥാപകൻ രാജ മാണിക്യം, നിയോ പവർ സിഎംഡി എ.എസ്.വനേൽക്കർ, സൗത്ത് കൊറിയ റെക്സ്ജെൻ ഡയറക്ടർ ജെഫ് ജുൻ, സെറ്റ് വർക്ക് പ്രസിഡന്റ് ജോഷ് ഫോൾഗർ, ടാറ്റാ അഡ്വാൻസ്ഡ് സിസ്റ്റംസ് സിടിഒ ആർ.മുരളീധരൻ എന്നിവർ സംസാരിക്കും.

### 'റിയൽ എസ്റ്റേറ്റ് മേഖല'

കെ റെറ ചെയർമാൻ പി.എച്ച്.കുര്യൻ, മൈൻഡ്സ്പേസ് സിഇഒ രമേഷ് നായർ, കൊച്ചുതൊമ്മൻ അസോസിയേറ്റ്സ് പ്രിൻസിപ്പൽ ആർക്കിടെക്ട് കൊച്ചുതൊമ്മൻ മാത്യു, എസ്ഐ പ്രോപർട്ടി എംഡി എസ്.എൻ.രഘുചന്ദ്രൻ നായർ, സികെപിസി എംഡി ചിരാഗ് പുരുഷോത്തം, കൊളംബിയ പസഫിക് കമ്മ്യൂണിറ്റീസ് ഡയറക്ടർ രാജഗോപാൽ ജി, എൻഐസിഡിസി സിഇഒ രജത് കുമാർ സൈനി, കെപിഎംജി അസോസിയേറ്റ് പാർട്ണർ ആനന്ദ് ശർമ്മ, അസെറ്റ് ഹോംസ് സ്ഥാപകൻ വി.സുനിൽകുമാർ എന്നിവർ സംസാരിക്കും.

കൊച്ചിൻ നാദം
1200 കുംഭം 8

## വന്യജീവി ആക്രമണം: മനുഷ്യജീവന് സംരക്ഷണം ഉറപ്പാക്കണം

മലയോര മേഖലകളിൽ മുൻപെങ്ങുമില്ലാത്ത വിധത്തിലുള്ള മനുഷ്യ- വന്യജീവി സംഘർഷമാണ് ഉള്ളതെന്നതിൽ യാതൊരു തർക്കത്തിനും അടിസ്ഥാനമില്ല. വന്യജീവികളുടെ ആക്രമണത്തിനെതിരെ ഈ മേഖലകളിലെല്ലാം ശക്തമായ ജനവികാരവുമുണ്ട്. വന്യജീവി ആക്രമണം പ്രതിരോധിക്കാൻ സമഗ്രമായ സമീപനം വനംവകുപ്പ് സ്വീകരിച്ചു എന്നൊക്കെ അവകാശപ്പെടുന്നുണ്ടെങ്കിലും അതിന്റെ ഫലം കാണാനില്ല. സംസ്ഥാനത്തെ വനമേഖലയെ 12 ഹോട്ട് സ്പോട്ടുകളായി തിരിച്ച് അവിടെ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചുവെന്ന് വനംവകുപ്പുമന്ത്രി പറയുന്നു. എന്നാൽ ഈ പദ്ധതികളൊക്കെ എത്രമാത്രം നടപ്പാവുന്നുണ്ടെന്നു സർക്കാർ പരിശോധിക്കേണ്ടിയിരിക്കുന്നു. വനാതിർത്തിയിലെ ഗ്രാമപ്രദേശങ്ങളിൽ മാത്രമല്ല സമീപത്തുള്ള നഗരങ്ങളിലും വന്യജീവികൾ ഇറങ്ങുന്നുണ്ട്. കാട്ടാനയും പുലിയും കടുവയും കാട്ടുപോത്തും കാട്ടുപന്നിയും ജനവാസ മേഖലകളിലെ ജനങ്ങളുടെ ഉറക്കം കെടുത്തുകയാണ്. കൃഷിയും മറ്റും നശിപ്പിക്കുകയാണ്. നിരന്തരം പരാതിപ്പെട്ടിട്ടും ഇവയെ തടയാനുള്ള വനം വകുപ്പിന്റെ പ്രവർത്തനങ്ങൾ പലയിടത്തും മന്ദഗതിയിലാണ്. ചിലയിടങ്ങളിലാകട്ടെ നടപ്പാക്കും എന്നു പറയുന്നതല്ലാതെ നടപ്പാവുന്നുമില്ലതാനും.

എപ്പോൾ വേണമെങ്കിലും കാട്ടുമൃഗങ്ങൾ ആക്രമിക്കാമെന്ന സ്ഥിതിയാണ് നിരവധി പ്രദേശങ്ങളിലുള്ളത്. പകൽ സമയത്തുപോലും പേടിക്കണം. ഏതാനും ദിവസം മുൻപ് സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ അവകാശപ്പെട്ടതും മനുഷ്യ-വന്യജീവി സംഘർഷം കുറയാൻ തുടങ്ങിയെന്നാണ്. വന്യജീവികളുടെ ആക്രമണത്തിൽ ആളുകൾ മരിച്ചുവീഴുമ്പോഴും സർക്കാർ തെറ്റായ അവകാശവാദം ഉന്നയിക്കുന്നുവെന്ന് പ്രതിപക്ഷം ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. എന്തായാലും ഫലപ്രദമായ നടപടിയെടുക്കുന്നുവെന്ന് സർക്കാർ അവകാശപ്പെട്ട് മണിക്കൂറുകൾക്കുള്ളിലാണ് വയനാട് മാനന്തവാടിയിൽ കടുവയുടെ ആക്രമണത്തിൽ ഒരു സ്ത്രീ കൊല്ലപ്പെട്ടത്. വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ സർക്കാർ നടപടിയെടുക്കുന്നില്ലെന്ന പരാതിയും ഈ പ്രദേശത്തുകാർ ഉയർത്തുന്നു.

വയനാടിൽ മാത്രം ഒരു മാസത്തിനിടെ ആറു പേർ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്. പുൽപ്പള്ളി മേഖലയിലെ ജനവാസ കേന്ദ്രങ്ങളിലിറങ്ങി വളർത്തു മൃഗങ്ങളെ കൊന്ന കടുവയെ ദിവസങ്ങൾ നീണ്ട തെരച്ചിലിനുശേഷം പിടികൂടിയത്. പുൽപ്പള്ളി മേഖലയിലെ ഭീതി ഒഴിഞ്ഞപ്പോഴേക്കും മാനന്തവാടി മേഖലയിലായി ആശങ്ക. മലപ്പുറത്ത് മൂന്നു പേർ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതും സമീപനാളുകളിലാണ്.

കഴിഞ്ഞ ദിവസം മലപ്പുറം ഊർങ്ങാട്ടിരിയിൽ കർഷകർ താമസിക്കുന്ന മേഖലയിലെത്തിയ കാട്ടാന കിണറ്റിൽ വീണതിനെ തുടർന്ന് മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിലാണ് രക്ഷിക്കാനായത്. ഇടുക്കിയിൽ ഇതുവരെയില്ലാത്ത തരത്തിലുള്ള കാട്ടാന ഭീതിയാണ്. ജനവാസ മേഖലകളിൽ കാട്ടാനകൾ കൂട്ടമായി എത്തുന്നത് ജനങ്ങളെ ഭീതിയിലാഴ്ത്തുന്നു. ജില്ലയിൽ ഒരു വർഷത്തിനിടെ ഏഴു പേർ കാട്ടാനയാക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

അവകാശവാദങ്ങൾക്കപ്പുറം വനംവകുപ്പും സർക്കാരും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വന്യമൃഗശല്യം നേരിടുന്നതിന് മുന്തിയ പരിഗണന ലഭിക്കേണ്ടതുണ്ട്. വനം വകുപ്പിന്റെ പരിമിതികൾ പറഞ്ഞുകൊണ്ടിരിക്കുന്നതുകൊണ്ട് യാതൊരു ഫലവുമില്ല. മനുഷ്യജീവന് സംരക്ഷണം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് ഏർപ്പെടുത്താവുന്നതെന്നു കണ്ടെത്തി എത്രയും പെട്ടെന്നു നടപടിയെടുക്കാൻ തയാറാവണം.

## പൊതുജനം ഇറച്ചിക്കോഴികളോ?

**മിഥില**

പ്രശസ്ത സാഹിത്യകാരൻ കാരൂർ സോമൻ രചിച്ച 'കോഴി' എന്ന കഥയിലെ നായകനായ നാണപ്പൻ വലിയൊരു സാമൂഹ്യ വിമർശകൻ തന്നെയാണ്.

ഒരു ഇറച്ചിക്കോഴിയുടെ നിസഹായവസ്ഥയെ സമകാലികരാഷ്ട്രീയവുമായി ചേർത്ത് ശക്തമായ സാമൂഹ്യവിമർശനമാണ് കഥാകാരൻ നടത്തുന്നത്. സമാനമായ കഥകൾ വി.കെ.എൻ എഴുതിയിട്ടുണ്ട്.

നാടൻകോഴിയോട് പഥ്യമുള്ള അമേരിക്കക്കാരനോട് കോഴിപിടുത്തത്തിന്റെ ടെക്നിക്ക് പറഞ്ഞുകൊടുക്കുന്ന ഡ്രൈവർ നാണപ്പൻ കോഴിപിടുത്തം പാർട്ടിസഖാക്കന്മാരുടെ അടവുകൾ പോലെയാണെന്ന് നർമ്മത്തിലൂടെ പ്രതിപാദിക്കുന്നു.

പയ്യെ വലമുറുക്കണം, പിന്നെ വാൾ, പിന്നെ കൊല്ലലും തടുക്കലും അങ്ങനെ രാഷ്ട്രീയ കുതന്ത്രങ്ങൾ കുരുക്കഴിയുന്ന നാണപ്പന്റെ വിമർശനങ്ങൾ തികച്ചും കാലികമായ പ്രസ്താവനകൾ.

വിവരമില്ലെങ്കിലും കൂവാൻ ഇവറ്റകൾ മതിയെന്ന് കഥാകാരൻ വെളിപ്പെടുത്തുകയാണ് നാണപ്പനിലൂടെ. കാൽചുവട്ടിൽ കിടന്നു ഗാർജ്ജിച്ചോളും പാവംകോഴികൾ കത്തി കയറുന്നതറിയാതെ.

നിലാവുപൊഴിയുംപോലെ ഒരു കോഴിയുടെ തൊലിയുരിയുന്നത് മനുഷ്യരുടെ നിസഹായവസ്ഥ വെളിപ്പെടുത്തുന്നു. കോഴിയുടെ പരിഭ്രമം സ്വരക്ഷയാണ്. ആ രക്ഷ ലഭിക്കാതെ ഒരു കോഴി പ്രാണരക്ഷാർത്ഥം ഓടിമറയുന്നതും വീണ്ടും വേട്ടക്കാരന്റെ കയ്യിൽപ്പെടുന്നതും ഉടഞ്ഞുവീഴുന്ന ജീവിതത്തിലേക്കുള്ള സൂചനയാണ്. കോഴിയെ ജീവിതത്തിലെ ഒരു അധ:സ്ഥിതവർഗ്ഗമായിട്ടാണ് അനാവരണം ചെയ്യുന്നത്.

കാരൂരിനെ വേറിട്ടുവായിക്കാൻ ഈ കഥതന്നെ ധാരാളം. രാജാവ് നഗ്നനാണെന്ന് അലറിപ്പറഞ്ഞവന്റെ നാവ് അറുത്തുമാറ്റപ്പെട്ടപ്പോൾ രാജാവ് മൗനത്തിന്റെ അറയിലായിരുന്നു. കണ്ണും ചെവിയും നാവും ഉള്ളവരെ ഇരുട്ടറകളിൽ തള്ളുന്ന രാജവിദ്യ ഇന്നും തുടരുന്നു. വിങ്ങിപ്പൊട്ടിനിൽക്കുന്ന മനുഷ്യഹൃദയങ്ങൾ അഗ്നിയാവാൻ അധികസമയം വേണ്ട എന്ന് കഥാകാരൻ പറയാതെ പറയുന്നു. നമ്മുടെ സമകാലിക രാഷ്ട്രീയത്തെ തൊലിപൊളിച്ചു കാട്ടുകയാണ് പ്രഭാത് ബുക്സ് പ്രസിദ്ധീകരിച്ച 'കാട്ടുകോഴികൾ' എന്ന കഥാസമാഹാരത്തിലെ 'കോഴി' എന്ന കാരൂർ കഥ.

ലീഡേഴ്സ് കുറിപ്പുകൾ

പി. എൻ. പ്രസന്നകുമാർ



# മാധ്യമലോകത്തെ പ്രസന്നത കൈവിടാത്ത പോരാളി

**കെ.കെ.പപ്പുക്കുട്ടി**

മാധ്യമ രംഗത്തും രാഷ്ട്രീയ-ട്രേഡ് യൂണിയൻ രംഗത്തും ഒരുപോലെ പ്രശോഭിച്ച ചുരുക്കം ചില വ്യക്തികളിൽ മുൻനിരക്കാരനായിരുന്നു അടുത്തിടെ കാലയവനിയ്ക്കുള്ളിലേയ്ക്ക് മറഞ്ഞപി.എൻ.പ്രസന്നകുമാർ.

കരുത്തുറ്റ നേതൃത്വവും ദിശാബോധവും ഒത്തിണങ്ങിയ, തൊഴിലാളി സ്നേഹിയും ട്രേഡ് യൂണിയൻ നേതാവും മികവുറ്റ മാധ്യമ പ്രവർത്തകനുമായിരുന്ന അദ്ദേഹത്തിന്റെ നിനച്ചിരിക്കാതെയുള്ള വേർപാട് മാധ്യമലോകത്ത് വലിയ ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്. മാധ്യമപ്രവർത്തകരുടെയും തൊഴിലാളികളുടെയും ചിരസ്മരണകളിൽ അദ്ദേഹം എന്നും ദീപ്തമായി നിലകൊള്ളും.

ഒരുകൂട്ടം മാധ്യമ പ്രവർത്തകരെ വാർത്തെടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് വളരെ വലുതാണ്. പ്രസ് അക്കാദമിയിൽ ക്ലാസെടുക്കുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രവിക്കാനായി ജേർണലിസം വിദ്യാർത്ഥികൾ തികഞ്ഞ അച്ചടക്കത്തോടെ കാതുകൾ കൂർപ്പിച്ചിരിക്കും. പ്രസന്നത കൈവിടാതെയുള്ള അദ്ദേഹത്തിന്റെ ഉപദേശങ്ങൾ എല്ലാവർക്കും മാർഗ്ഗദീപമായിരുന്നു. ഈയുള്ളവനും അത് അനുഭവിക്കാനുള്ള യോഗമുണ്ടായി എന്നത് പ്രത്യേകം ഈ സന്ദർഭത്തിൽ സ്മരിക്കട്ടെ.

എറണാകുളം അയ്യപ്പൻകാവ് പൊരുവേലിൽ പരേതനായ നാരായണന്റെ മകനായി ജനിച്ച പി.എൻ.പ്രസന്നകുമാർ എറണാകുളം സെന്റ് ആൽബർട്സ് ഹൈസ്കൂൾ, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽനിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. ചെക്കോസ്ലോവാക്യയിലെ പ്രാഗിൽനിന്നും ജേർണലിസത്തിൽ ഫെലോഷിപ്പ് നേടി. കേരള യൂണിവേഴ്സിറ്റി യൂണിയൻ എക്സിക്യൂട്ടീവ് മെമ്പറായിരുന്നു. കെഎസ്‌യു ജില്ലാ ഭാരവാഹി, യൂത്ത് കോൺഗ്രസ് ജില്ലാ കമ്മിറ്റി അംഗം എന്നീ സ്ഥാനങ്ങളും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. എറണാകുളം ഡിസിസി ട്രഷറർ, കെപിസിസി നിർവാഹക സമിതി അംഗം എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

സീനിയർ ജേണലിസ്റ്റ്സ് ഫോറം രൂപീകൃമായതു മുതൽ അതിൽ സജീവമായിരുന്നു. ഫോറത്തിന്റെ സംസ്ഥാന എക്സിക്യുട്ടീവ് കമ്മിറ്റി അംഗവുമായിരുന്നു അദ്ദേഹം.

1974ൽ വീക്ഷണം വാരിക പ്രസിദ്ധീകരണമാരംഭിച്ചപ്പോൾ പത്രാധിപ സമിതിയിൽ ചേർന്നു. പിന്നീട് വീക്ഷണം പത്രം പ്രസിദ്ധീകരണമാരംഭിച്ചപ്പോൾ കൊച്ചി ബ്യൂറോയിൽ റിപ്പോർട്ടറായും പിന്നീട് ചീഫ് റിപ്പോർട്ടറുമായി. വീക്ഷണം സീനിയർ ഡെപ്യൂട്ടി എഡിറ്ററായി വിരമിച്ചു.

കേരള പത്രപ്രവർത്തക യൂണിയന്റെ സംസ്ഥാന പ്രസിഡന്റായി രണ്ടു തവണ തെരഞ്ഞെടുക്കപ്പെട്ട പ്രസന്നകുമാർ ഇന്ത്യൻ പത്രപ്രവർത്തക ഫെഡറേഷന്റെ വർക്കിംഗ് കമ്മിറ്റി അംഗവും ട്രഷററുമായി പ്രവർത്തിച്ചിട്ടുണ്ട്. ഒരു ദശകത്തിലേറെ എറണാകുളം പ്രസ് ക്ലബിന്റെ സെക്രട്ടറിയായിരുന്നു. കൊച്ചിൻ കോർപറേഷൻ കൗൺസിലിലേക്ക് രണ്ടുവട്ടം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

കൊച്ചിൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗവും, കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് അംഗം എന്നീ പദവികൾ വഹിച്ചു. എറണാകുളം ടെലികോം ഉപദേശക സമിതിയിലും, പിന്നീട് സംസ്ഥാന ടെലികോം ഉപദേശക സമിതിയിലും അംഗമായിരുന്നു. പത്രപ്രവർത്തകരുടെ വേതനം നിർണയിക്കാൻ കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച 'മജീദിയ' വേജ് ബോർഡിൽ അംഗമായിട്ടുണ്ട്.

ഭാര്യ: രജനി. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് അധ്യാപികയായി വിരമിച്ചു. മക്കൾ: അശിൻ (ജപ്പാൻ), അശ്വിനി (കാനഡ), ഐശ്വര്യ (സിംഗപ്പൂർ). സഹോദരങ്ങൾ: പി.എൻ.അപ്പുക്കുട്ടൻ (റിട്ട. പ്രിൻസിപ്പൽ, കേന്ദ്രീയ വിദ്യാലയ, മോസ്കോ, റഷ്യ) പി.എൻ.ജോയി (റിട്ട. ഉദ്യോഗസ്ഥൻ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്). യൂത്ത് കോൺഗ്രസ് നേതാവ് ദീപക് ജോയി സഹോദര പുത്രനാണ്.

## ഭാവി വ്യവസായങ്ങൾ കെട്ടിപ്പടുക്കുന്നതിൽ സ്റ്റാർട്ടപ്പുകളുടെ പങ്ക്



**വിനോദ് മഞ്ഞില**
സിഐഐ കേരള ചെയർമാൻ

കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ സംസ്ഥാനത്തിന്റെ വ്യാവസായിക ഭൂപ്രകൃതിയെ അതിവേഗം മാറ്റികൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ സ്വാധീനിക്കുന്ന തരത്തിൽ ഭാവി വ്യവസായങ്ങൾക്ക് വഴിയൊരുക്കുന്നതിൽ നിർണായക പങ്കാണ് കേരളത്തിന്റെ സ്റ്റാർട്ടപ്പുകൾ വഹിക്കുന്നത്.

രാജ്യമാകെ തന്നെ ശ്രദ്ധിക്കും വിധമുള്ള വളർച്ചയാണ് ഈ മേഖലയിൽ കേരളം നടത്തുന്നത്. സമീപകാല റിപ്പോർട്ടുകൾ പ്രകാരം, രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ പ്രതിവർഷം 20% വർദ്ധനയാണ് സംസ്ഥാനത്തുണ്ടാകുന്നത്. നിലവിൽ കേരളത്തിൽ വിവിധ മേഖലകളിലായി 3500 ലധികം സജീവ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. സംരംഭകത്വത്തിലെ ഈ വലിയ കുതിച്ചുചാട്ടം നവീകരണത്തിനുള്ള കേന്ദ്രമെന്ന നിലയിൽ രാജ്യത്തിനാകെ തന്നെ മാതൃകയായി മാറുന്ന കേരളത്തെയാണ് നമുക്ക് കാട്ടിത്തരുന്നത്.

സംരംഭകർക്ക് അവരുടെ ആശയങ്ങൾ പ്രാവർത്തിമാക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ നിർണായക പങ്കാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) വഹിക്കുന്നത്. ഐഇഡിസി (കോളേജുകൾക്കായുള്ള ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ), വൈഐപി (യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം), ഇൻകുബേഷനും ആക്സിലറേഷനുമുള്ള പ്രോഗ്രാമുകൾ, കോർപറേറ്റ് ഇന്നൊവേഷൻ തുടങ്ങിയ വിവിധ സംസ്ഥാന സർക്കാർ സംരംഭങ്ങൾ കേരളത്തെ സ്റ്റാർട്ടപ്പുകൾക്ക് രാജ്യത്തെ ഏറ്റവും മികച്ച സ്ഥലമാക്കി മാറ്റിയിരിക്കുന്നു. അടുത്തിടെ, കെഐസ്യുഎമ്മിന് ഡിപിഐഐടി - സ്റ്റേറ്റ് സ്റ്റാർട്ടപ്പ് റാങ്കിംഗിൽ മികച്ച പ്രകടനം കാഴ്ചവച്ചതിനുള്ള' അവാർഡ് ലഭിച്ചു. ഊർജ്ജസ്വലവും വൈവിധ്യപൂർണ്ണവുമായ ഒരു സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിലെ കേരളത്തിന്റെ വിജയമായിട്ടാണ് ഈ പുരസ്കാരത്തെ കാണേണ്ടത്.

സ്റ്റാർട്ടപ്പുകളുടെ വളർച്ച സംസ്ഥാനത്തെ പലവിധ വ്യവസായങ്ങളിലുടനീളം ഡിജിറ്റൽ പരിവർത്തനത്തെ ത്വരിതപ്പെടുത്തി. ഡിജിറ്റൽ ഉപകരണങ്ങളുടെയും പ്ലാറ്റ്ഫോമുകളുടെയും സ്വീകാര്യത വർദ്ധിച്ചുവരുന്നതോടെ, സാങ്കേതിക നവീകരണം, സുസ്ഥിരത, സാമ്പത്തിക വൈവിധ്യവൽക്കരണം എന്നിവയിലൂടെ ഭാവി വ്യവസായങ്ങൾ കെട്ടിപ്പടുക്കുന്നതിൽ കേരളത്തിലെ സ്റ്റാർട്ടപ്പുകൾ നിർണായക പങ്ക് വഹിക്കുന്നു. ഹെൽത്ത്ടെക്, അഗ്രിടെക്, ഫിൻടെക്, എഡ്യൂടെക്, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് നമ്മുടെ സ്റ്റാർട്ടപ്പുകൾ പരമ്പരാഗത വ്യവസായങ്ങളെ പരിവർത്തനം ചെയ്യുകയും, ഹരിത സാങ്കേതികവിദ്യകൾ സൃഷ്ടിക്കുകയും, ഡിജിറ്റൽ പരിഹാരങ്ങളിലൂടെ പ്രവേശനക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സ്റ്റാർട്ടപ്പുകൾ വലിയ പങ്ക് വഹിക്കുന്നു. സാങ്കേതികവിദ്യ, നിർമ്മാണം, മാർക്കറ്റിംഗ്, ഉപഭോക്തൃ പിന്തുണ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്യുന്നതിലൂടെ തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ ഈ സംരംഭങ്ങൾ സഹായിക്കുന്നു.

വരുംവർഷങ്ങളിൽ കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ വലിയ വളർച്ചയ്ക്ക് ഒരുങ്ങുകയാണ്. സംസ്ഥാന സർക്കാരിന്റെ നയങ്ങൾ നമ്മുടെ സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ വേണ്ട നിയന്ത്രണ പരിധികൾ കൂടുതൽ ലളിതമാക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ വിഭവങ്ങൾ നൽകുന്നതിനും സഹായകരമാണ്.

ശക്തമായ വളർച്ച, തന്ത്രപരമായ പങ്കാളിത്തങ്ങൾ, നൂതന പരിഹാരങ്ങൾ ഉപയോഗിച്ച് പ്രശ്നങ്ങൾ പരിഹരിക്കൽ, എല്ലാ മേഖലകളിലും തടസ്സങ്ങൾ ഇല്ലാതാക്കുന്നതിന്റേയും പുരോഗതിയുടേതുമായ ഒരു സംസ്കാരം വളർത്തിയെടുക്കൽ എന്നിവയിലൂടെ കേരളം നവീകരണവും സുസ്ഥിരതയുമുള്ള ഒരു ഭാവിയാണ് മുന്നിൽ കാണുന്നത്. പുതിയ ആശയങ്ങൾ, സാങ്കേതികവിദ്യകൾ, ബിസിനസ്സ് ചെയ്യുന്നതിനുള്ള വഴികൾ എന്നിവ അവതരിപ്പിച്ചുകൊണ്ട് ഭാവിയിലെ വ്യവസായങ്ങളെ രൂപപ്പെടുത്തുന്നതിൽ കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ തുടർച്ചയായ വിജയം നിർണായകമാകും. ഇത് സംസ്ഥാനം വർത്തമാനകാലത്ത് അഭിവൃദ്ധി പ്രാപിക്കുക മാത്രമല്ല, ആഗോള സമ്പദ്വ്യവസ്ഥയിൽ ഒരു പ്രധാനിയായി മാറുന്നതിനും സഹായിക്കും.

## പെൺകുട്ടികളുടെ ഭാവി ലക്ഷ്യമിട്ടുള്ള നിക്ഷേപം

ഇന്ത്യയിലുടനീളമുള്ള കോടിക്കണക്കിന് പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം പ്രതീക്ഷയുടെയും ശാക്തീകരണത്തിന്റെയും കിരണമായി സുകന്യ സമൃദ്ധി യോജന നിലകൊള്ളുന്നു. അവരുടെ സ്വപ്നങ്ങൾക്കും അഭിലാഷങ്ങൾക്കും ചിറക് നൽകാനുള്ള സർക്കാരിന്റെ അചഞ്ചലമായ പ്രതിബദ്ധതയെ പദ്ധതി പ്രതിഫലിപ്പിക്കുന്നു. ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ പ്രചാരണത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി 2015 ജനുവരി 22ന് തുടക്കമിട്ട ഈ ദർശനാത്മക പദ്ധതി സാമ്പത്തിക സുരക്ഷയെയും സാമൂഹിക ശാക്തീകരണത്തെയും ഇഴചേർക്കുന്നു. ഈ വർഷം 2025 ജനുവരി 22ന്, 10 വർഷം പൂർത്തിയാക്കുന്ന സുകന്യ സമൃദ്ധി യോജന പെൺമക്കളുടെ ശോഭനമായ ഭാവിയിൽ നിക്ഷേപിക്കാൻ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുകയും സർവ്വാശ്ലേഷിത്വത്തിന്റെയും പുരോഗതിയുടെയും സംസ്കാരം വളർത്തുകയും ചെയ്യുന്നു.

2024 നവംബർ വരെയുള്ള കാലയളവിൽ 4.1 കോടിയിലധികം സുകന്യ സമൃദ്ധി അക്കൗണ്ടുകൾ തുറന്നത് പദ്ധതിയുടെ സ്വീകാര്യതയ്ക്ക് തെളിവാണ്. ഇത് കേവലം സംഖ്യാത്മകമായ നേട്ടമല്ല, മറിച്ച് ഇന്ത്യയിലെ ഓരോ പെൺകുട്ടിക്കും സമത്വപൂർണവും ശോഭനവുമായ ഒരു നല്ല നാളെ കെട്ടിപ്പടുക്കാനുള്ള പരിശ്രമങ്ങളുടെ പ്രതീകമാണ്. ഈ സംരംഭത്തിലൂടെ, ഒരു പെൺകുട്ടി ശാക്തീകരിക്കപ്പെടുമ്പോൾ സാമൂഹിക അടിത്തറയാണ് ശക്തിപ്പെടുന്നത് എന്ന വിശ്വാസം ഊട്ടിയുറപ്പിച്ചുകൊണ്ട്, രാജ്യം പെൺമക്കളുടെ അപരിമേയമായ പ്രതിഭയെ ആഘോഷിക്കുകയാണ്.

*സുകന്യ സമൃദ്ധി യോജന അക്കൗണ്ട് തുറക്കൽ*

പെൺകുട്ടി ജനിച്ച സമയം മുതൽ 10 വയസ് തികയുന്നതുവരെ രക്ഷിതാവിന് അക്കൗണ്ട് തുറക്കാൻ കഴിയും. അക്കൗണ്ട് തുറക്കുന്ന സമയം മുതൽ കാലാവധി പൂർത്തിയാകുന്ന/അവസാനിപ്പിക്കുന്ന സമയം വരെ ഇന്ത്യയിൽ താമസിക്കുന്ന ഏതൊരു പെൺകുട്ടിക്കും പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ട്. ഒരു കുട്ടിക്ക് ഒരു അക്കൗണ്ട് മാത്രമേ അനുവദിക്കൂ. രണ്ട് കുട്ടികൾക്കായി പരമാവധി രണ്ട് അക്കൗണ്ടുകൾ തുറക്കാൻ മാതാപിതാക്കൾക്ക് അനുവാദമുണ്ട്. എന്നാൽ, ഇരട്ടക്കുട്ടികളോ മൂന്നു കുട്ടികളോ ഒരു പ്രസവത്തിൽ ജനിക്കുകയാണെങ്കിൽ കൂടുതൽ അക്കൗണ്ടുകൾ അനുവദനീയമാണ്. അക്കൗണ്ട് ഇന്ത്യയിലെവിടേയ്ക്കും മാറ്റാവുന്നതാണ്. അക്കൗണ്ട് തുറക്കുന്നതിന് ഇനിപ്പറയുന്ന രേഖകൾ ആവശ്യമാണ്: സുകന്യ സമൃദ്ധി അക്കൗണ്ട് തുറക്കുന്നതിനുള്ള ഫോം

പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ (ഞആക ഗഥഇ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം), സ്ഥിര താമസത്തിനുള്ള തെളിവ് (RBI KYC മാർഗനിർദ്ദേശങ്ങൾ പ്രകാരം).

*ആവശ്യമുള്ള നിക്ഷേപം*

പദ്ധതി പ്രകാരം, ഏതെങ്കിലും പോസ്റ്റ് ഓഫീസിലോ നിയുക്ത വാണിജ്യ ബാങ്ക് ശാഖയിലോ മാതാപിതാക്കൾക്ക് പെൺകുട്ടികൾക്കായി സുകന്യ സമൃദ്ധി അക്കൗണ്ട് തുറക്കാൻ കഴിയും. കുറഞ്ഞത് 250 രൂപ പ്രാരംഭ നിക്ഷേപത്തിൽ അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. തുടർന്ന് 50ന്റെ ഗുണിതങ്ങളായി നിക്ഷേപിക്കാം. ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 250 രൂപ നിക്ഷേപിക്കണം. മൊത്തം വാർഷിക നിക്ഷേപ പരിധി 1,50,000 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു; അധിക തുകയ്ക്ക് പലിശ ലഭിക്കില്ല. അത് തിരികെ ലഭിക്കും. അക്കൗണ്ട് തുറന്ന തീയതി മുതൽ പതിനഞ്ച് വർഷം വരെ നിക്ഷേപം നടത്താം.

*അക്കൗണ്ട് കൈകാര്യം ചെയ്യേണ്ട വിധം*

പെൺകുട്ടിക്ക് പതിനെട്ട് വയസ് തികയുന്നതുവരെ രക്ഷിതാവാണ് അക്കൗണ്ട് കൈകാര്യം ചെയ്യേണ്ടത്. സമ്പാദ്യത്തിന് മേൽനോട്ടം വഹിക്കാനും കുട്ടിയുടെ വിദ്യാഭ്യാസത്തിനും ഭാവി ആവശ്യങ്ങൾക്കും ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഇത് രക്ഷിതാവിന് അവസരം നൽകുന്നു. പതിനെട്ട് വയസ് തികയുമ്പോൾ, ആവശ്യമായ രേഖകൾ സമർപ്പിച്ച് അക്കൗണ്ടിന്റെ നിയന്ത്രണം അക്കൗണ്ട് ഉടമയ്ക്ക് ഏറ്റെടുക്കാൻ കഴിയും.

*പലിശ കണക്കാക്കുന്നത്*

അഞ്ചാംദിവസം അവസാനിക്കുന്നതിനും മാസാവസാനത്തിനുമിടയിലുള്ള അക്കൗണ്ടിലെ ഏറ്റവും കുറഞ്ഞ ബാലൻസ് അടിസ്ഥാനമാക്കിയാണ് പ്രതിമാസ പലിശ കണക്കാക്കുന്നത്. ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനം, ഈ പലിശ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. പൈസയിലുള്ള തുകകൾ തൊട്ടടുത്ത രൂപയിലേക്ക് റൗണ്ട് ചെയ്യും. അമ്പത് പൈസയോ കൂടുതലോ ഉള്ള തുകകൾ റൗണ്ട് അപ്പ് ചെയ്യപ്പെടും. അതിൽ കുറഞ്ഞവ റൗണ്ട് ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കും. അക്കൗണ്ട് മാറ്റുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഉണ്ടായാലും, സാമ്പത്തിക വർഷാവസാനം പലിശ ക്രെഡിറ്റ് ചെയ്യപ്പെടും. ഇത് പെൺകുട്ടിയുടെ നിക്ഷേപത്തിന്റ വളർച്ച സ്ഥിരവും സുരക്ഷിതവുമായി തുടരുന്നുവെന്ന് ഉറപ്പാക്കുന്നു.

*അക്കൗണ്ട് കാലാവധി*

അക്കൗണ്ട് ഉടമയ്ക്ക് ഇരുപത്തിയൊന്ന് വയസ് തികയുമ്പോൾ അക്കൗണ്ട് കാലാവധി പൂർത്തിയാകും. എന്നിരുന്നാലും, പ്രത്യേക സാഹചര്യങ്ങളിൽ, പ്രത്യേകിച്ച് അക്കൗണ്ട് ഉടമ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, നേരത്തെയുള്ള അക്കൗണ്ട് അവസാനിപ്പിക്കൽ അനുവദനീയമാണ്. അത്തരം സന്ദർഭങ്ങളിൽ, അക്കൗണ്ട് ഉടമ നോട്ടറി സാക്ഷ്യപ്പെടുത്തിയ നോൺ-ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറിൽ അപേക്ഷ സമർപ്പിക്കുകയും വിവാഹ തീയതിയിൽ പതിനെട്ട് വയസ് തികയുമെന്നതിന് തെളിവ് സമർപ്പിക്കുകയും വേണം. നേരത്തെയുള്ള ഈ അക്കൗണ്ട് അവസാനിപ്പിക്കൽ വിവാഹത്തിന് മുമ്പ് ഒരു മാസത്തിനുള്ളിൽ അനുവദിക്കും. വിവാഹത്തിന് ശേഷം മൂന്ന് മാസത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിരിക്കണം. അംഗീകാരം ലഭിച്ചാൽ, ബാധകമായ പലിശ സഹിതം തുക അക്കൗണ്ട് ഉടമയ്ക്ക് ലഭിക്കുന്നതിനായി ഒരു അപേക്ഷാ ഫോം സമർപ്പിക്കാം. ഇത് അത്യാവശ്യ സമയത്ത് പണം ലഭിക്കുമെന്ന് ഉറപ്പാക്കുന്നു.

*പിൻവലിക്കൽ*

ഒരു അക്കൗണ്ട് ഉടമയ്ക്ക് മുൻ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി, ബാലൻസ് തുകയുടെ അമ്പത് ശതമാനം വരെ പിൻവലിക്കാം. അക്കൗണ്ട് ഉടമയ്ക്ക് പതിനെട്ട് വയസ് തികയുമ്പോഴോ പത്താം ക്ലാസ് പൂർത്തിയാക്കുമ്പോഴോ, ഏതാണ് ആദ്യം, അതിനുശേഷം മാത്രമേ പിൻവലിക്കൽ അനുവദനീയമാകൂ. ഈ പ്രക്രിയ ആരംഭിക്കുന്നതിന്, അക്കൗണ്ട് ഉടമ അനുബന്ധ രേഖകൾക്കൊപ്പം അപേക്ഷ സമർപ്പിക്കണം. പ്രവേശനം സ്ഥിരീകരിക്കുന്ന രേഖ, അല്ലെങ്കിൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ള ഫീസ് രസീത് എന്നിവ ഉദാഹരണം. പിൻവലിക്കൽ ഒരുമിച്ചോ ഗഡുക്കളായോ നടത്താം. അഞ്ച് വർഷം വരെ പ്രതിവർഷം പരമാവധി ഒരു പിൻവലിക്കൽ അനുവദിക്കും. പിൻവലിക്കുന്ന തുക പ്രവേശന രേഖയിലോ ഫീസ് രസീതിലോ പറഞ്ഞിരിക്കുന്ന തുകയിൽ കവിയുന്നില്ലെന്ന് ഉറപ്പാക്കും.

*അകാലത്തിലുള്ള അക്കൗണ്ട് ക്ലോഷർ*

അക്കൗണ്ട് ഉടമയുടെ അകാല മരണമുണ്ടായാൽ, മതിയായ അധികാരമുള്ള ഉദ്യോഗസ്ഥൻ നൽകുന്ന മരണ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിച്ച ഉടൻ അക്കൗണ്ട് അവസാനിപ്പിക്കാൻ കഴിയും. മരണ തീയതി വരെയുള്ള തുകയും പലിശയും രക്ഷിതാവിന് നൽകും. കൂടാതെ, അക്കൗണ്ട് ഉടമയുടെ മരണത്തിനും അക്കൗണ്ട് അവസാനിപ്പിക്കുന്നതിനും ഇടയിലുള്ള കാലയളവിലെ പലിശ പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ടുകളുടെ നിരക്കിൽ കണക്കാക്കും. കൂടാതെ, ജീവൻ അപകടപ്പെടുത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ, രക്ഷിതാവിന്റെ മരണംപോലുള്ള അങ്ങേയറ്റം ദയാർഹമായ സാഹചര്യങ്ങളിൽ, സമഗ്രമായ രേഖകൾ നൽകിയശേഷം അകാലത്തിൽ അക്കൗണ്ട് അവസാനിപ്പിക്കാൻ അനുവദിച്ചേക്കാം. എന്നിരുന്നാലും, അക്കൗണ്ട് തുറന്ന് ആദ്യത്തെ അഞ്ച് വർഷത്തിനുള്ളിൽ അകാലത്തിൽ അക്കൗണ്ട് അവസാനിപ്പിക്കാനാവില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്.

ഇന്ത്യയിലെ പെൺകുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പരിവർത്തനാത്മക സംരംഭമാണ് സുകന്യ സമൃദ്ധി യോജന. കുടുംബങ്ങളിൽ സാമ്പത്തിക അച്ചടക്കം വളർത്തിയെടുക്കുന്നതിലൂടെയും വിദ്യാഭ്യാസത്തിനും ശാക്തീകരണത്തിനും മുൻഗണന നൽകുന്നതിലൂടെയും സമഗ്രമായ സാമൂഹിക പുരോഗതിക്ക് ഈ പദ്ധതി ശക്തമായ പ്രേരണയായി നിലകൊള്ളുന്നു. അക്കൗണ്ടുകളുടെ എണ്ണത്തിലെ സ്ഥിരതയാർന്ന വളർച്ച ഈ ദർശനാത്മക പദ്ധതിയെക്കുറിച്ചുള്ള വർദ്ധിച്ചുവരുന്ന അവബോധത്തെയും അതിന്റെ സ്വീകാര്യതയെയും പ്രതിഫലിപ്പിക്കുന്നു. ലിംഗസമത്വത്തിലേക്കും സർവ്വാശ്ലേഷിത്വത്തിലേക്കും രാജ്യം പ്രയാണം തുടരുമ്പോൾ, പിന്തുണയ്ക്കപ്പെടുകയും ശാക്തീകരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം സ്വപ്നം കാണാനും നേട്ടങ്ങൾ സ്വായത്തമാക്കാനും അഭിവൃദ്ധി പ്രാപിക്കാനുമുള്ള അവസരം സുകന്യ സമൃദ്ധി യോജന ഓരോ പെൺകുട്ടിക്കും ഉറപ്പാക്കുന്നു.



എയർ കേരള ചെയർമാൻ, വൈസ് ചെയർമാൻ, സിഇഒ എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചപ്പോൾ.

# എയർ കേരള ഉടമകൾ മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

കൊച്ചി: വ്യോമയാനരംഗത്ത് മലയാളി സംരംഭകരുടെ ഉടമസ്ഥതയിൽ പറന്നുയരാൻ തയാറെടുക്കുന്ന എയർ കേരളയ്ക്ക് പൂർണപിന്തുണയുമായി സംസ്ഥാനം. പ്രവർത്തന പുരോഗതി അറിയിക്കാൻ എയർ കേരള ചെയർമാൻ, വൈസ് ചെയർമാൻ, സിഇഒ എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചു.

എയർ കേരള പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നതായി മുഖ്യമന്ത്രി അറിയിച്ചതായി ഉടമകൾ വ്യക്തമാക്കി.

സ്പീക്കർ എ.എൻ.ഷംസീർ, മന്ത്രി കെ.രാജൻ, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പ്രതിപക്ഷ ഉപനേതാവ് പി.കെ.കുഞ്ഞാലിക്കുട്ടി, സിയാൽ ഡയറക്ടർ ബോർഡ് അംഗം കൂടിയായ അൻവർ സാദത്ത് എംഎൽഎ, എംഎൽഎമാരായ സണ്ണി ജോസഫ്, മാണി സി.കാപ്പൻ തുടങ്ങിയവരുമായും ഉടമകൾ ചർച്ച നടത്തി.

എയർ കേരള ചെയർമാൻ അഫി അഹമ്മദ്, വൈസ് ചെയർമാൻ അയ്യൂബ് കല്ലട, സിഇഒ ഹരീഷ് കുട്ടി, ഗ്രൗണ്ട് ഓപ്പറേഷൻസ് മേധാവി ഷാമോൻ പട്ടവാതുക്കൽ, സയ്യിദ് മുഹമ്മദ് എന്നിവരാണ് പ്രതിനിധിസംഘത്തിൽ ഉണ്ടായിരുന്നത്.



# അറബ് ഹെൽത്തിൽ നവീകരിച്ച 'മൈആസ്റ്റർ ആപ്പ്' അവതരിപ്പിച്ച് ആസ്റ്റർ ഫാർമസി

ദുബായ്: ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ നടക്കുന്ന അറബ് ഹെൽത്തിൽ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഗ്രൂപ്പിന്റെ ഭാഗമായ ജിസിസിയിലെ പ്രമുഖ റീട്ടെയിൽ ശൃംഖലയായ ആസ്റ്റർ ഫാർമസി നവീകരിച്ച 'മൈആസ്റ്റർ ആപ്പ്' അവതരിപ്പിച്ചു. നിലവിൽ 2 ദശലക്ഷത്തിലധികം ഡൗൺലോഡുകളുള്ള ഈ അപ്ലിക്കേഷൻ ടെലിമെഡിസിൻ, ഇ-ഫാർമസി, ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡുകൾ എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നു. അപ്ലിക്കേഷനിലെ ടെലികൺസൾട്ടേഷൻ, ലാബ് ഓൺ ആപ്പ് എന്നിവ പോലുള്ള സവിശേഷതകൾ, ആശുപത്രികളിൽ നേരിട്ടുള്ള സന്ദർശനവും പേപ്പർ ഉപയോഗവും കുറയ്ക്കാൻ സഹായിക്കുന്നു.

ഈ വർഷത്തെ അറബ് ഹെൽത്തിലെ ആസ്റ്റർ ഫാർമസി ബൂത്തിൽ 12 രാജ്യങ്ങളെ പ്രതിനിധീകരിച്ച് ആൽഫ വണ്ണിന് കീഴിലെ 37 ബ്രാൻഡ് ഉൽപന്നങ്ങളാണ് പ്രദർശിപ്പിക്കുന്നത്. ആന്റി-ഏജിംഗ് സപ്ലിമെന്റുകൾ, പ്ലാന്റ് അധിഷ്ഠിത പ്രോട്ടീനുകൾ, പ്രോബയോട്ടിക്സ്, ന്യൂട്രീഷ്യൻ ആന്റ് ഹെർബൽ സപ്ലിമെന്റുകൾ, മരുന്നുകൾ, വെൽനസ് ഉൽപന്നങ്ങൾ എന്നിവയുമായെത്തുന്ന ആറ് പുതിയ ബ്രാൻഡുകൾ അവരുടെ പ്രാദേശിക ലോഞ്ചിങ്ങും അറബ് ഹെൽത്ത് വേദിയിൽ നടത്തും.

ആസ്റ്റർ ഫാർമസി ബൂത്ത് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ ഉദ്ഘാടനം ചെയ്തു. യുഎഇയുടെ വിഷൻ 2031നെ പിന്തുണയ്ക്കുന്നതിൽ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ അഭിമാനിക്കുന്നുവെന്ന് ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

# രവിപിള്ളയ്ക്ക് കേരളത്തിന്റെ സ്നേഹാദരം ഫെബ്രുവരി 5ന്



തിരുവനന്തപുരം: ബഹ്റിൻ സർക്കാരിന്റെ പരമോന്നത ബഹുമതി നേടിയ പ്രവാസി വ്യവസായി ഡോ. ബി.രവിപിള്ളയ്ക്ക് ഫെബ്രുവരി അഞ്ചിന് കേരളത്തിന്റെ സ്നേഹാദരം.

അഞ്ചിന് വൈകുന്നേരം ടാഗോർ തീയേറ്ററിൽ 'രവിപ്രഭ' എന്ന പേരിൽ നടക്കുന്ന സ്നേഹസംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഗോവ ഗവർണർ പി.എസ്.ശ്രീധരൻപിള്ള, പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ, ചലച്ചിത്ര താരം മോഹൻലാൽ, മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും.

'രവിപ്രഭ'യുടെ ഭാഗമായി ഫെബ്രുവരി രണ്ടിന് രാവിലെ ഒൻപതു മുതൽ യുണിവേഴ്സിറ്റി കോളേജിൽ രവിപിള്ളയുടെ ജീവിതയാത്ര അടയാളപ്പെടുത്തുന്ന ഫോട്ടോ പ്രദർശനം സംഘടിപ്പിക്കും.

# സിക്കിം സംസ്ഥാന ബാങ്ക് സംഘം കേരള ബാങ്ക് സന്ദർശിച്ചു

തിരുവനന്തപുരം: കേരള ബാങ്കിന്റെ വിജയകരമായ കഴിഞ്ഞ അഞ്ചു വർഷക്കാല പ്രവർത്തനങ്ങളെക്കുറിച്ചു പഠിക്കുന്നതിനായി സിക്കിം സംസ്ഥാന സഹകരണ ബാങ്കിൽ നിന്നുള്ള സംഘം കേരള ബാങ്ക് സന്ദർശിച്ചു. സിക്കിം സംസ്ഥാന സഹകരണ ബാങ്ക് വൈസ് പ്രസിഡന്റ് കിഷോർ കുമാർ ശർമയുടെ നേതൃത്വത്തിലുള്ള എട്ടംഗ സംഘമാണ് ബാങ്ക് സന്ദർശിച്ചത്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി എം. ചാക്കോ, ചീഫ് ജനറൽ മാനേജർ എ.ആർ.രാജേഷ്, ജനറൽ മാനേജർ ഡോ.ആർ. ശിവകുമാർ, മറ്റു ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തി.

കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന വിവിധോദ്ദേശ്യ പദ്ധതികൾ മാതൃകാപരമാണെന്നും ഇതുപോലെ സിക്കിം സംസ്ഥാനത്ത് നടപ്പാക്കാൻ ശ്രമിക്കുമെന്നും ബാലരാമപുരം, നന്ദിയോട് സർവീസ് സഹകരണ ബാങ്കുകൾ സന്ദർശിച്ച സംഘം അഭിപ്രായപ്പെട്ടു.

## ബിസിനസ് വാർത്തകൾ വിശേഷങ്ങൾ

# സർക്കാർ സ്കൂളുകളിൽ മുത്തൂറ്റ് പദ്ധതി

കൊച്ചി: മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ് അഞ്ചു സംസ്ഥാനങ്ങളിലെ സർക്കാർ സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതിക്ക് തുടക്കമിട്ടു.

ഇതിന്റെ ഭാഗമായി 2024-25 അധ്യയനവർഷം കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന, കർണാടക എന്നിവിടങ്ങളിലെ 150 സർക്കാർ സ്കൂളുകൾക്ക് ലൈബ്രറി കിറ്റുകൾ വിതരണം ചെയ്തു.

സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് ഉന്നത നിലവാരത്തിലുള്ള പുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും നൽകിയെന്ന് അധികൃതർ അറിയിച്ചു.

# ബാങ്ക് ഓഫ് ബറോഡ ബോബ് ലിക്വിഡ് ഫിക്സഡ് ഡെപ്പോസിറ്റുകൾ അവതരിപ്പിച്ചു

കൊച്ചി: ബാങ്ക് ഓഫ് ബറോഡ പരമ്പരാഗത സ്ഥിരനിക്ഷേപത്തിനു ബദലായി 'ബോബ് ലികിഡ് ഫിക്സഡ് ഡെപ്പോസിറ്റ്' അവതരിപ്പിച്ചു. നിക്ഷേപകർക്ക് ഉയർന്ന റിട്ടേൺ നൽകുന്നതാണ് ബോബ് ലികിഡ് എഫ്ഡികൾ. ഭാഗിക പിൻവലിക്കൽ സൗകര്യവുമുണ്ട്.

അതേസമയം ബാക്കിയുള്ള ഫണ്ടുകൾ അതേ എഫ്ഡിയിൽ കരാർ നിരക്കിൽ പലിശ നേടുന്നത് തുടരും. നിക്ഷേപകർക്ക് ഉയർന്ന റിട്ടേൺ, കുറഞ്ഞ മുൻകൂർ പെനാൽറ്റി, ആവശ്യമുള്ളപ്പോൾ ഫണ്ടുകളിലേക്കുള്ള പ്രവേശനം എന്നീ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നു.

ഒരു വർഷത്തേക്ക് 6.85 ശതമാനമാണ് പലിശ. മുതർന്ന പൗരന്മാർക്ക് ഇത് 7.35 ശതമാനവും. 5,000 രൂപയാണ് കുറഞ്ഞ നിക്ഷേപ തുക. അതിനുശേഷം 1,000 രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. ഉയർന്ന പരിധിയില്ല.

# സൗത്ത് ഇന്ത്യൻ ബാങ്കിന് റിക്കാർഡ് അറ്റാദായം

കൊച്ചി: സാമ്പത്തിക വർഷത്തിലെ മൂന്നാംപാദത്തിൽ സൗത്ത് ഇന്ത്യൻ ബാങ്കിന് മികച്ച അറ്റാദായം. 11.96 ശതമാനം വാർഷിക വളർച്ചയോടെ 341.87 കോടി രൂപയാണ് ബാങ്ക് നേടിയ ലാഭം. മുൻവർഷം ഇതേ കാലയളവിൽ 305.36 കോടി രൂപയായിരുന്നു. ബാങ്കിന്റെ പ്രവർത്തനലാഭം മുൻവർഷത്തെ 483.45 കോടി രൂപയിൽ നിന്ന് 528.84 കോടി രൂപയായും വർധിച്ചു. 9.39 ശതമാനമാണ് വാർഷിക വളർച്ച.

മൊത്ത നിഷ്ക്രിയ ആസ്തികൾ മുൻവർഷത്തെ 4.74 ശതമാനത്തിൽനിന്ന് 44 പോയിന്റുകൾ കുറച്ച് 4.30 ശതമാനത്തിലെത്തിച്ചു. അറ്റ നിഷ്ക്രിയ ആസ്തി 36 പോയിന്റുകൾ കുറച്ച് 1.61 ശതമാനത്തിൽനിന്നും 1.25 ശതമാനത്തിലെത്തിക്കാനും ബാങ്കിന് കഴിഞ്ഞു. ആസ്തികളിലുള്ള വരുമാനം 1.07 ശതമാനത്തിൽനിന്ന് 1.12 ശതമാനമായും വർധിച്ചു. അറ്റ പലിശ വരുമാനം 6.13 ശതമാനം വാർഷിക വളർച്ചയോടെ 869.26 കോടി രൂപയിലെത്തി.

എഴുതിത്തള്ളൽ ഉൾപ്പെടുത്തിയുള്ള കിട്ടാക്കടങ്ങളുടെ നീക്കിയിരിപ്പ് അനുപാതം 310 പോയിന്റുകൾ വർധിച്ച് 81.07 ശതമാനമായി. എഴുതിത്തള്ളലിന് പുറമെയുള്ള കിട്ടാക്കടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 465 പോയിന്റുകൾ വർധിച്ച് 71.73 ശതമാനവുമായി.

റീട്ടെയിൽ നിക്ഷേപങ്ങൾ 7.71 ശതമാനം വളർച്ചയോടെ 1,02,420 കോടി രൂപയിലെത്തി. പ്രവാസി (എൻആർഐ) നിക്ഷേപം 6.49 ശതമാനം വർധിച്ച് 31,132 കോടി രൂപയിലെത്തി. മുൻവർഷം ഈ കാലയളവിൽ 29,236 കോടി രൂപയായിരുന്നു.

മുൻവർഷത്തെ അപേക്ഷിച്ച് കാസ (കറന്റ് അക്കൗണ്ട് ആന്റ് സേവിംഗ്സ് അക്കൗണ്ട്) നിക്ഷേപം 4.13 ശതമാനം വർധിച്ചു. സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിൽ 3.37 ശതമാനവും കറന്റ് അക്കൗണ്ട് നിക്ഷേപത്തിൽ 7.73 ശതമാനവുമാണ് വർധന. വായ്പാ വിതരണത്തിൽ 11.95 ശതമാനം വളർച്ച കൈവരിച്ചതായും സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി.ആർ.ശേഷാദ്രി പറഞ്ഞു.



പി.ആർ.ശേഷാദ്രി

# കനറാ ബാങ്കിന് 4,104 കോടി രൂപ അറ്റാദായം

കൊച്ചി: നടപ്പു സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ കനറാ ബാങ്ക് 4,104 കോടി രൂപയുടെ അറ്റാദായം നേടി. 12.25 ശതമാനമാണ് വർധന.

ബാങ്കിന്റെ ആകെ ബിസിനസ് 9.30 ശതമാനം വളർച്ചയോടെ 24.19 ലക്ഷം കോടി രൂപയിലെത്തി. ഡിസംബർ മാസത്തെ കണക്കനുസരിച്ച്, 13.69 ലക്ഷം കോടി രൂപയുടെ നിക്ഷേപവും 10.49 ലക്ഷം കോടി രൂപയുടെ വായ്പയുമാണ് രേഖപ്പെടുത്തിയത്.

നിക്ഷേപങ്ങളിൽ 8.44 ശതമാനവും വായ്പകളിൽ 10.45 ശതമാനവുമാണ് വാർഷിക വളർച്ച. മൊത്ത നിഷ്ക്രിയ ആസ്തികളിൽ മുൻവർഷത്തെ ഇതേപാദത്തിലെ 4.39 ശതമാനത്തിൽനിന്നും 3.34 ശതമാനമാക്കി കുറയ്ക്കാൻ സാധിച്ചു. അറ്റ നിഷ്ക്രിയ ആസ്തി മുൻവർഷത്തെ 1.32 ശതമാനത്തിൽനിന്ന് 0.89 ശതമാനമായി കുറഞ്ഞു. ഡിസംബറിലെ കണക്കുപ്രകാരം, കനറാ ബാങ്കിന് രാജ്യത്തുടനീളം 9816 ശാഖകളും 9715 എടിഎമ്മുകളുമുണ്ട്.

# പിഎൻബി സ്ഥിരനിക്ഷേപ പലിശ നിരക്ക് പരിഷ്കരിച്ചു

ന്യൂഡൽഹി: പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) സ്ഥിരനിക്ഷേപത്തിന്റെ പലിശനിരക്ക് പരിഷ്കരിച്ചു. മൂന്ന് കോടി രൂപയിൽ താഴെയുള്ള നിക്ഷേപങ്ങൾക്കായി രണ്ട് പുതിയ കാലാവധിയിയിലുള്ള നിക്ഷേപ പദ്ധതികളും അവതരിപ്പിച്ചു. ഇത് ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വന്നു. തെരഞ്ഞെടുക്കുന്ന കാലാവധിയനുസരിച്ച് പലിശ നിരക്കിൽ മാറ്റമുണ്ടാകും.

ഏഴു ശതമാനം പലിശ ലഭിക്കുന്ന 303 ദിവസത്തെയും 6.7 ശതമാനം പലിശ ലഭിക്കുന്ന 506 ദിവസത്തെയും സ്ഥിരനിക്ഷേപ പദ്ധതികളാണ് പുതുതായി അവതരിപ്പിച്ചത്.

സ്ഥിരനിക്ഷേപങ്ങളുടെ പലിശനിരക്ക് പരിഷ്കരിച്ചതോടെ, ഏഴു ദിവസം മുതൽ 10 വർഷം വരെ കാലാവധിയുള്ള നിക്ഷേപ പദ്ധതികളുടെ പലിശനിരക്ക് 3.5 ശതമാനം മുതൽ 7.25 ശതമാനം വരെയായി. പൊതുവിഭാഗങ്ങൾക്ക് 400 ദിവസം കാലാവധിയുള്ള നിക്ഷേപ പദ്ധതി തെരഞ്ഞെടുത്താൽ ആണ് 7.25 ശതമാനം പലിശ ലഭിക്കുക.

മുതിർന്ന പൗരന്മാർക്കും സൂപ്പർ സീനിയേഴ്സിനും (80 വയസിനു മുകളിൽ) ഇതിൽ കൂടുതൽ പലിശ ലഭിക്കും. 400 ദിവസം കാലാവധിയുള്ള പ്ലാൻ തെരഞ്ഞെടുക്കുന്ന മുതിർന്ന പൗരന്മാർക്ക് 7.75 ശതമാനമാണ് പരമാവധി ലഭിക്കുക.

303 ദിവസം കാലാവധിയുള്ള പദ്ധതി തെരഞ്ഞെടുത്താൽ 7.50 ശതമാനവും 506 ദിവസത്തെ പദ്ധതിയാണ് തെരഞ്ഞെടുക്കുന്നതെങ്കിൽ 7.20 ശതമാനവും പലിശ ലഭിക്കും. 400 ദിവസത്തെ നിക്ഷേപ പദ്ധതി തെരഞ്ഞെടുക്കുന്ന സൂപ്പർ സീനിയേഴ്സിന് 8.05 ശതമാനം പലിശ ലഭിക്കും.



# ഭീമ ജുവല്സിന്റെ പുതിയ ഷോറൂം തെലുങ്കാനയിൽ

കൊച്ചി: നൂറാം വാർഷികം ആഘോഷിക്കുന്ന ഭീമ ജുവൽസ് തെലങ്കാനയിലെ ഖമ്മം നഗരത്തിൽ പുതിയ ഷോറൂം തുറന്നു.

ഉദ്ഘാടനത്തിന്റെ ഭാഗമായി പർച്ചേസുകൾക്ക് ഗ്രാൻഡ് ഓപ്പണിംഗ് ഓഫറുകൾ ഉണ്ടാകുമെന്ന് ഭീമ ജുവൽസ് ചെയർമാൻ ബി.ബിന്ദു മാധവ് പറഞ്ഞു.

മാനേജിംഗ് ഡയറക്ടർ അഭിഷേക് ബിന്ദുമാധവ്, ഖമ്മം മേയർ പി.നീരജ, നടി റിതു വർമ, ഭീമ ജുവൽസ് സിഇഒ ഗോപകുമാർ, വിജയ നിർമല എന്നിവർ പങ്കെടുത്തു.

# ഔഷധി നവീകരണത്തിന് തുടക്കമായി

തൃശൂർ: മരുന്നുകളിൽ ലോഹാംശമുണ്ടോയെന്നു പരിശോധിക്കാനുള്ള ഐസിപി-എംഎസ് സൗകര്യം കേരളത്തിലാദ്യമായി ഔഷധിയിൽ ഏർപ്പെടുത്തുന്നത് അഭിമാനാർഹമാണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു.

ഔഷധി ആധുനികീകരണ പ്രവൃത്തികളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

പുതുതായി സ്ഥാപിച്ച ഐസിപി-എംഎസ് യൂണിറ്റിന്റെ ഉദ്ഘാടനവും ഔഷധി പഞ്ചകർമ ആശുപത്രി ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് എൻഎബിഎച്ച് അക്രെഡിറ്റേഷൻ ലഭിച്ചതിന്റെ പ്രഖ്യാപനവും മന്ത്രി നിർവഹിച്ചു.

ഔഷധി ചെയർപേഴ്സൺ ശോഭന ജോർജ് അധ്യക്ഷത വഹിച്ചു. ഔഷധി മാനേജിംഗ് ഡയറക്ടർ ഡോ. ടി.കെ.ഹൃദീക് റിപ്പോർട്ട് അവതരിപ്പിച്ചു. കോർപറേഷൻ കൗൺസിലർ ശ്യാമള വേണുഗോപാലൻ, ഔഷധി ഭരണ സമിതി അംഗങ്ങളായ കെ.എഫ്.ഡേവിസ്, കുര്യാക്കോസ് പ്ലാപ്പറമ്പിൽ, ഫിനാൻഷ്യൽ കൺട്രോളർ പി.എം. ലതാകുമാരി, ജനറൽ മാനേജർ ഇ.ഷിബു എന്നിവർ പ്രസംഗിച്ചു.



ഔഷധി ആധുനികീകരണ പ്രവൃത്തികളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു. ഔഷധി ചെയർപേഴ്സൺ ശോഭന ജോർജ് തുടങ്ങിയവർ സമീപം.

# എൽഐസിയിൽ മൾട്ടി അസറ്റ് ഫണ്ട് ഓഫർ

കൊച്ചി: എൽഐസി മ്യൂചൽ ഫണ്ട് ബഹുവിധ ആസ്തികൾക്കായി മൾട്ടി അസെറ്റ് അലോക്കേഷൻ ഫണ്ട് ആരംഭിച്ചു.

ഓഹരികളിലും കടപ്പത്രങ്ങളിലും സ്വർണത്തിലും നിക്ഷേപിക്കാവുന്ന മൾട്ടി അസെറ്റ് ഫണ്ടുകളാണ് എൽഐസി മ്യൂചൽ ഫണ്ട് പുറത്തിറക്കിയിരിക്കുന്നത്.

പുതിയ ഫണ്ട് ഓഫർ (എൻഎഫ്ഒ) ഫെബ്രുവരി ഏഴിനു സമാപിക്കും. വൈവിധ്യമാർന്ന ആസ്തികളിൽ നിക്ഷേപിച്ച് ദീർഘകാല മൂലധന ലാഭം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

65 ശതമാനം നിഫ്റ്റി 500 കമ്പനികളിലും 25 ശതമാനം നിഫ്റ്റിയുടെ സംയുക്ത കടപ്പത്ര സൂചികയിലും 10 ശതമാനം ആഭ്യന്തര സ്വർണവിലയിലുമാണ് നിക്ഷേപിക്കുകയെന്ന് അധികൃതർ അറിയിച്ചു.

# 55 കഴിഞ്ഞവർക്ക് കരുതലായി ഫെഡറൽ ബാങ്കിന്റെ പുതിയ സേവിംഗ്സ് അക്കൗണ്ട് എസ്റ്റീം

കൊച്ചി: മുൻനിര പൊതുമേഖലാ ബാങ്കായ ഫെഡറൽ ബാങ്ക് 55 വയസു കഴിഞ്ഞവർക്കു വേണ്ടിയുള്ള സേവിംഗ്സ് അക്കൗണ്ടായ 'എസ്റ്റീം' അവതരിപ്പിച്ചു. കൊച്ചി മൺസൂൺ എംപ്രസിൽ നടന്ന ചടങ്ങിൽ വൈസ് പ്രസിഡന്റും ഫെഡറൽ ബാങ്ക് എറണാകുളം റീജിയണൽ മേധാവിയുമായ ടി.എസ്.മോഹൻദാസ് സ്വാഗതം പറഞ്ഞു. പ്രമുഖ വ്യക്തികളായ ഗീതാ രാമചന്ദ്രൻ, എം.ആർ.ശരത് കൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ ടോക്ക്ഷോയും സംഘടിപ്പിച്ചു.

55 വയസു കഴിഞ്ഞവർക്ക് അനുയോജ്യമായ പാക്കേജാണ് പുതിയ എസ്റ്റീം സേവിങ്സ് ബാങ്ക് അക്കൗണ്ടിലൂടെ ലഭ്യമാകുന്നത്. ബാങ്കിന്റെ ഇടപാടുകാർക്കും അക്കൗണ്ട് തുടങ്ങാൻ താൽപര്യമുള്ളവർക്കും പുതിയ സ്കീമിനെ കുറിച്ച് അറിയാനുള്ള അവസരമാണ് ഈ ചടങ്ങെന്നും അദ്ദേഹം വ്യക്തമാക്കി.

*എസ്റ്റീം അക്കൗണ്ടിന്റെ സവിശേഷതകൾ:*

* കോംപ്ലിമെന്ററി ഇൻഷുറൻസ് കവർ : ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തി സൗജന്യ വാർഷിക ആരോഗ്യ പരിശോധന, ഹോസ്പിറ്റൽ ക്യാഷ് സൗകര്യം, ഡോക്ടർ ഓൺ കോൾ സൗകര്യം എന്നിവ ഉൾപ്പെടുന്നു.



ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റും എറണാകുളം റീജിയണൽ മേധാവിയുമായ ടി എസ് മോഹൻദാസ്, ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് (റീട്ടെയ്ൽ ബിസിനസ്) അനിൽ വി.പി, സോഷ്യൽ മീഡിയ താരങ്ങളായ ഗീതാ രാമചന്ദ്രൻ, എം.ആർ.ശരത് കൃഷ്ണൻ എന്നിവർ ചേർന്ന് 55 വയസു കഴിഞ്ഞവർക്കു വേണ്ടിയുള്ള സേവിംഗ്സ് അക്കൗണ്ടായ 'എസ്റ്റീം' അവതരിപ്പിക്കുന്നു

* എയർപോർട്ട് ലോഞ്ച് ആക്സസ് : ഇടപാടുകാർക്ക് മൂന്നു മാസത്തിൽ രണ്ടു തവണ കോംപ്ലിമെന്ററി എയർപോർട്ട് ലോഞ്ച് ആക്സസിന് അർഹത.

* എക്സ്ക്ലൂസീവ് ഡെബിറ്റ് കാർഡ് ഓഫറുകൾ : ആരോഗ്യം, അവശ്യ സേവനങ്ങൾ, മുതിർന്ന പരിചരണ സേവനങ്ങൾ തുടങ്ങിയവയിൽ പ്രത്യേക ആനുകൂല്യങ്ങൾ.

* പ്രത്യേക കുടുംബ ആനുകൂല്യങ്ങൾ : പങ്കാളിക്ക് ഒരു കോംപ്ലിമെന്ററി സീറോ ബാലൻസ് അക്കൗണ്ടും കൊച്ചുമക്കൾക്ക് രണ്ട് സീറോ ബാലൻസ് കിഡ്സ് അക്കൗണ്ടും ലഭിക്കും.

* സാധാരണയായി ഉപയോഗിക്കുന്ന 10 ബാങ്കിംഗ് സേവനങ്ങൾക്ക് സീറോ ചാർജ് : ഡെബിറ്റ് കാർഡ് ഇഷ്യു, ഡെബിറ്റ് കാർഡ് എ.എം.സി, ഇമെയിൽ അലേർട്ടുകൾ, എസ്.എം.എസ്. അലർട്ടുകൾ, എൻ.ഇ.എഫ്.ടി., ആർ.ടി.ജി.എസ്., ഡി.ഡി., ഡ്യൂപ്ലിക്കേറ്റ് പാസ്ബുക്ക്, ഡ്യൂപ്ലിക്കേറ്റ് സ്റ്റേറ്റ്മെന്റുകൾ, ബാലൻസ് ആൻഡ് പലിശ സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സേവനങ്ങൾ തികച്ചും സൗജന്യം.

* ലോക്കർ റെന്റ് ആൻഡ് ഡീമാറ്റ് എ.എം.സി. ഇളവുകൾ : ലോക്കർ വാടകയിൽ 25 ശതമാനം കിഴിവ്, ഡീമാറ്റ് അക്കൗണ്ട് തുറക്കുന്ന ആദ്യ വർഷത്തേക്ക് എ.എം.സി. ഈടാക്കുന്നതല്ല.

എസ്റ്റീം സേവിംഗ്സ് അക്കൗണ്ടിനെക്കുറിച്ചും കൂടുതലറിയാൻ, www.federalbank.co.in/esteem-savings-accoutn എന്ന ലിങ്ക് സന്ദർശിക്കുക.

# തേങ്ങാപ്പാലിൽനിന്ന് വെസ്റ്റ വീഗൻ ഐസ്ഡ്ക്രീം വിപണിയിലെത്തുന്നു

കൊച്ചി: രാജ്യത്ത് ആദ്യമായി തേങ്ങാപ്പാൽ ഉപയോഗിച്ചു നിർമിക്കുന്ന വീഗൻ ഐസ്ഡ്ക്രീം വിപണിയിലിറക്കാനൊരുങ്ങി വെസ്റ്റ. പാലും അനുബന്ധ ഉൽപന്നങ്ങളും ഒഴിവാക്കി സസ്യാധിഷ്ഠിത പാൽ ഉപയോഗിച്ച് നിർമിക്കുന്നതാണ് വീഗൻ ഐസ്ഡ്ക്രീം. മുംബൈ, തമിഴ്നാട് എന്നിവിടങ്ങളിൽ വീഗൻ ഐസ്ഡ് ക്രീം നിർമിക്കുന്നുണ്ടെങ്കിലും ഇതാദ്യമായാണ് തേങ്ങാപ്പാൽ ഉപയോഗിച്ച് നിർമിക്കുന്നത്. ഉൽപന്നം ഫെബ്രുവരി ആദ്യവാരം പുറത്തിറക്കും.

കൊച്ചിയിൽ നടക്കുന്ന ചടങ്ങിൽ വെസ്റ്റ ബ്രാൻഡ് അംബാസഡറും അഭിനേത്രിയുമായ കല്യാണി പ്രിയദർശൻ പ്രോഡക്ട് ലോഞ്ചിംഗ് നിർവഹിക്കും. വെസ്റ്റ കൊക്കോ പാം എന്ന പേരിൽ പുറത്തിറക്കുന്ന ഐസ്ഡ് ക്രീം വിവിധ രുചികളിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് അധികൃതർ പറഞ്ഞു.



കേന്ദ്രമന്ത്രി രാജ്നാഥ് സിംഗിൽനിന്ന് തേജ വി.പി. പുരസ്കാരം ഏറ്റുവാങ്ങുന്നു

# വയനാട്ടിലെ എൻസിസി കേഡറ്റിന് രക്ഷാമന്ത്രിയുടെ ഉന്നത ബഹുമതി

ന്യൂഡൽഹി: റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി നടന്ന പരിപാടികളിൽ, രക്ഷാമന്ത്രി രാജ്നാഥ് സിംഗ്, ന്യൂഡൽഹിയിലെ റിപ്പബ്ലിക് ദിന ക്യാമ്പിൽ നടന്ന ഇൻവെസ്റ്റിചർ ചടങ്ങിൽ, എൻസിസി കേഡറ്റുകളുടെ ഏറ്റവും ഉയർന്ന ബഹുമതിയായ 'രക്ഷാമന്ത്രി പദക്' അണ്ടർ ഓഫീസർ തേജ വിപിക്ക് സമ്മാനിച്ചു.

ബേബി വിപിയുടെയും സ്മിതയുടെയും മകളായ അണ്ടർ ഓഫീസർ (യുഒ) തേജ വിപി, എൻസിസി ഡയറക്ടറേറ്റിന് (കേരളം & ലക്ഷദ്വീപ്) കീഴിലുള്ള കോഴിക്കോട്ടുള്ള എൻസിസി ഗ്രൂപ്പ് ആസ്ഥാനത്തിന്റെ കീഴിലുള്ള വയനാട്ടിലെ കൽപ്പറ്റയിലെ എൻഎംഎസ്എം കോളേജിൽ ബിഎ (മാസ് കമ്മ്യൂണിക്കേഷൻ & ജേണലിസം) മൂന്നാം വർഷ വിദ്യാർത്ഥിനിയാണ്.

വയനാട്ടിലുണ്ടായ ദുരന്തത്തിൽ നിസ്വാർത്ഥ സേവനം, കർത്തവ്യബോധം, നേതൃത്വം, അങ്ങേയറ്റത്തെ കാരുണ്യം എന്നിവയ്ക്കുള്ള പ്രതിബദ്ധത കണക്കിലെടുത്താണ് അണ്ടർ ഓഫീസർ തേജ വിപിക്ക് ഈ ബഹുമതി ലഭിച്ചത്. വയനാട് മണ്ണിടിച്ചിൽ ദുരന്തസമയത്ത് 5 കേരള ബറ്റാലിയൻ എൻസിസിയുടെ കീഴിൽ സിവിൽ അതോറിറ്റിക്ക് സഹായത്തിനായി വിന്യസിക്കപ്പെട്ട തേജ, വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ ദുരിതാശ്വാസ സാമഗ്രികളുടെ വിതരണം ഏകോപിപ്പിക്കുന്നതിനും കുടിയിറക്കപ്പെട്ടവർക്കും പരിക്കേറ്റവർക്കും സഹായം നൽകുന്നതിനും തന്റെ ടീമിനൊപ്പം അക്ഷീണം പ്രവർത്തിച്ചു.

ഒരു എൻസിസി കേഡറ്റ് എന്ന നിലയിൽ, ഈ എളിയ ലക്ഷ്യത്തിന് സംഭാവന ചെയ്യാൻ അവസരം നൽകിയതിന് യുഒ തേജ വിപി, കേരള & ലക്ഷദ്വീപ് എൻസിസി ഡയറക്ടറേറ്റിന് നന്ദി പറഞ്ഞു.

# ജാവേദ് ഹബീബ് അക്കാദമി കേരളത്തിലും ആരംഭിക്കും

കൊച്ചി: തലമുടിയും മുടിയുടെ അണിയിച്ചൊരുക്കലും ഒരു കല മാത്രമല്ല വളരെ വിശാലവും വിശദവുമായ ഒരു ശാസ്ത്രം കൂടിയാണെന്ന് ഇന്ത്യയിലെ പ്രമുഖ ഹെയർ സലൂൺ ഇൻഡസ്ട്രി സെപ്ഷ്യലിസ്റ്റായ ജാവേദ് ഹബീബ് അഭിപ്രായപ്പെട്ടു.

ക്ലാമി ന്യൂയോർക്കിന്റെ സഹകരണത്തോടെ അങ്കമാലി അഡ്‌ലസ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ഹെയർ സ്പെഷ്യലിസ്റ്റുകളുടെ വർക്ക്ഷോപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ക്ലാമി ന്യൂയോർക്ക് എന്ന പേരിൽ ഹെയർ സലൂണുകൾക്കാവശ്യമായ 107ൽപ്പരം ഉൽപന്നങ്ങൾ നിർമ്മിച്ച് ഇന്ത്യയിലകമാനം വിതരണം ചെയ്തുവരുന്നു.

ആർട്ടിഫിഷ്യൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഫേസ് ടെസ്റ്റിംഗ് നടത്തി ഓരോ വ്യക്തികളുടെയും മുഖത്തിനനുയോജ്യമായ ഉൽപന്നങ്ങൾ തിരഞ്ഞെടുക്കാൻ ക്ലാമി ന്യൂയോർക്ക് ഇപ്പോൾ ഒരു സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ക്ലാമി ന്യൂയോർക്ക് ഉൽപന്നങ്ങളുടെ നിർമ്മാതാക്കളായ ക്ലാമി കോസ്മെറ്റിക് ഇന്ത്യയുടെ മാനേജിങ് ഡയറക്ടർ അനീഷ് കെ.ജോയ് ക്ലാമി ന്യൂയോർക്ക് ഉൽപന്നങ്ങൾ 3 വർഷത്തിലധികമായി വിജയകരമായി നിർമ്മിച്ച് വിതരണം ചെയ്യുവരുന്നു.



ഹെയർ സലൂൺ ഇൻഡസ്ട്രി എക്സ്പെർട്ട് ക്ലാമി കോസ്മെറ്റിക്കിന്റെ നാനോലക്സ് ഉൽപന്നം ജാവേദ് ഹബീബ് പുറത്തിറക്കുന്നു. അനീഷ് കെ.ജോയ് (മാനേജിങ് ഡയറക്ടർ, ക്ലാമി കോസ്മെറ്റിക്സ് ഇന്ത്യ) സമീപം

ക്ലാമി ന്യൂയോർക്ക് ഉൽപ്പന്നങ്ങളുടെ വിപണി മൂല്യം 1000 കോടിയിലെത്തിക്കുക എന്നതാണ് തന്റെ ലക്ഷ്യം എന്ന് അനീഷ് കെ.ജോയ് പറഞ്ഞു.

നാനൊ ലക്സ് എന്ന പേരിൽ ഒരു പുതിയ ഉൽപന്നം ഇന്ത്യയിലാദ്യമായി ചടങ്ങിൽവച്ച് ജാവേദ് ഹബീബ് പുറത്തിറക്കി.

മുടിയുടെ റിപ്പയറിങ്, സ്ട്രെങ്തിങ്, സ്മൂത്തനിംഗ്, സ്ട്രൈറ്റനിംഗ് എന്നിവയ്ക്ക് വളരെ ഉത്തമമാണ് ക്ലാമി ലക്സ് എന്ന ഈ ഉൽപന്നം.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 300ലധികം പേർ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

ദേശീയം/ വാർത്തകൾ വിശേഷങ്ങൾ

# ചെറിയ വാഹനങ്ങളെ ക്ഷേമനിധി കുടിശിഖയിൽനിന്നും ഒഴിവാക്കണം

കൊച്ചി: മോട്ടോർ തൊഴിലാളി ക്ഷേമനിധി കുടിശ്ശിഖയുടെ പേരിൽ വാഹനങ്ങളുടെ ടാക്സ് അടക്കാൻ കഴിയാതെ ചെറിയതരം പബ്ലിക് ക്യാരിയർ വാഹന ഉടമകൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലും ആശങ്കയിലുമാണെന്ന് കേരള മോട്ടോർ ആന്റ് മെക്കാനിക്കൽ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ സംസ്ഥാന സമിതി പ്രസിഡന്റ് പള്ളുരുത്തി സുബൈർ, ജനറൽ സെക്രട്ടറി രാധാകൃഷ്ണൻ കടവുങ്കൽ എന്നിവർ പറഞ്ഞു.

2022 മുതൽ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശാദായം അടക്കുന്നത് സംബന്ധിച്ച് വിവിധ കോടതികളിൽ നിലനിന്ന കേസുകളുടെ പശ്ചാത്തലത്തിൽ മുടക്കം വന്നിരുന്നു. ഇപ്പോൾ കോടതി വിലക്ക് നീങ്ങിയതോടെ അംശാദായം അടക്കേണ്ടി വന്നിരിക്കുകയാണ്. ക്ഷേമനിധി അടക്കാതെ വാഹന നികുതി സ്വീകരിക്കില്ല. ക്ഷേമനിധിയും കോടതി നടപടി കാരണം മുടക്കംവന്ന സമയത്തെ പലിശയും ചേർത്ത് വലിയ സംഖ്യയാണ് ഓരോ വാഹന ഉടമയും ബാധ്യതപ്പെട്ടിരിക്കുന്നത്. മുടക്കംവന്ന സംഖ്യ ആറു തവണയായി അടക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും ചെറിയ വാഹന ഉടമകൾക്ക് അതൊന്നും ആശ്വാസം പകരാൻ പര്യാപ്തമല്ല.

മോട്ടോർ തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. ബോർഡിൽ നിന്നും ലൈറ്റ് വാഹനങ്ങളെ ഒഴിവാക്കണം. 90 ശതമാനം ലൈറ്റ് വാഹനങ്ങളും ഉടമ തന്നെയാണ് ഓടിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഉടമയുടെയും തൊഴിലാളിയുടേയും അംശാദായം ഒരാൾ തന്നെ അടക്കണം. ഉടമ അടക്കുന്ന സംഖ്യ ഒരു ഘട്ടത്തിലും തിരിച്ചു കിട്ടുകയുമില്ല.

മോട്ടോർ തൊഴിലാളികളുടെ ക്ഷേമം സംരക്ഷിക്കപ്പെടണമെന്നകാര്യത്തിൽ സംശയമില്ല. എന്നാൽ കടുത്ത പ്രതിസന്ധിയും ബാങ്ക് ലോൺ അടക്കമുള്ള കടബാധ്യതയും നേരിടുന്ന ചെറിയ ഫോർ വീൽ വാഹനങ്ങളെ ക്ഷേമനിധി കുടിശിഖയിൽനിന്നും ഒഴിവാക്കണമെന്ന് അസോസിയേഷൻ കേരള സർക്കാരിനോട് ആവശ്യപ്പെട്ടു.

# ഇരുപതാമത് മഹീന്ദ്ര നാടക അവാർഡിന് അപേക്ഷ ക്ഷണിച്ചു

കൊച്ചി: തിയേറ്റർ മികവിനുള്ള 20മത് മഹീന്ദ്ര തിയേറ്റർ എക്സലൻസ് അവാർഡിന് ( മെറ്റ) അപേക്ഷ ക്ഷണിച്ചു. 2019 ജനുവരി 31നും 2025 ജനുവരി 15നും ഇടയിൽ ഇന്ത്യയിൽ നിർമ്മിക്കുകയും അവതരിപ്പിക്കുകയും ചെയ്ത നാടകങ്ങൾ അവാർഡിനായി സമർപ്പിക്കാവുന്നതാണ്.

മികച്ച നാടകം, മികച്ച സംവിധായകൻ, മികച്ച നടൻ (പുരുഷൻ/സ്ത്രീ), മികച്ച സഹനടൻ (പുരുഷൻ /സ്ത്രീ ), മികച്ച ഒറിജിനൽ സ്ക്രിപ്റ്റ്, മികച്ച എൻസെംബിൾ, മികച്ച സ്റ്റേജ് ഡിസൈൻ, മികച്ച ലൈറ്റിംഗ് ഡിസൈൻ, മികച്ച നവീന സൗണ്ട്/മ്യൂസിക് ഡിസൈൻ, മികച്ച വസ്ത്രാലങ്കാരം, മികച്ച കൊറിയോഗ്രഫി എന്നീ വിഭാഗങ്ങളിലാണ് അവാർഡ്. കൂടാതെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും സമ്മാനിക്കും.

ജനുവരി 30-നാണ് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി. വിശദമായ മാർഗനിർദ്ദേശങ്ങൾക്കും എൻട്രി ഓൺലൈനായി സമർപ്പിക്കുന്നതിനും മെറ്റ വെബ്സൈറ്റ് സന്ദർശിക്കുക. 20 വർഷമായി നടക്കുന്ന അവാർഡിന് ഓരോ വർഷവും 400ലധികം എൻട്രികൾ ലഭിക്കാറുണ്ട്. ഇതിൽനിന്നും തിരഞ്ഞെടുക്കുന്ന മികച്ച പത്ത് നാടകങ്ങൾ ഡൽഹിയിൽ തത്സമയം അവതരിപ്പിക്കും. വിശിഷ്ട വ്യക്തികൾ അടങ്ങിയ ജൂറി അംഗങ്ങളുടെ പാനൽ അവാർഡ് നൈറ്റിൽ ജേതാക്കളെ തിരഞ്ഞെടുക്കും.

# കർഷകരുടെ ആശങ്കകൾ പരിഹരിക്കും

## – ഉപരാഷ്ട്രപതി

ന്യൂഡൽഹി: കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയോചിതമായ പരിഹാരം ആവശ്യമാണെന്നും കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നത് വൈകിപ്പിക്കുന്നത് രാജ്യത്തിന് താങ്ങാൻ കഴിയില്ലെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. ധാർവാഡിലെ കാർഷിക ശാസ്ത്ര സർവ്വകലാശാലയിലെ അഗ്രിക്കൾച്ചർ കോളേജിൽ നടന്ന അമൃത് മഹോത്സവത്തിന്റെയും പൂർവ്വ വിദ്യാർത്ഥി സംഗമത്തിന്റെയും ഉദ്ഘാടനച്ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

അടിയന്തര ദേശീയ ശ്രദ്ധ ആവശ്യമുള്ള ഒന്നാണു കർഷകരുടെ പ്രശ്നം. കർഷികർക്ക് സാമ്പത്തിക ഭദ്രത വേണം. മുമ്പെന്നത്തേക്കാളും തടഞ്ഞു നിർത്താനാകാത്തവിധം പുരോഗതിയിലേക്കു കുതിക്കുന്ന ഈ രാജ്യത്തിനു കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നത് വൈകിപ്പിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. എല്ലാ പ്രശ്ന പരിഹാരത്തിന്റെയും കാതൽ സമയമാണ്. കർഷകരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിൽ സമയം അതിപ്രധാനമാണെന്നു ഞാൻ പറയും. സർക്കാർ ശ്രമം നടത്തുന്നുണ്ട്. പോസിറ്റീവ് മാനസികാവസ്ഥയോടെ എല്ലാവരും സമന്വയത്തിലെത്തണമെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.



ഉപരാഷ്ട്രപതി
ജഗ്ദീപ് ധൻഖർ

രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയിൽ കാർഷിക മേഖലയുടെ പ്രാധാന്യം അദ്ദേഹം എടുത്തുകാട്ടി.

കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, തുണിത്തരങ്ങൾ, ഭക്ഷണം, ഭക്ഷ്യ എണ്ണ അങ്ങനെ പലതരമുണ്ട്. അവ അഭിവൃദ്ധി പ്രാപിക്കുകയും ലാഭം ഉണ്ടാക്കുകയും ചെയ്യുന്നു. നമ്മുടെ കർഷകർക്കും ആനുപാതികമായ ലാഭം കിട്ടണം. കോർപറേറ്റ് സ്ഥാപനങ്ങൾ അവരുടെ സാമൂഹിക പ്രതിബദ്ധതാ ഫണ്ട് കർഷകരുടെ ക്ഷേമത്തിനും കാർഷിക മേഖലയുടെ ഗവേഷണത്തിനും വേണ്ടി നീക്കിവയ്ക്കണം. കാർഷികോത്പന്നങ്ങൾ അവരുടെ ജീവനാഡിയാണെന്നും അവരുടെ ഹൃദയത്തുടിപ്പു നിയന്ത്രിക്കുന്നതു കർഷകരാണെന്നും അവർ തിരിച്ചറിയണം- ഉപരാഷ്ട്രപതി പറഞ്ഞു.

മഞ്ഞൾ ബോർഡ് രൂപീകരിച്ചതിന് അദ്ദേഹം സർക്കാരിനെ പ്രശംസിച്ചു. മഞ്ഞളിന്റെ കാര്യത്തിൽ ഒരു വലിയ ചുവടുവയ്പ്പാണിത്. അഞ്ച് വർഷത്തിനകം ഉൽപ്പാദനം ഇരട്ടിയാക്കും. കയറ്റുമതി വിപണി സൃഷ്ടിക്കുന്നതിനുള്ള അനുകൂല ഇടപെടൽ ഉണ്ടാകും. കർഷകർക്ക് നേട്ടമുണ്ടാകും. കർഷകർ അതിന്റെ മൂല്യം വർദ്ധിപ്പിക്കും. ഇന്ത്യ ഗവൺമെന്റ് മഞ്ഞൾ ബോർഡ് ഉണ്ടാക്കി മഞ്ഞളിന് രോഗശാന്തി നൽകി. ഓരോ കാർഷികോൽപ്പന്നത്തിനും മൂല്യവർദ്ധനയും പ്രത്യേക പരിഗണനയും ലഭിക്കുന്നതിന് ഇത്തരം കൂടുതൽ ബോർഡുകൾ ഉണ്ടാകണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

കാർഷിക മേഖലയ്ക്ക് പരിവർത്തനം ആവശ്യമാണ്. നിരന്തരമായ പരിവർത്തനം. സാങ്കേതിക സംയോജനം. സാങ്കേതികവിദ്യ അതിവേഗം മാറുകയാണ്. അതിനുള്ള സിരാകേന്ദ്രങ്ങളായി കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മാറണം. ഓരോ കൃഷി വിജ്ഞാന കേന്ദ്രങ്ങളും സാധാരണയായി 50,000 കർഷകർക്ക് സേവനം നൽകുന്നു. ആ 50,000 പേരെ യഥാർത്ഥത്തിൽ കൃഷി വിജ്ഞാന കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചാൽ കാർഷിക മേഖലയിൽ വലിയ വിപ്ലവം തന്നെ സൃഷ്ടിക്കാനാകുമെന്ന് ഉപരാഷ്ട്രപതി കൂട്ടിച്ചേർത്തു.

# സസ്റ്റൈനബിൾ വെൽത്ത് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ച് ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ്

കൊച്ചി: സ്ഥിരവരുമാനം നേടി വളരുന്ന കമ്പനികളുടെ ഓഹരികളിൽ നിക്ഷേപിക്കുന്ന സസ്റ്റൈനബിൾ വെൽത്ത് 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ച് ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ്.

ആക്സിസ് മാക്സ് ലൈഫ് സ്വന്തമായി വികസിപ്പിച്ചെടുത്ത സുസ്ഥിര ലാഭസൂചികയെ അടിസ്ഥാനമാക്കിയാണ് ഫണ്ടിന്റെ പ്രവർത്തനം.

വിപണിയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന 50 കമ്പനികളുടെ ഓഹരികളിലാണ് ആക്സിസ് മാക്സ് ലൈഫ് സസ്റ്റൈനബിൾ വെൽത്ത് 50 ഇൻഡക്സ് ഫണ്ട് നിക്ഷേപം നടത്തുന്നത്. നിഫ്റ്റി 500 സൂചികയിൽ നിന്നും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന 50 സ്ഥാപനങ്ങളെ ഇതിനായി തെരഞ്ഞെടുക്കുന്നു. തുല്യാനുപാതത്തിൽ പ്രത്യേകം നിർണയിക്കുന്ന ഒരു സൂചികയെ അടിസ്ഥാനമാക്കിയാണ് ഫണ്ട് പ്രവർത്തിക്കുന്നത്. ഓഹരികളിൽ 80-100 ശതമാനം വരെയും വിപണിയിലെ മറ്റ് നിക്ഷേപ മാർഗങ്ങളിൽ 0-20 ശതമാനം വരെയുമാണ് നിക്ഷേപങ്ങളുടെ വിഭജനരീതി.

നിലവിൽ ആക്സിസ് മാക്സ് ലൈഫിന്റെ ഓൺലൈൻ യുലിപ് ഉൽപന്നങ്ങളായ ഓൺലൈൻ സേവിങ്സ് പ്ലാൻ, ഫ്ലെക്സി വെൽത്ത് അഡ്വാന്റേജ് പ്ലാൻ പോലുള്ളവ വഴി ഈ ഫണ്ടിൽ നിക്ഷേപിക്കാം.

ഔദ്യോഗിക ലോഞ്ചിനു ശേഷം കൂടുതൽ ഉൽപന്നങ്ങളിലേക്ക് ഫണ്ട് വ്യാപിപ്പിക്കും. നിക്ഷേപകരുടെ മാറിമാറി വരുന്ന ആവശ്യങ്ങൾക്കും വിപണിയിലെ ചലനങ്ങൾക്കുമനുസരിച്ച് ലാഭകരമായ പുതിയ നിക്ഷേപമാർഗങ്ങൾ അവതരിപ്പിക്കുന്നതിനുള്ള ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസിന്റെ ശ്രമങ്ങളുടെ ഭാഗമാണ് ഈ പുതിയ ഫണ്ടെന്ന് കമ്പനിയുടെ ഇവിപിയും ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസറുമായ സച്ചിൻ ബജാജ് പറഞ്ഞു.

## ഇന്ത്യ-സിയറ ലിയോൺ വ്യാപാര സമ്മേളനം കൊച്ചിയിൽ

# ഉഭയകക്ഷി വ്യാപാരബന്ധം ശക്തിപ്പെടുത്തും

കൊച്ചി: ഫാർമസ്യൂട്ടിക്കൽസ്, മെഡിസിൻ, ഐടി വികസനം, വ്യാവസായിക വികസനം എന്നീ മേഖലകളിൽ ഉഭയകക്ഷി വ്യാപാരബന്ധം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി ഇന്ത്യ-സിയറ ലിയോൺ വ്യാപാര സമ്മേളനം സംഘടിപ്പിച്ചു.

ഇന്ത്യ ആഫ്രിക്ക ട്രേഡ് കൗൺസിലിന്റെ (ഐഎടിസി) നേതൃത്വത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ദക്ഷിണേന്ത്യയിലെ പ്രമുഖ വ്യവസായ പ്രതിനിധികൾ പങ്കെടുത്തു.



കൊച്ചിയിൽ സംഘടിപ്പിച്ച ഇന്ത്യ-സിയറ ലിയോൺ വ്യാപാര സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ നെഹ്റു ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ചെയർമാനും മൗറീഷ്യസിലെ ട്രേഡ് കമ്മീഷണറുമായ ഡോ. കൃഷ്ണദാസ്, മലബാർ ഇന്നവേഷൻ ഓൺട്രപ്രണർഷിപ്പ് സിഇഒയും കേന്ദ്ര ആരോഗ്യ വകുപ്പ് മുൻ ഉപദേഷ്ടാവുമായ ഡോ. എ.മാധവൻ, ഐഎടിസി ട്രേഡ് കമ്മീഷണർ സി.കൃഷ്ണ ശങ്കർ, സിയറ ലിയോണിന്റെ ഇന്ത്യയിലെ ഹൈക്കമ്മീഷണർ ഹിസ് എക്സലൻസി റാഷിദ് സെസായി, ഇന്ത്യൻ ഇക്കണോമിക് ട്രേഡ് ഓർഗനൈസേഷൻ പ്രസിഡന്റ് ഡോ. ആസിഫ് ഇക്ബാൽ, ആസിയാൻ ട്രേഡ് കൗൺസിലിലെ ഇന്ത്യൻ ട്രേഡ് കമ്മീഷണർ വർക്കി പീറ്റർ, കോമൺവെൽത്ത് ട്രേഡ് കൗൺസിലിലെ ഇന്ത്യൻ ട്രേഡ് കമ്മീഷണർ ദാവൂദ് സെയ്ത് എന്നിവർ വേദിയിൽ.

ആഫ്രിക്കൻ രാജ്യമായ സിയറ ലിയോണിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതിനോടൊപ്പം ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുകയുമാണ് സമ്മേളനലക്ഷ്യം. ഇതിന്റെ ഭാഗമായി ഇന്ത്യയിലെത്തിയ സിയറ ലിയോണിന്റെ ഇന്ത്യയിലെ ഹൈക്കമ്മീഷണർ ഹിസ് എക്സലൻസി റാഷിദ് സെസായിയെയും അബുദാബിയിലെ സിയറ ലിയോൺ എംബസിയിലെ ഇൻഫർമേഷൻ അറ്റാഷെ ഉൾപ്പെടെയുള്ള നയതന്ത്ര പ്രതിനിധി സംഘത്തെയും ഇന്ത്യൻ ഇക്കണോമിക് ട്രേഡ് ഓർഗനൈസേഷൻ പ്രസിഡന്റ് ഡോ. ആസിഫ് ഇക്ബാൽ സ്വാഗതം ചെയ്തു.

ഇന്ത്യയുമായി മികച്ച വ്യാപാരബന്ധമാണ് സിയറ ലിയോണിനുള്ളതെന്ന് ഹൈകമ്മീഷണർ ഹിസ് എക്സലൻസി റാഷിദ് സെസായി പറഞ്ഞു. 'ഫാർമസ്യൂട്ടിക്കൽസ്, ഐടി വികസനം, വ്യാവസായിക വളർച്ച തുടങ്ങിയ പ്രധാന മേഖലകളിൽ അനന്ത സാധ്യതകളാണ് സിയറ ലിയോണിലുള്ളത്. ഇവ ഇന്ത്യയിലെ വ്യാപാര സമൂഹത്തിനായി തുറന്നിടുകയാണ്. വ്യാപാര ബന്ധവും സാമ്പത്തിക സഹകരണവും ശക്തിപ്പെടുത്തുന്നത് ഇരുരാജ്യങ്ങൾക്കും നേട്ടമുണ്ടാക്കുമെന്ന് അദ്ദേഹം പറഞ്ഞു.

സിയറ ലിയോണിന്റെ വികസന പ്രവർത്തനങ്ങളിൽ ഇന്ത്യയുടെ ഭാഗത്തുനിന്നുണ്ടാകുന്ന പിന്തുണയ്ക്ക് അദ്ദേഹം നന്ദി അറിയിച്ചു. ഇരുരാജ്യങ്ങളിലെയും വ്യാപാര മേഖലകളിൽ പുത്തൻ അവസരങ്ങൾ സൃഷ്ടിക്കാൻ പരസ്പര സഹകരണം കാരണമാകുമെന്ന് ഇന്ത്യൻ ഇക്കണോമിക് ട്രേഡ് ഓർഗനൈസേഷൻ പ്രസിഡന്റ് ഡോ. ആസിഫ് ഇക്ബാൽ പറഞ്ഞു.

കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ സാമ്പത്തിക മാനേജ്മെന്റ് കമ്പനിയായ ഫിനോവെസ്റ്റ് ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കൃഷ്ണ ശങ്കറിനെ ഇന്ത്യ-ആഫ്രിക്ക ട്രേഡ് കൗൺസിലിന്റെ ഓണററി ട്രേഡ് കമ്മീഷണറായി നിയമിച്ചു. അടിസ്ഥാന സൗകര്യ വികസന മേഖലയ്ക്ക് പുറമെ ഖനനം, ടൂറിസം, പോൾട്രി, ഫാർമസ്യൂട്ടിക്കൽസ് മേഖലകളിലെ ഗവേഷണങ്ങൾക്കായി പ്രതിനിധി സംഘത്തെ സിയറ ലിയോണിലേക്ക് അയക്കുമെന്ന് കൃഷ്ണ ശങ്കർ പറഞ്ഞു.

സിയറ ലിയോണുമായി ഏറ്റവും കൂടുതൽ വ്യാപാര ബന്ധം പുലർത്തുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 2019-20 കാലയളവിൽ 139.86 മില്യൺ യുഎസ് ഡോളറിന്റെ വ്യാപാരമാണ് ഇരുരാജ്യങ്ങളും തമ്മിൽ നടത്തിയത്. മരുന്നുകൾ, പ്ലാസ്റ്റിക്കുകൾ, അരി (ബസുമതി ഉൾപ്പെടാത്തത്), വ്യാവസായിക യന്ത്രങ്ങൾ എന്നിവയാണ് ഇന്ത്യ പ്രധാനമായും സിയറ ലിയോണിലേക്ക് കയറ്റുമതി ചെയ്യുന്നത്.

2019ൽ ഉപരാഷ്ട്രപതിയായിരുന്ന വെങ്കയ്യ നായിഡുവിന്റെ സിയറ ലിയോൺ സന്ദർശനത്തിൽ ഇരുരാജ്യങ്ങളും തമ്മിൽ ഉഭയകക്ഷി കരാറുകളിൽ ഒപ്പിട്ടിരുന്നു. ഇതിന്റെ ഭാഗമായി, സിയറ ലിയോണിലെ ജലസേചന പദ്ധതികൾക്കായി ഇന്ത്യ 45 മില്യൺ യുഎസ് ഡോളർ നൽകിയിരുന്നു.

കൊച്ചിയിൽ സംഘടിപ്പിച്ച ഇന്ത്യ-സിയറ ലിയോൺ വ്യാപാര സമ്മേളനത്തിൽ നെഹ്റു ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ചെയർമാനും മൗറീഷ്യസിലെ ട്രേഡ് കമ്മീഷണറുമായ ഡോ. കൃഷ്ണദാസ്, മലബാർ ഇന്നവേഷൻ ഓൺട്രപ്രണർഷിപ്പ് സിഇഒയും കേന്ദ്ര ആരോഗ്യ വകുപ്പ് മുൻ ഉപദേഷ്ടാവുമായ ഡോ. എ. മാധവൻ, ഇന്ത്യൻ ഇക്കണോമിക് ട്രേഡ് ഓർഗനൈസേഷൻ പ്രസിഡന്റ് ഡോ. ആസിഫ് ഇക്ബാൽ, ആസിയാൻ ട്രേഡ് കൗൺസിലിലെ ഇന്ത്യൻ ട്രേഡ് കമ്മീഷണർ വർക്കി പീറ്റർ, കോമൺവെൽത്ത് ട്രേഡ് കൗൺസിലിലെ ഇന്ത്യൻ ട്രേഡ് കമ്മീഷണർ ദാവൂദ് സെയ്ത്, ഐഇടിഒ കോർപറേറ്റ് റിലേഷൻസ് ഡയറക്ടർ ബെൻസി ജോർജ് എന്നിവർ പങ്കെടുത്തു.

# കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതിക്ക് തുടക്കം

കൊച്ചി: എറണാകുളത്തിന്റെ തീരപ്രദേശം കണ്ടൽ ജൈവവൈവിധ്യത്താൽ സമ്പന്നമാണ്. 46 കിലോമീറ്റർ ദൈർഘ്യംവരുന്ന തീരദേശത്തെ സംരക്ഷിച്ചുപോരുന്നതിൽ കണ്ടൽക്കാടുകൾ വലിയ പിന്തുണയാണ് നൽകുന്നത്. മണ്ണൊലിപ്പ്, കൊടുങ്കാറ്റുകൾ, വേലിയേറ്റം, സുനാമി തുടങ്ങിയവയിൽനിന്ന് തീരത്തെ സംരക്ഷിച്ച് പ്രകൃതിദത്ത സംരക്ഷകരായി കണ്ടക്കാടുകൾ പ്രവർത്തിക്കുന്നു. ഈ മേഖലയിലെ വൈവിധ്യമാർന്ന സസ്യ, ജന്തു, ജലജീവികൾക്ക് ആവാസസംരക്ഷണം കണ്ടൽക്കാടുകൾ ഒരുക്കുന്നു. എന്നാൽ, നഗരവികസനത്തിന്റെ ഭാഗമായി ആസൂത്രിതമല്ലാത്ത ഭൂവിനിയോഗവും പരിസ്ഥിതി നശീകരണവുംമൂലം ഈ ജൈവസമ്പത്ത് വലിയ വെല്ലുവിളി നേരിടുന്ന സാഹചര്യമാണ് നിലവിലുള്ളത്.



വൈപ്പിൻ കേന്ദ്രമാക്കി കണ്ടൽക്കാടുകളുടെ സൃഷ്ടിയും പരിപാലനവും നടത്തുവാനുള്ള സമ്മതപത്രം ബ്യൂമെർക്ക് ഇന്ത്യ ഫൗണ്ടേഷന്റെ ചെയർമാൻ ആർ.ബാലചന്ദ്രൻ എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ജി.എൻ.ഹരിഹരന് കൈമാറുന്നു. എംഎസ്എസ്ആർഎഫ് കേരള ഡയറക്ടർ ഡോ. വി.ഷക്കീല സമീപം.

എറണാകുളത്തിന്റെ തീരദേശ മേഖലയുടെ സംരക്ഷണ ജീവനാഡിയായ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ദുബായ്/കൊച്ചി ആസ്ഥാനമായുള്ള ബ്യൂമെർക്ക് ഗ്രൂപ്പിന്റെ ജീവകാരുണ്യ വിഭാഗമായ ബ്യൂമെർക്ക് ഇന്ത്യ ഫൗണ്ടേഷൻ കേരളത്തിലെ പരിസ്ഥിതിലോല തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി മൂന്നുവർഷത്തെ കണ്ടൽക്കാടുകളുടെ പുനരുദ്ധാരണ പദ്ധതിക്ക് ആരംഭം കുറിച്ചു.

ആദ്യഘട്ടത്തിൽ എറണാകുളം വൈപ്പിൻ തീരപ്രദേശത്തിന്റെ 10 കിലോമീറ്റർ ചുറ്റളവിലാണ് പദ്ധതി നടപ്പിലാക്കുക. ദേശീയതലത്തിൽ പ്രശസ്തമായ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ സാങ്കേതികവും ശാസ്ത്രീയവുമായ പിന്തുണ പദ്ധതിക്കുണ്ട്.

വൈപ്പിൻ ആസ്ഥാനമായി റൈസോഫോറ കണ്ടൽ ഫീൽഡ് സ്കൂൾ ആന്റ് നഴ്സറി ആരംഭിച്ചുകൊണ്ട് അതിവേഗം ക്ഷയിച്ചുവരുന്ന കണ്ടൽ സസ്യങ്ങളെ സംരക്ഷിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുക, അവബോധം വർദ്ധിപ്പിക്കുക, തീരദേശ പ്രതിരോധശേഷി ശക്തിപ്പെടുത്തുക, സമൂഹാധിഷ്ഠിത സംരക്ഷണം പ്രോഹത്സാഹിപ്പിക്കുക എന്നിവ പദ്ധതി ലക്ഷ്യമിടുന്നു.

'തീരത്തിന്റെ കാവൽക്കാർ' എന്നാണ് കണ്ടൽക്കാടുകൾ അറിയപ്പെടുന്നത്. തീരദേശ മണ്ണൊലിപ്പ് തടയുന്നതിലും പരിസ്ഥിതിലോലവും ദുർബലവുമായ പ്രദേശങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും കണ്ടൽക്കാടുകളുടെ സാന്നിധ്യംകൊണ്ട് കഴിയുന്നു. ഈ ആവാസവ്യവസ്ഥക്ക് ഒരു കോട്ടവുംതട്ടാതെ കണ്ടൽക്കാടുകളെ സംരക്ഷിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിൽ അതീവ സന്തോഷമുണ്ടെന്ന്' ചെയർമാൻ ആർ. ബാലചന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പദ്ധതിയുടെ ആദ്യവർഷം, തൈകൾ നടുന്നതിനും ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ വിതരണം ചെയ്യുന്നതിനുമായി 20,000ത്തോളം തൈകൾ തയ്യാറാക്കും. കണ്ടൽ ചെടികൾ നടുക മാത്രമല്ല തീരദേശമേഖലയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ പൊതുജനങ്ങളെ പ്രത്യേകിച്ച് യുവതലമുറയ്ക്ക് സാങ്കേതിക അവബോധം നൽകി സജ്ജരാക്കുക എന്നതുകൂടി ലക്ഷ്യംവയ്ക്കുന്നുണ്ട്.

ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബിഐഎഫിനെ പിന്തുണക്കുന്നതിനൊപ്പം ഇത്തരമൊരു പ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയ അവരെ അഭിനന്ദിക്കുകയാണെന്ന് എംഎസ്എസ്ആർഎഫ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജി.എൻ.ഹരിഹരൻ പറഞ്ഞു. ഈ മേഖലയിൽ ദേശീയതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഈ പദ്ധതിക്ക് സഹായകരമാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

എംഎസ്എസ്ആർഎഫിന്റെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസരിച്ച് 'കൊച്ചിയിലെ കണ്ടൽ മനുഷ്യൻ' എന്നറിയപ്പെടുന്ന മുരുകേശൻ ആണ് കണ്ടൽ ഫീൽഡ് സ്കൂൾ ആന്റ് നഴ്സറിക്ക് നേതൃത്വം നൽകുന്നത്. സ്കൂളിലെ അഞ്ചംഗ സംഘം ഗ്രാമപഞ്ചായത്തുകൾ, തദ്ദേശ സ്ഥാപനങ്ങൾ, തദ്ദേശവാസികൾ എന്നിവരുമായി സഹകരിച്ച് പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കും. ഭാവിയിലെ പരിസ്ഥിതി നേതാക്കളെ വളർത്തിയെടുക്കുന്നതിനുള്ള പരിശീലനവും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നതിനൊപ്പം യുവജനശേഷി വർദ്ധിപ്പിക്കുന്നതിലും സ്കൂൾ ശ്രദ്ധ കേന്ദ്രീകരിക്കും.

എംഎസ്എസ്ആർഎഫ് (ഏരിയ ഓപ്പറേഷൻസ്) എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ആർ. രംഗലക്ഷ്മി, എംഎസ്എസ്ആർഎഫ് ഡയറക്ടർ (കേരളം) ഡോ. വി.ഷക്കീല എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.



പ്രൊഫ. കെ.വി.തോമസ് രചിച്ച 'എൻെറ കുമ്പളങ്ങി' എന്ന പുസ്തകത്തിന്റെ മൂന്നാം ഭാഗം മുൻമന്ത്രി എം.എ.ബേബി പ്രകാശനം ചെയ്തപ്പോൾ. പ്രൊഫ. കെ.വി.തോമസ്, കെ. ജെ.മാക്സി എംഎൽഎ, വേണു രാജാമണി, സണ്ണിക്കുട്ടി എബ്രഹാം, ഡോമിനിക് പ്രസന്റേഷൻ എന്നിവർ സമീപം.

## പ്രൊഫ. കെ.വി.തോമസിന്റെ 'എന്റെ കുമ്പളങ്ങിക്കഥകൾ' (മൂന്നാം ഭാഗം) പ്രകാശനം ചെയ്തു

ഫോർട്ടുകൊച്ചി: മുൻ കേന്ദ്രമന്ത്രിയും മുതിർന്ന രാഷ്ട്രീയ നേതാവ് പ്രൊഫ. കെ.വി. തോമസിന്റെ കുമ്പളങ്ങിക്കഥകൾ (മൂന്നാം ഭാഗം) പ്രകാശനം ചെയ്തു.

ഫോർട്ടുകൊച്ചി ഡേവിഡ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ മുൻമന്ത്രി എം.എ. ബേബിയാണ് പുസ്തകത്തിന്റെ പ്രകാശനകർമം നിർവഹിച്ചത്. മുതിർന്ന മാധ്യമ പ്രവർത്തകൻ തോമസ് ജേക്കബ് പുസ്തകം ഏറ്റുവാങ്ങി.

കെ.ജെ.മാക്സി എംഎൽഎ അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ വേണു രാജാമണി, സണ്ണിക്കുട്ടി എബ്രഹാം, ഡോമിനിക് പ്രസന്റേഷൻ, പി.വി.ശ്രീലൻ തുടങ്ങിയവർ പങ്കെടുത്തു.

കുമ്പളങ്ങി എന്ന ദ്വീപ് ഗ്രാമത്തിന്റെ 50 വർഷംമുമ്പുള്ള കാഴ്ചകളിലേക്കാണ് കൃതി വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നത്. ഒരു ദേശത്തിൻെറ കഥ സാംസ്കാരികത്തനിമ നഷ്ടപ്പെടാതെ സൂക്ഷ്മാംശങ്ങൾ ചേർത്തെഴുതാൻ തോമസ് മാഷിന് കഴിഞ്ഞെന്ന് എം.എ.ബേബി പറഞ്ഞു.

പാട്ടുപാടി, ശുദ്ധവായു ശ്വസിച്ച്, മാനസിക സമ്മർദ്ദങ്ങളില്ലാതെ കാൽനടയായും വഞ്ചിയിലും യാത്ര ചെയ്തിരുന്ന കാലത്തെ ഒരുപാട് ഓർമ്മകളും അനുഭവങ്ങളും കോർത്തിണക്കിയാണ് കെ. വി.തോമസ് എന്റെ കുമ്പളങ്ങി കഥകൾ എന്ന പുസ്തകം രചിച്ചത്.

കൊച്ചിയിലെ തന്നെ ആദ്യത്തേതെന്ന് പറയാവുന്ന, നൂറ്റാണ്ടുകൾ പഴക്കമുള്ള വിദ്യാലയം (സെന്റ് പീറ്റേഴ്സ് സ്കൂൾ) പകർന്നുനൽകിയ അറിവും പോർച്ചുഗീസ് കോളനിയും നാരായണഗുരുവും ക്രൈസ്തവ മിഷണറിമാരും സമ്പന്നമാക്കിയ സാംസ്കാരിക പൈതൃകവുമാണ് ദ്വീപ് നിവാസികളായിരുന്ന കുമ്പളങ്ങിക്കാരുടെ അടിത്തറ. അതുവഴി രൂപപ്പെട്ട വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും സമ്പന്നതയിൽ അസൂയപൂണ്ട മറ്റു ദേശക്കാർ പറഞ്ഞുപരത്തിയ പരിഹാസ കഥകളുടെയും തദ്ദേശവാസികൾ സ്വയം മെനഞ്ഞെടുത്ത കൊച്ചുകഥകളുടെയും മനോഹര സഞ്ചയമാണ് കെ. വി. തോമസ് സമാഹരിച്ചിട്ടുള്ള എന്റെ കുമ്പളങ്ങി കഥകൾ.

ഇതിനകം അറുനൂറോളം കഥകൾ കുമ്പളങ്ങിയെകുറിച്ച് കെ.വി.തോമസ് എഴുതിയിട്ടുണ്ട്. ആറു പുസ്തകങ്ങളിലായിയാണ് അവ സമാഹരിച്ചിരിക്കുന്നത്. എന്റെ കുമ്പളങ്ങി കഥകൾ (മൂന്നാം ഭാഗം) പുസ്തകത്തിൽ 46 കഥകളുണ്ട്. നർമ്മംചാലിച്ചെഴുതിയ കഥകളുടെ ആദ്യ രണ്ടു പതിപ്പുകൾ ശ്രദ്ധേയമായിരുന്നു. തോടുകൾ റോഡാവുകയും ചെറുവീടുകൾ കോൺക്രീറ്റ് സൗധങ്ങളാവുകയും ചെയ്ത കുമ്പളങ്ങിയിലെ ഓരോ മാറ്റത്തെയുംകുറിച്ചുള്ള ചെറുകുറിപ്പുകളാണിവയെന്ന് കെ.വി.തോമസ് പറഞ്ഞു.

## വാർത്തകൾ വിശേഷങ്ങൾ

### എയർടെൽ, ജിയോ വോയ്സ് കോൾ നിരക്ക് വീണ്ടും കുറച്ചു

കൊച്ചി: ട്രായ് നിർദേശത്തിന്റെ അടിസ്ഥാനത്തിൽ റിലയൻസ് ജിയോയും ഭാരതി എയർടെലും വോയ്സ് പ്ലാനുകളുടെ നിരക്കുകൾ വീണ്ടും കുറച്ചു.

ജിയോ നേരത്തേയുള്ള 1958 രൂപയുടെ പ്ലാൻ 1748 രൂപയായി കുറച്ചു. പുതിയ പ്ലാൻ പ്രകാരം 336 ദിവസം (നേരത്തേ 365 ദിവസം) അൺലിമിറ്റഡ് വോയ്സ് കോളുകളും 3600 എസ്എംഎസും ലഭിക്കും. 458 രൂപയുടെ റീച്ചാർജ് പ്ലാൻ 448 രൂപയായും കുറച്ചു. ഇതിൽ 84 ദിവസം അൺലിമിറ്റഡ് വോയ്സ് കോളുകളും 1,000 എസ്എംഎസും കിട്ടും.

എയർടെൽ 1959 രൂപയുടെ പ്ലാൻ 1849 രൂപയായി കുറച്ചു. ഇതിൽ 365 ദിവസം അൺലിമിറ്റഡ് കോളുകളും 3600 എസ്എംഎസും ലഭിക്കും. 499 രൂപയുടെ പ്ലാൻ 469 രൂപയായും എയർടെൽ കുറച്ചു. ഇതിൽ 84 ദിവസം അൺലിമറ്റഡ് വോയ്സ് കോളുകളും 900 എസ്എംഎസും ലഭിക്കും.

വോഡഫോൺ ഐഡിയ 1460 രൂപ റീച്ചാർജിൽ 270 ദിവസം അൺലിമിറ്റഡ് വോയ്സ് കോളുകളും 100 എസ്എംഎസുമാണ് നൽകുന്നത്. ഇവർ പരിധി കഴിഞ്ഞുള്ള ലോക്കൽ എസ്എംഎസിന് ഒരു രൂപയും എസ്ടിഡി എസ്എംഎസിന് 1.5 രൂപയും ഈടാക്കും.

### പിട്ടാപ്പിള്ളിൽ ആനിവേഴ്സറി ഡബിൾ ഡിലൈറ്റ് ഓഫർ അവതരിപ്പിച്ചു

കൊച്ചി: പിട്ടാപ്പിള്ളിൽ ഏജൻസീസിന്റെ 35-ാം വാർഷികാഘോഷത്തിന് തുടക്കം. ഇതിന്റെ ഭാഗമായി പിട്ടാപ്പിള്ളിൽ ആനിവേഴ്സറി ഡബിൾ ഡിലൈറ്റ് ഓഫർ അവതരിപ്പിച്ചു.

ഗൃഹോപകരണങ്ങൾക്ക് കമ്പനി നൽകുന്ന ഒരു വർഷ വാറന്റിക്കുപുറമെ ആനിവേഴ്സറി ഓഫറായി ഒരു വർഷത്തെ അധിക വാറന്റി സൗജന്യമായി നൽകും. പഴയ ഉൽപന്നങ്ങൾ എക്സ്ചേഞ്ച് ചെയ്യുമ്പോൾ ഇരട്ടിവില നേടാം. ഗൃഹോപകരണങ്ങൾ തവണ വ്യവസ്ഥയിൽ വാങ്ങുന്നവർക്ക് ആനിവേഴ്സറി സ്പെഷൽ കാഷ്ബാക്ക് ഓഫറും ഒരുക്കിയിട്ടുണ്ട്.

ഏത് ഉൽപന്നം വാങ്ങുന്നവർക്കും ക്യു ആർ കോഡ് സ്കാൻ ചെയ്തു രജിസ്റ്റർ ചെയ്യുന്നതുവഴി ടാറ്റ ടിയാഗോ ഇലക്ട്രിക് കാർ നേടാൻ അവസരവും ലഭിക്കുന്നു.

തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ഡബിൾ ഡിലൈറ്റ് ഓഫർ പിട്ടാപ്പിള്ളിൽ ഏജൻസീസ് മാനേജിംഗ് ഡയറക്ടർ പീറ്റർ പോൾ പിട്ടാപ്പിള്ളിൽ അവതരിപ്പിച്ചു.

## "എല്ലാവരും ചായേന്റെ വെള്ളമൊക്കെ കുടിച്ച് ഉഷാറായേ, ലാൽസലാം സഖാക്കളെ..."

### ഇ.കെ.നായനാരുടെ എഐ വീഡിയോ സൂപ്പർഹിറ്റ്



തിരുവനന്തപുരം: ഡിജിറ്റൽ യുഗത്തിൽ ഓരോ നിമിഷത്തിലും ഓരോ കണ്ടുപിടുത്തങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. അക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള പുതിയ കണ്ടുപിടിത്തമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. എഐ വീഡിയോകളിലൂടെ പല ക്രിയേറ്റിവിറ്റികളും സോഷ്യൽ മീഡിയയിലൂടെ വൈറലായി മാറാറുണ്ട്.

ഇപ്പോഴിതാ സിപിഎം തങ്ങളുടെ സംസ്ഥാന സമ്മേളനത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി അന്തരിച്ച മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ വീഡിയോ എഐയിൽ തയ്യാറാക്കിയതാണ് നാട്ടാകെ പാട്ടായിരിക്കുന്നത്.

ഭരണ തുടർച്ചയെകുറിച്ച് ഇ.കെ.നായനാർ പ്രസംഗിക്കുന്ന വീഡിയോയാണ് എഐ ഉപയോഗിച്ച് നിർമ്മിച്ചത്. അടുത്തിടെ നിർമിത ബുദ്ധിയെക്കുറിച്ചുള്ള പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദന്റെ പ്രസ്താവന ഏറെ ചർച്ചയായതിന് പിന്നാലെയാണ് വീഡിയോ.

''സഖാക്കളെ നൂറു കൊല്ലം കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരില്ലെന്നല്ലേ അവർ പണ്ട് പറഞ്ഞത്. ഞാൻ മുഖ്യമന്ത്രി ആയില്ലേ. വി.എസ് ആയില്ലേ, നമ്മുടെ പിണറായിയും ആയില്ലേ. പിണറായി രണ്ടാമതും മുഖ്യമന്ത്രി ആയില്ലേ. എന്തുകൊണ്ടാണ്? ജനത്തിനു വേണ്ടത് നമ്മളെയാണ്. കർഷക തൊഴിലാളികൾക്ക് പെൻഷൻ കൊടുത്തതാരാ? കോൺഗ്രസുകാരാ, ബിജെപിക്കാരാ ? നമ്മളാ കൊടുത്തത്. ആര് പാര വച്ചാലും നമ്മൾ പോരാടണം. സംസ്ഥാന സമ്മേളനം ഉഷാറാക്കണം. നാട്ടിലെ ജനങ്ങൾ എല്ലാം നമ്മോടൊപ്പം നിൽക്കും. എല്ലാവരും ചായേന്റെ വെള്ളമൊക്കെ കുടിച്ച് ഉഷാറായേ... ലാൽ സലാം സഖാക്കളെ...'' എന്നാണ് നിർമിത ബുദ്ധി ഉപയോഗിച്ച് നിർമിച്ച വിഡിയോയിൽ ഇ.കെ. നായനാർ പറയുന്നത്. പാർട്ടിയുടെ സോഷ്യൽ ഗ്രൂപ്പുകളിൽ വളരെ പെട്ടെന്നാണ് വീഡിയോ വലിയ പ്രചാരം നേടുന്നുണ്ട്.

## യൂക്കോ ബാങ്കിന് 639 കോടി രൂപ അറ്റാദായം

കൊച്ചി: യൂക്കോ ബാങ്ക് 2024-25 സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിൽ 639 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി.

2024 ഡിസംബർ31ന് ബാങ്കിന്റെ പ്രവർത്തനലാഭം 1586 കോടി രൂപയായി.

ബാങ്കിന്റെ ആകെ ബിസിനസ് 2024 ഡിസംബർ 31 വരെ 12.28 ശതമാനം വളർച്ച രേഖപ്പെടുത്തി 4,88,911 കോടി രൂപയിലെത്തി.

ബാങ്കിന്റെ ആകെ നിഷ്ക്രിയ ആസ്തി മുമ്പർഷത്തെ 0.98 ശതമാനത്തിൽനിന്ന് 0.83 ശതമാനമായി കുറഞ്ഞു. അറ്റ പലിശവരുമാനം, പലിശേതര വരുമാനം എന്നിവയിലുണ്ടായ ഗണ്യമായ വർധനയാണ് അറ്റാദായം ഉയരാൻ കാരണമെന്ന് ബാങ്ക് എംഡിയും സിഇഒയുമായ അഷ്വനി കുമാർഅറിയിച്ചു.

2024-25 സാമ്പത്തിക വർഷത്തിലെ മൂന്നാംപാദത്തിൽ ബാങ്ക് ഓരോ മേഖലയിലും മികച്ച വളർച്ച കൈവരിച്ചതായും അദ്ദേഹം പറഞ്ഞു.



ഫെഡറൽ ബാങ്ക് കോഴിക്കോട് റീജിയണൽ മേധാവി ജോസ് മോൻ പി. ഡേവിഡ് ഇ.സന്തോഷ് കുമാറിന് പുരസ്കാരം സമ്മാനിക്കുന്നു. ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ബിന്ദു എം, എഴുത്തുകാരായ വി.ജെ.ജെയിംസ്, ബെന്യാമിൻ എന്നിവർ സമീപം

## ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം ഇ.സന്തോഷ് കുമാറിന്

കോഴിക്കോട്: മൂന്നാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം ഇ.സന്തോഷ് കുമാറിന്. തപോമയിയുടെ അച്ഛൻ എന്ന നോവലാണ് പുരസ്കാരത്തിന് അർഹമായത്. ഒരു ലക്ഷം രൂപയും ശിൽപവും അടങ്ങുന്നതാണ് പുരസ്കാരം. കോഴിക്കോട് ബീച്ചിൽ നടന്നുവരുന്ന കേരള ലിറ്ററേചർ ഫെസ്റ്റിവൽ വേദിയിൽ ബാങ്കിന്റെ കോഴിക്കോട് റീജിയണൽ മേധാവിയും വൈസ് പ്രസിഡന്റുമായ ജോസ് മോൻ പി ഡേവിഡ് പുരസ്കാരം സമ്മാനിച്ചു. എഴുത്തുകാരൻ വി.ജെ.ജെയിംസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

ഫെഡറൽ ബാങ്കിന്റെ ഈ വർഷത്തെ സാഹിത്യ പുരസ്കാരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ട്. സമകാലിക അഭയാർത്ഥി പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വ്യത്യസ്തമായ മൂന്നു പ്രമേയങ്ങളാണ് നേവൽ പ്രതിപാദിച്ചത്. അതിനാൽ തന്നെ നോവലെഴുത്ത് വെല്ലുവിളി നിറഞ്ഞതായിരുന്നു. ആ വെല്ലുവിളി വളരെ വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞു എന്നതാണ്, നോവലിന് ലഭിക്കുന്ന ഓരോ പുരസ്കാരവും തെളിയിക്കുന്നതെന്ന സന്തോഷ് കുമാർ പറഞ്ഞു.

ബെന്യാമിൻ, ഇ.വി.ഫാത്തിമ, രാഹുൽ രാധാകൃഷ്ണൻ എന്നിവരടങ്ങിയ സമിതിയാണ് പുരസ്കാരജേതാവിനെ തിരഞ്ഞെടുത്തത്. ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ബിന്ദു എം. നന്ദി പ്രകാശിപ്പിച്ചു.

## നെക്സ്റ്റ് 30 ഇടിഎഫ് അവതരിപ്പിച്ച് ഡിഎസ്പി മുച്വൽ ഫണ്ട്

കൊച്ചി: സമീപ ഭാവിയിൽ വളർച്ച കൈവരിക്കാൻ സാധ്യതയുള്ള കമ്പനികളുടെ ഓഹരികൾ തിരഞ്ഞെടുക്കാൻ അവസരമൊരുക്കി പ്രമുഖ അസറ്റ് മാനേജ്മന്റ് കമ്പനിയായ ഡിഎസ്പി മുചൽ ഫണ്ട്. നെക്സ്റ്റ് 30 ഇടിഎഫ് എന്ന പേരിൽ അവതരിപ്പിച്ച ഫണ്ടിൽ ഈമാസം 24വരെ നിക്ഷേപിക്കാം. വലിയ വിപണി മൂല്യമുള്ളതും ഭാവിയിൽ വളർച്ച കൈവരിക്കുന്നതുമായ കമ്പനികളുടെ ഓഹരികളിൽനിന്നും നിക്ഷേപകർക്ക് മികച്ച റിട്ടേണുകൾ ലഭ്യമാക്കുകയാണ് ഫണ്ടിലൂടെ ലക്ഷ്യമിടുന്നത്. സെൻസെക്സിൽ ഉൾപ്പെടാത്ത, മികച്ച പ്രകടനം നടത്താൻ സാധ്യതയുള്ള ഓഹരികളിലും നിക്ഷേപിക്കാമെന്നതാണ് നെക്സ്റ്റ് 30 ഇടിഎഫിന്റെ പ്രത്യേകത. നിക്ഷേപകർക്ക് ആകെ 30 ഓഹരികൾവരെ തിരഞ്ഞെടുക്കാം. നിക്ഷേപകർക്ക് കൂടുതൽ കാലത്തേക്ക് നേട്ടമുണ്ടാക്കാൻ സാധിക്കുന്നതാണ് നെക്സ്റ്റ് 30 ഇടിഎഫ് എന്ന് ഡിഎസ്പി മുചൽ ഫണ്ടിന്റെ ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊഡക്ട്സ് വിഭാഗം തലവൻ അനിൽ ഗെലാനി പറഞ്ഞു.




## ഭാരത് എൻസിഎപി പരിശോധനയിൽ ഫൈവ് സ്റ്റാർ റേറ്റിംഗ് നേടി സ്കോഡ കൈലാഖ്

കോട്ടയം: സ്കോഡ ഓട്ടോ ഇന്ത്യയുടെ പുതിയ എസ്‌യുവി കൈലാഖിന് ഭാരത് എൻസിഎപി പരിശോധനയിൽ ഫൈവ് സ്റ്റാർ റേറ്റിംഗ്. രാജ്യത്തിന്റെ ഔദ്യോഗിക സുരക്ഷാ പരിശോധനയിൽ പങ്കെടുക്കുന്ന ആദ്യവാഹനമാണിത്. സ്കോഡയുടെ മറ്റ് മോഡലുകളായ സ്ലാവിയ, കുഷാഖ് എന്നിവയ്ക്ക് ഗ്ലോബൽ എൻക്യാപ് പരിശോധനയിൽ മുതിർന്നവരുടെ വിഭാഗത്തിലും കുട്ടികളുടെ വിഭാഗത്തിലും 5 സ്റ്റാർ ലഭിച്ചിട്ടുണ്ട്. ആറ് എയർബാഗുകൾ, ഇലക്ട്രോണിക് സ്റ്റെബിലിറ്റി കൺട്രോൾ, റോൾ ഓവർ പ്രൊട്ടക്ഷൻ, ഹിൽ ഹോൾഡ് കൺട്രോൾ, മൾട്ടി കൊളിഷൻ ബ്രേക്കിംഗ്, എക്സ്ഡിഎസ്പ്ലസ് എന്നിവ അടിസ്ഥാന വേരിയന്റിൽ നിന്ന് സ്റ്റാൻഡേർഡായി ഉൾപ്പെടുത്തിയിട്ടുണ്ട്. സുരക്ഷ സ്കോഡ ഡിഎൻഎയിൽ അന്തർലീനമാണെന്ന് സ്കോഡ ഓട്ടോ ഇന്ത്യയുടെ ബ്രാൻഡ് ഡയറക്ടർ പീറ്റർ ജനീബ പറഞ്ഞു.

## ഇന്ത്യയെ ആഗോള ഉൽപാദന കേന്ദ്രമാക്കിയാൽ മാത്രമേ വികസിത രാഷ്ട്രമെന്ന സ്വപ്നം യാഥാർഥ്യമാകൂ

### – ഡോ. ശശി തരൂർ എംപി

കൊച്ചി: ഇന്ത്യയെ ഒരു ആഗോള ഉൽപാദന കേന്ദ്രമാക്കിയാൽ മാത്രമേ വികസിത രാഷ്ട്രമെന്ന ഇന്ത്യയുടെ എക്കാലത്തെയും വലിയ സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുകയുള്ളുവെന്ന് ഡോ. ശശി തരൂർ എംപി. കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി സംഘടിപ്പിച്ച ഇന്ത്യ ഫോർവേഡ് ടോക്ക് സീരീസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.




കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ ഇന്ത്യ ഫോർവേഡ് ടോക്ക് സീരീസിൽ ഡോ. ശശി തരൂർ എംപി മുഖ്യ പ്രഭാഷണം നടത്തുന്നു. എസ്.പി.കാമത്ത്, വിനോദിനി ശിവകുമാർ എന്നിവർ സമീപം.

ഉൽപാദനത്തിലും നവീകരണത്തിലും ലോകത്തെ നയിക്കാൻ കഴിയുന്ന അപാരമായ സാധ്യതകൾ ഇന്ത്യയ്ക്കുണ്ട്. എന്നാൽ, ഇതിനൊക്കെ തടയിടുന്ന തരത്തിലുള്ള വ്യവസ്ഥാപരമായ വെല്ലുവിളികളാണ് രാജ്യത്തുള്ളത്. അതിനെ മറികടന്നാൽ മാത്രമേ ഇന്ത്യ എക്കാലവും സ്വപനം കണ്ടു കൊണ്ടിരുന്ന വികസിത രാജ്യമെന്ന സ്വപ്നത്തിലേക്ക് നമുക്ക് എത്താൻ കഴിയുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

ഒരു ആഗോള ഉൽപ്പാദന കേന്ദ്രമായി ഉയർന്നുവരാനുള്ള കഴിവും, കാഴ്ചപ്പാടും, ശേഷിയും ഇന്ത്യയ്ക്കുണ്ട്. ആഗോള വിതരണ ശൃംഖലകൾ ചൈനക്ക് പകരമായി ഉൽപാദന കേന്ദ്രങ്ങൾ തിരയുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും. എന്നിരുന്നാലും, കർശനമായ തൊഴിൽ നിയമങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, നൈപുണ്യ വികസനത്തിന്റെ അപര്യാപ്തത എന്നിവ ഈ മേഖലയുടെ വളർച്ചയെ തടസ്സപ്പെടുത്തിയിട്ടുണ്ടെന്നും ഇത് വിയറ്റ്നാം, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾക്ക് ഈ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ പ്രാപ്തമാക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജോലി സമയം വർദ്ധിപ്പിക്കലല്ല മറിച്ച് ഡെന്മാർക്കിലേതുപോലെ തൊഴിലിടങ്ങളിലെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുകയാണ് വേണ്ടത്.

ഇന്ത്യ ഇക്കാലമത്രയും നേടിയ സാമ്പത്തിക വളർച്ചയിൽ മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയാത്തത് ഒരു വിരോധാഭാസമാണ്. ഇന്ത്യയിലെ തൊഴിൽ ശക്തിയുടെ ഏകദേശം 40 ശതമാനം ഇപ്പോഴും കാർഷിക മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനം ഏറ്റവും പരുക്കൻ ഭാവത്തിൽ മോശമാക്കി കൊണ്ടിരിക്കുന്ന ഒരു തൊഴിൽമേഖലാണ് കാർഷികവൃത്തി. ഇന്ത്യയിൽ 20 ശതമനം മാത്രമേ നിർമ്മാണ മേഖലയിലോ ഐടി പോലുള്ള ബിസിനസ് സേവനങ്ങളിലോ നിലവിൽ ജോലി ചെയ്യുന്നുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു.

അതേസമയം, പല വെല്ലുവിളികൾക്കിടയിലും, സാമ്പത്തിക നവീകരണത്തിനും സുസ്ഥിര വികസനത്തിനും കേരളം രാജ്യത്തിന് ഒരു മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു.

വളർന്നുവരുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തിയ സംസ്ഥാനത്തിന്റെ സംരംഭകത്വ മനോഭാവത്തെയും തന്ത്രപരമായ സംരംഭങ്ങളെയും അദ്ദേഹം പ്രശംസിച്ചു.



## കൊച്ചി സ്വദേശി മാധവ് കുറുപ്പ് ഹെൽമാൻ വേൾഡ് വൈഡ് ലോജിസ്റ്റിക്സ് ഗ്ലോബൽ സിഒഒ

കൊച്ചി: ഹെൽമാൻ വേൾഡ് വൈഡ് ലോജിസ്റ്റിക്സിലെ ഗ്ലോബൽ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറായി (സിഒഒ) മാധവ് കുറുപ്പിന് സ്ഥാനക്കയറ്റം. ഹെൽമാനിലെ ആഗോള സി-സ്യൂട്ട് റോളിലേക്ക് നിയമിക്കപ്പെട്ട ആദ്യത്തെ ജർമ്മൻ ഇതര വ്യക്തിയാണ് മാധവ് കുറുപ്പ്.

കമ്പനിയുടെ ആഗോള ഉത്തരവാദിത്തമുള്ള ഹെൽമാന്റെ എക്സിക്യൂട്ടീവ് മാനേജ്മെന്റ് ടീമിലെ നാല് അംഗങ്ങളിൽ ഒരാളായി അദ്ദേഹം മാറും. സിഒഒ എന്ന നിലയിൽ അദ്ദേഹം, വിമാന ചരക്ക് ഗതാഗതം, കടൽ ചരക്ക് ഗതാഗതം, കരാർ ലോജിസ്റ്റിക്സ് എന്നിവയ്ക്കായുള്ള ഗ്ലോബൽ പ്രൊഡക്ട് ഓർഗനൈസേഷന്റെ മേൽനോട്ടം വഹിക്കും.

കൊച്ചിയിൽനിന്ന് എളിയനിലയിൽ ജീവിതം ആരംഭിച്ച മാധവ് കുറുപ്പ് ലോജിസ്റ്റിക് വ്യവസായത്തിൽ മൂന്ന് പതിറ്റാണ്ടിലേറെക്കാലംകൊണ്ട് ശ്രദ്ധേയമായ കരിയർ കെട്ടിപ്പടുത്തു. കൊച്ചിയിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി തിരുവനന്തപുരത്തെ കേരള സർവകലാശാലയിൽനിന്ന് ധനകാര്യത്തിൽ ബിരുദാനന്തര ബിരുദം നേടി. വിശാഖപട്ടണത്ത്, ആസ്പിൻവാൾ, മെഴ്സ്ക് ലൈൻ ഏജൻസി ഓപ്പറേഷൻസ് എന്നിവിടങ്ങളിൽനിന്ന് ഓഫീസർ ട്രെയിനി ആയിട്ടായിരുന്നു അദ്ദേഹത്തിന്റെ പ്രൊഫഷണൽ യാത്ര ആരംഭിച്ചത്.

## എയർടെൽ ബജാജ് ഫിനാൻസുമായി സഹകരിക്കും

കൊച്ചി: വായ്പാ വിതരണരംഗത്ത് ബൃഹത്തായ ഡിജിറ്റൽ സംവിധാനമൊരുക്കുന്നതിനു ഭാരതി എയർടെലും ബജാജ് ഫിനാൻസും സഹകരിച്ച് പ്രവർത്തിക്കും. ഇതോടെ ബജാജ് ഫിനാൻസിന്റെ ഉൽപന്നങ്ങൾ എയർടെലിന്റെ 37 കോടി വരിക്കാർക്ക് ലഭിക്കും.

തുടക്കത്തിൽ എയർടെൽ താങ്ക്സ് ആപ്പിലാണ് ബജാജ് ഫിനാൻസിന്റെ ഉൽപന്നങ്ങൾ ലഭ്യമാകുക. പിന്നീട് രാജ്യത്തൊട്ടാകെയുള്ള സ്റ്റോറുകളിലും ലഭിക്കുമെന്നും അധികൃതർ അറിയിച്ചു.

## കർഷക സംഘങ്ങളുടെ തദ്ദേശീയ ഉൽപന്നങ്ങൾക്ക് വിപണി ഒരുക്കാൻ ബയർ-സെല്ലർ സംഗമം

കൊച്ചി: കർഷക ഉൽപാദക കമ്പനികൾ, സ്വയം സഹായക സംഘങ്ങൾ, ചെറുകിട സംരംഭകർ എന്നിവരുടെ തദ്ദേശീയവും ശുദ്ധവുമായ ഭക്ഷ്യ-കാർഷിക ഉൽപന്നങ്ങൾക്ക് വിപണി ലക്ഷ്യമിട്ടുള്ള മൂന്നാമത് ബയർ-സെല്ലർ സംഗമം കൊച്ചിയിൽ. ഫെബ്രുവരി ഒന്ന് മുതൽ മൂന്ന് വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന സ്ഥാപകദിനാഘോഷ മേളയിലാണ് സംഗമം.

കർഷക-സ്വയം സഹായ സംഘങ്ങൾക്ക് സൗജന്യമായി പങ്കെടുക്കാം. അവരുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വ്യാപാര-വിതരണ ഡീലുകൾ ഉറപ്പിക്കാനും അവസരമുണ്ടാകും. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ് (കെവികെ) നേതൃത്വം നൽകുന്നത്.

ഉൽപന്നങ്ങൾ വിപണിയിലിറക്കുന്നതിനുള്ള ലോഞ്ചിങ് സെഷനുകൾ, അനുഭവങ്ങൾ പങ്കിടുന്നതിനുള്ള അവസരങ്ങൾ, ഡിജിറ്റൽ മാർക്കറ്റിങ് ഉൾപ്പെടെയുള്ള പുത്തൻ വിപണന തന്ത്രങ്ങളിൽ വിദഗ്ധരുടെ ക്ലാസുകൾ എന്നിവയും സംഗമത്തിലുണ്ടാകും.

## അംഗൻവാടി, പകൽവീട്, സാംസകാരിക നിലയം നാടിന് സമർപ്പിച്ചു

കൊച്ചി: ടി.ജെ.വിനോദ് എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽനിന്നും 59 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മാണം പൂർത്തിയാക്കിയ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ 11-ാം വാർഡിൽ ചിറ്റൂർ ഫെറിക്കടുത്ത് കോളരിക്കൽ ജംഗ്ഷനിൽ സ്ഥിതി ചെയുന്ന 70-ാംനമ്പർ അങ്കണവാടി, പകൽ വീട്, സംസ്കാരിക നിലയം എന്നിവയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എംപി നിർവ്വഹിച്ചു.



70-ാംനമ്പർ അങ്കണവാടി, പകൽ വീട്, സംസ്കാരിക നിലയം എന്നിവയുടെ ഉദ്ഘാടനം ഹൈബി ഈഡൻ എംപി നിർവ്വഹിച്ചപ്പോൾ.

ഇരുനിലകളിലായി 1800 സ്ക്വയർഫീറ്റിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിൽ മുകൾ നിലയിൽ പകൽ വീടും, സാംസകാരിക നിലയവും താഴത്തെ നിലയിൽ ആധുനീക രീതിയിൽ പണിതീർത്ത ശിശു സൗഹൃദ പ്രോട്ടോകോൾ പാലിച്ചുകൊണ്ടുള്ള, വർണ്ണാഭമായ ചിത്രപ്പണികളോടുകൂടിയ ഭിത്തികൾ ഉൾപ്പടെയുള്ള രണ്ടു ഹാളുകളോടും ടോയ്‌ലറ്റ്, കിച്ചൻ സൗകര്യത്തോടും കൂടിയ അംഗൻവാടിയുമാണ് നിർമ്മിച്ചിട്ടുള്ളത്.

പ്രത്യേക വികസന നിധിയിൽനിന്നും അധിക തുക അനുവദിച്ചാണ് അംഗൻവാടിയുടെ ചുറ്റുമതിലും ഗേറ്റുമുൾപ്പടെയുള്ള സംവിധാനങ്ങൾ നിർമാണം പൂർത്തിയാക്കിയത് എന്ന് ടി.ജെ.വിനോദ് എംഎൽഎ പറഞ്ഞു.

ചടങ്ങിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേഷ്, വൈസ് പ്രസിഡന്റ് ആരിഫാ മുഹമ്മദ്, ചെയർമാൻ ഷിമ്മി ഫ്രാൻസിസ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ സ്മിത സ്റ്റാൻലി, രാജു ആഴിക്കകത്ത്, ലിസി വാര്യത്ത് ഗ്രാമപഞ്ചായത്തംഗങ്ങളായ വിൻസി ഡേറീസ്, രമ്യ തങ്കച്ചൻ, റിനി ഷോബി, മിനി വർഗീസ്, ഷീജ പി.കെ, ടി.ആർ.ഭരതൻ, ബെന്നി ഫ്രാൻസിസ്, കെ. ജെ.ജെയിംസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഷംന, ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ സുനിത, മിനി, ബീന ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

കെട്ടിട സമുച്ചയ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം സൗജന്യമായി അനുവദിച്ചു നൽകിയ കണവള്ളിൽ രാമൻ മേനോൻ, മാങ്കായിൽ ശാരദാമ്മ തുടങ്ങിയവരുടെ കുടുബാംഗങ്ങളെയും അംഗൻവാടിയിൽ ദീർഘകാലം ടീച്ചറായിരുന്ന ഗിരിജ ടീച്ചറേയും ആദരിച്ചു.

COCHIN NADAM
(An Echo of Greater Cochin) Kochi
Regn: NO. KL/CR/EKM/090/2003-2005
2025 February 20




നിർമ്മാണ നിലവാരത്തിലും വിശ്വാസ്യതയിലും ശ്രദ്ധേയമായ ചുവടുവയ്പുകൾ കാഴ്ചവയ്ക്കുന്നതിലൂടെ ഉപഭോക്താക്കളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ കേരളത്തിലെ മുൻനിര നിർമ്മാതാക്കളാണ് വീഗാലാൻഡ് ഹോംസ്.

പ്രകൃതിയും മനുഷ്യനും ഒരുമിച്ച് നിലനിൽക്കുന്ന ബയോഫിലിക് അർബൻ ലിവിംഗ് അധിഷ്ഠിതമായ സമുച്ചയങ്ങൾ നഗരങ്ങളിൽ നിർമിക്കുന്നതിലൂടെ വീഗാലാൻഡ് ഹോംസ് കൂടുതൽ പ്രശസ്തി കൈവരിച്ചുകഴിഞ്ഞു.

കാറ്റും വെളിച്ചവും മരങ്ങളും പൂച്ചെടികളും അനുവദിക്കുന്നതിന് കൂടുതൽ വായുസഞ്ചാരം, ഇൻഡോർ ചൂട് കുറയ്ക്കാൻ പോറോതെർം ബ്ലോക്കുകൾ ഉപയോഗിച്ചുള്ള നിർമ്മാണം, വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനുള്ള സൗരോർജ്ജ സംവിധാനങ്ങൾ, വിപുലമായ മഴവെള്ള സംഭരണം, കുടിവെള്ളത്തിനും മാലിന്യ നിർമാർജനത്തിനുമുള്ള കാര്യക്ഷമവും മാതൃകാപരവുമായ സംവിധാനങ്ങൾ എന്നിവ വീഗാലാൻഡ് ഹോംസിന്റെ ബയോഫിലിക് അർബൻ ഹോംസിന്റെ എടുത്തുപറയേണ്ട പ്രത്യേകതകളാണ്.

പ്രാവിണ്യം നേടിയ ഡിസൈനേഴ്സ് ടീം രൂപകൽപന ചെയ്ത ഓരോ അപ്പാർട്ട്മെന്റിനും പ്രവർത്തനക്ഷമത, ഈട്, ചാരുത എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. ഒപ്പം സമകാലിക സൗന്ദര്യശാസ്ത്രവും പ്രീമിയം ഫിനിഷുകളും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തീകരിക്കുന്നു എന്ന ട്രാക്ക് റെക്കോർഡ് നേടിയ വീഗലാൻഡ് ഹോംസ് ഇപ്പോൾ പുതുതായി ആരംഭിച്ച ഏഴ് പ്രോജക്ടുകൾ, ഒരു നടന്നുകൊണ്ടിരിക്കുന്ന വികസനം, ഒരു റെഡി-ടു-മൂവ്-ഇൻ പ്രോപ്പർട്ടി എന്നിവ അവതരിപ്പിച്ച് റെസിഡൻഷ്യൽ ജീവിതത്തിലെ അവരുടെ മികവിന്റെ യാത്ര തുടരുന്നുകൊണ്ടേയിരിക്കുന്നു.

ബയോഫിലിക് അർബൻ ലിവിംഗ് പരമ്പരയിലെ ഏറ്റവും പുതിയ പദ്ധതികളിലൊന്നാണ് എറണാകുളം തൃപ്പൂണിത്തുറയിൽ നിർമ്മാണത്തിലിരിക്കുന്ന ഏറ്റവും ഉയരം കൂടിയ ബയോഫിലിക് അർബൻ ഹോം പ്രോജക്ടായ വീഗാലാൻഡ് ഗ്രീൻ ഹൈറ്റ്സ്. ഹോം തിയേറ്ററുകൾ, കോ-വർക്കിംഗ് സ്പെയ്സുകൾ, മേൽക്കൂരയിൽ ഒരു ഗോൾഫ് മാറ്റ് തുടങ്ങിയ നിരവധി സവിശേഷതകളോടെ രണ്ട് ഏക്കർ സ്ഥലത്തായി സ്ഥിതിചെയ്യുന്ന 28 നില കെട്ടിടമാണ് ഗ്രീൻ ഹൈറ്റ്സ്. ഇൻഫിനിറ്റി പൂൾ, ഔട്ട്ഡോർ ഹാഫ്-ബാസ്ക്കറ്റ്ബോൾ കോർട്ട്, ആംഫി തിയേറ്റർ, ഫ്ളഡ്ലിറ്റ് ടെന്നീസ് കോർട്ട്, ഔട്ട്ഡോർ യോഗ ഏരിയ, ഒരു ഹെർബൽ-മെഡിസിനൽ ഗാർഡൻ എന്നിവയാണ് ഇവിടത്തെ മറ്റു സൗകര്യങ്ങൾ. 3, 4 കിടപ്പുമുറികളുള്ള 141 അപ്പാർട്ടുമെന്റുകൾ ഇവിടെ സജ്ജമായിക്കൊണ്ടിരിക്കുകയാണ്.

എറണാകുളത്തേതു കൂടാതെ വീഗാലാൻഡ് ഹോംസ് നിരവധി പുതിയ പ്രോജക്ടുകളും അവതരിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ ആക്കുളത്ത് നിർമ്മാണം ആരംഭിച്ച വീഗാലാൻഡ് ഗ്രീൻ ക്യാപിറ്റൽ ഇതിലൊന്നാണ്. 95.2 സെന്റ് പ്ലോട്ടിൽ 10 നിലകളിലായി 3, 4 കിടപ്പുമുറികളുള്ള 882 അപ്പാർട്ടുമെന്റുകൾ ഗ്രീൻ ക്യാപിറ്റലിലുണ്ട്. എയർ കണ്ടീഷൻ ചെയ്ത ഫിറ്റ്നസ് സെന്റർ, മൾട്ടി റിക്രിയേഷൻ ഹാൾ, ഇൻഡോർ ഗെയിം റൂം, ഗസ്റ്റ് റൂം, ഓപ്പൺ എയർ യോഗ സ്പേസ്, കുട്ടികൾക്കുള്ള ഇൻഡോർ ഗെയിമിംഗ് ഏരിയ, റീഡിംഗ് റൂം, ഔട്ട്ഡോർ കിഡ്സ് പ്ലേ ഏരിയ, പ്രധാന നീന്തൽക്കുളത്തിനൊപ്പം, കുട്ടികൾക്കായി പ്രത്യേക കുളം, ഹൗസ്കീപ്പർമാർക്കും ഡ്രൈവർമാർക്കും ടോയ്‌ലറ്റുകളുള്ള പ്രത്യേക വിശ്രമമുറികൾ, വീഡിയോ ഡോർ ഫോൺ, ഫർണിഷ് ചെയ്ത ലോബി, ബയോമെട്രിക് എൻട്രി സിസ്റ്റം, സന്ദർശകർക്കായി പ്രത്യേക പാർക്കിംഗ് സ്ഥലം, പൊതു സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിന് 10 കെവി സോളാർ പവർ എന്നിവ ഗ്രീൻ കാപ്പിറ്റോളിലുണ്ട്.

എറണാകുളത്തെ തൃക്കാക്കരയിൽ കളക്ടറേറ്റ്, ഐടി കേന്ദ്രങ്ങൾക്ക് സമീപത്തായി നിർമ്മാണത്തിലിരിക്കുന്ന മറ്റൊരു പദ്ധതിയാണ് വീഗാലാൻഡ് മേബെൽ. എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള മികച്ച ആഡംബര റെസിഡൻഷ്യൽ കോംപ്ലക്സായ മേബലിൽ 2, 3 ബെഡ്റൂം അപ്പാർട്ടുമെന്റുകളാണുള്ളത്. ഇടപ്പള്ളി ജംഗ്ഷൻ, കളക്ടറേറ്റ്, ഇൻഫോപാർക്ക് എന്നിവയോടടുത്ത് സ്ഥിതിചെയ്യുന്നു എന്നതാണ് മേബലിന്റെ പ്രധാന ആകർഷണം.

കുട്ടികളുടെ പൂൾ, യോഗ-റിക്രിയേഷൻ റൂം, എയർ കണ്ടീഷൻ ചെയ്ത ഫിറ്റ്നസ് സെന്റർ, ഇൻഡോർ ഗെയിംസ് ഹാൾ, മൾട്ടി-റിക്രിയേഷൻ ഹാൾ, ഗസ്റ്റ് ബെഡ്റൂം, കുട്ടികളുടെ കളിസ്ഥലം, വീട്ടുജോലിക്കാർക്കും ഡ്രൈവർമാർക്കും ടോയ്‌ലറ്റുകളുള്ള പ്രത്യേക വിശ്രമമുറികൾ, സന്ദർശകർക്ക് പ്രത്യേക പാർക്കിംഗ് സ്ഥലം എന്നിവയുൾപ്പെടെ രണ്ട് നീന്തൽക്കുളങ്ങൾ തുടങ്ങിയ നൂതന സൗകര്യങ്ങൾ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്.

ബയോഫിലിക് ശ്രേണിയിലെ മറ്റൊരു പുതിയ പ്രോജക്ടാണ് വീഗാലാൻഡ് ഗ്രീൻ ഫോർട്ട്. തൃപ്പൂണിത്തുറ ഹിൽപാലസിന് സമീപത്തായി നിർമ്മാണം പുരോഗമിക്കുന്ന ഗ്രീൻ ഫോർട്ടിൽ ഒമ്പത് നിലകളിലായി വ്യാപിച്ചുകിടക്കുന്ന 2, 3 ബെഡ്റൂമുകളുള്ള 54 അപ്പാർട്ടുമെന്റുകൾ മാത്രമാണുള്ളത്. അതുകൊണ്ടുതന്നെ സ്വകാര്യതയുടെയും ആധുനിക സൗകര്യങ്ങളുടെയും മികച്ച സംയോജനമാണ് ഗ്രീൻ ഫോർട്ട്.

കുട്ടികളുടെ പൂൾ, യോഗ-റിക്രിയേഷൻ റൂം, എയർ കണ്ടീഷൻ ചെയ്ത ഫിറ്റ്നസ് സെന്റർ, ഇൻഡോർ ഗെയിംസ് ഹാൾ, മൾട്ടി-റിക്രിയേഷൻ ഹാൾ, ഗസ്റ്റ് ബെഡ്റൂം, കുട്ടികളുടെ കളിസ്ഥലം, വീട്ടുജോലിക്കാർക്കും ഡ്രൈവർമാർക്കും ടോയ്‌ലറ്റുകളോടുകൂടിയ വിശ്രമമുറികൾ, സന്ദർശകർക്ക് പ്രത്യേക പാർക്കിംഗ് സ്ഥലം എന്നിവയുൾപ്പെടെ രണ്ട് നീന്തൽക്കുളങ്ങൾ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഗ്രീൻ ഫോർട്ടിലുണ്ട്.

കോഴിക്കോട് ചേവായൂരിൽ നിർമ്മാണത്തിലിരിക്കുന്ന പ്രീമിയം ആഡംബര പദ്ധതിയാണ് സിംഫണി. വടക്കൻ കേരളത്തിലെ വീഗാലാൻഡിന്റെ ആദ്യ പദ്ധതിയാണിത്. ആഡംബരത്തിന്റെ എല്ലാ അപൂർവതകളും ഈ റെസിഡൻഷ്യൽ കോംപ്ലക്സിലുണ്ട്. ഓരോ അപ്പാർട്ട്മെന്റിന്റെയും പ്രധാന വാതിലുകളിൽ ഇലക്ട്രിക് ലോക്ക് സിസ്റ്റവും വീഡിയോ ഡോർ ഫോൺ സിസ്റ്റവും സജ്ജീകരിച്ചിരിക്കുന്നു. ബയോഫിലിക് ഉബർ ലിവിംഗ് ആശയത്തെ അടിസ്ഥാനമാക്കി രൂപകൽപ്പന ചെയ്ത അൾട്രാ-ലക്ഷ്വറി 3 ബെഡ്റൂം അപ്പാർട്ടുമെന്റുകൾ ഈ എക്സ്ക്ലൂസീവ് പ്രോജക്ടിൽ വാഗ്ദാനം ചെയ്യുന്നു. വെറും 56 യൂണിറ്റുകൾ മാത്രമുള്ള ഇവിടെ സങ്കീർണ്ണവും ശാന്തവുമായ ജീവിതശൈലി ഉറപ്പാക്കുന്നു.

ലാൻഡ്സ്കേപ്പ് ചെയ്ത ബാർബിക്യൂ ഏരിയ, റീഡിംഗ് റൂം കം യോഗ സ്പെയ്സ്, ബ്യൂട്ടി സലൂൺ, കുട്ടികളുടെ കളിസ്ഥലം, കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേക നീന്തൽക്കുളങ്ങൾ, ഡബിൾ ഹൈറ്റ് മോഡേൺ എൻട്രി ലോബി, എയർ കണ്ടീഷൻ ചെയ്ത ഫിറ്റ്നസ് സെന്റർ, മൾട്ടി-റിക്രിയേഷൻ ഹാൾ, ഇൻഡോർ ഗെയിംസ് ഹാൾ, ഗസ്റ്റ് ബെഡ്റൂം എന്നിവയും ഇവിടെയുണ്ട്. ഡ്രൈവർമാർക്കും വീട്ടുജോലിക്കാർക്കും ടോയ്‌ലറ്റുകളുള്ള പ്രത്യേക വിശ്രമമുറികളും ഇവിടെ സജ്ജമാണ്.

തൃശൂരിലെ കുരിയച്ചിറയിലുള്ള വീഗാലാൻഡ് ഇലാൻസയാണ് നിർമ്മാണത്തിലിരിക്കുന്ന മറ്റൊരു പദ്ധതി. 2, 3, 5 ബെഡ്റൂം അപ്പാർട്ടുമെന്റുകളാണ് ഇലാൻസയിലുള്ളത്. എല്ലാത്തരം ആഡംബര സൗകര്യങ്ങളും ആകർഷകമായ സ്ഥലവും ആധുനിക നിർമ്മാണ നിലവാരവുമാണ് ഈ പദ്ധതിയുടെ ആകർഷണീയത.

എയർ കണ്ടീഷൻ ചെയ്ത ഫിറ്റ്നസ് സെന്റർ, മൾട്ടി റിക്രിയേഷൻ ഹാൾ, ഇൻഡോർ ഗെയിംസ് ഹാൾ, ഗസ്റ്റ് ബെഡ്റൂം, കുട്ടികളുടെ കളിസ്ഥലം, കുട്ടികൾക്കും മുതിർന്നവർക്കും പ്രത്യേക നീന്തൽക്കുളങ്ങൾ, വായനാമുറി, യോഗ സ്ഥലം, ഫ്ളെക്സിബിൾ ഓഫീസ് സ്ഥലം എന്നിവയും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. ഡ്രൈവർമാർക്കും വീട്ടുജോലിക്കാർക്കും ടോയ്‌ലറ്റുകളുള്ള പ്രത്യേക വിശ്രമമുറികളുമുണ്ട്.

ഇവയ്ക്കെല്ലാം പുറമേ, എറണാകുളത്തെ തൃക്കാക്കരയിൽ 2, 3 ബെഡ്റൂമോടുകൂടിയ ആഡംബര പദ്ധതിയായ വീഗാലാൻഡ് സ്പ്രിംഗ്ബെല്ലിന്റെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. കൂടാതെ തൃശൂർ ആയന്തോളിൽ വീഗാലൻഡ് തേജസ് നിർമ്മാണം പൂർത്തിയായി കൈമാറാൻ തയ്യാറായിരിക്കുകയാണ്.

വിശദാംശങ്ങൾക്കും ബുക്കിംഗിനും 9746 77 444 എന്ന നമ്പറിൽ വിളിക്കുക അല്ലെങ്കിൽ Wwww.veegaland.com സന്ദർശിക്കുക.

## കാലത്തിന്റെ പരീക്ഷണത്തെ അതിജീവിക്കുന്ന നിർമ്മിതികൾ

പരിസ്ഥിതി സൗഹൃദ രീതികൾ ഉൾപ്പെടുത്തി, താമസക്കാർക്ക് ആരോഗ്യകരവും കൂടുതൽ സുസ്ഥിരവുമായ ഭാവി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് വീഗാലാൻഡ് ഹോംസ് പദ്ധതികൾ രൂപകൽപന ചെയ്യുന്നത്. അത്യാധുനിക സൗകര്യങ്ങൾ, ഉയർന്ന നിലവാരമുള്ള സവിശേഷതകൾ എന്നിവ ഉൾക്കൊള്ളുന്ന വീടുകൾ നിർമ്മിക്കുന്നതിലൂടെ ശാശ്വത മൂല്യവും സുഖസൗകര്യങ്ങളും ഉറപ്പാക്കുന്നു. സമയബന്ധിതമായ ഡെലിവറിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചും, പരിസ്ഥിതി ഉത്തരവാദിത്വത്തോടെയും കാലത്തിന്റെ പരീക്ഷണത്തെ അതിജീവിക്കുന്നതുമായ നിർമ്മിതികളാണ് വീഗാലാൻഡ് ഹോംസ് സമർപ്പിക്കുന്നത്.

**– ബിജോയ് എബി**
പ്രോജക്ട്സ് ആൻഡ് പ്ലാനിംഗ് ഡയറക്ടർ

## നഗരജീവിത പുനർനിർവചനം: വീഗാലാൻഡ് ഹോംസ് ഒരു വഴികാട്ടി

'ബയോഫിലിക് അർബൻ ലിവിങ്ങിനോടുള്ള പ്രതിബദ്ധതയിലൂടെ കേരളത്തിലെ നഗരജീവിതത്തെ പുനർനിർവചിക്കുന്നതിൽ വീഗാലാൻഡ് ഹോംസ് ഒരു വഴികാട്ടിയായി ഉയർന്നുവന്നിട്ടുണ്ട്. സമകാലിക വാസ്തുവിദ്യാ രൂപകൽപ്പനകളുമായി പ്രകൃതിയുടെ ശാന്തതയെ തടസ്സമില്ലാതെ സമന്വയിപ്പിക്കുന്നതിലൂടെ, വീഗാലാൻഡ് ഹോംസ് സുസ്ഥിരവും യോജിപ്പുള്ളതുമായ ജീവിത പരിസ്ഥിതികൾക്ക് ഒരു മാനദണ്ഡം സ്ഥാപിച്ചു. സുസ്ഥിര ഊർജ്ജ പരിഹാരങ്ങൾ, ജല സംരക്ഷണ സാങ്കേതിക വിദ്യകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവയിലേക്കുള്ള നൂതനമായ സമീപനങ്ങളിലൂടെ, ഓരോ പ്രോജക്ടും പരിസ്ഥിതി മാനേജ്മെന്റിന്റെയും ആധുനിക സൗകര്യത്തിന്റെയും തികഞ്ഞ സംയോജനം ഉൾക്കൊള്ളുന്നു.
വീഗലാൻഡ് ഹോംസിന്റെ ഓരോ അപ്പാർട്ട്മെന്റും സൂക്ഷ്മമായ കരകൗശല വൈദഗ്ധ്യത്തിനും നൂതനമായ രൂപകൽപനയ്ക്കും സാക്ഷ്യംവഹിക്കുന്നു.

**– കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി**
ചെയർമാൻ, വീഗാലാൻഡ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്

## വിട്ടുവീഴ്ചയില്ലാത്ത നിർമ്മാണം, ഗുണനിലവാരം

'വിശ്വാസത്തിന്റെയും വിശ്വാസ്യതയുടെയും പാരമ്പര്യമാണ് വീഗാലാൻഡ് ഹോംസ് പടുത്തുയർത്തിയിട്ടുള്ളത്. നിർമ്മാണ ഘട്ടത്തിലും ഗുണനിലവാരത്തിലും യാതൊരു വിട്ടുവീഴ്ചയില്ലാതെ, കൃത്യസമയത്ത് പ്രോജക്ടുകൾ പൂർത്തിയാക്കുക എന്നത് വീഗാലാൻഡ് ഹോംസിന്റെ പ്രതിബദ്ധതയാണ്. ഒപ്പം, ഉപഭോക്താക്കളുടെ പ്രതീക്ഷകളും സ്വപ്നങ്ങളും പൂർണമായി സംരക്ഷിക്കുക എന്നതിനും വീഗാലാൻഡ് ഹോംസ് മുൻതൂക്കം നൽകുകയും ചെയ്യുന്നു. അങ്ങനെ ഓരോ കുടുംബത്തിന്റെയും സമർപ്പണത്തിനും മൂല്യങ്ങൾക്കും സാക്ഷ്യപത്രമായി നിലകൊള്ളുന്ന വീടുകൾ സൃഷ്ടിക്കുന്നതിൽ വീഗാലാൻഡ് ഹോംസ് അഭിമാനിക്കുന്നു.'

**– കുര്യൻ തോമസ്**
ഡയറക്ടർ, മാർക്കറ്റിംഗ് ആൻഡ് അഡ്മിനിസ്ട്രേഷൻ




Edited, Printed and Published by K.K.Pappukutty on behalf of cochin nadam Kaloor, Cochin 17, Mob: 9846148317, Ph: 2774610, Printed at Cochin Printech Pvt. Ltd. Eloor, Udyogamandal PO, Cochin, Kerala-683501, Ph. 0484 2547256.